032:3M772:11 F8 SREESUKAN. SANKARA PILLAI.

032:3M772 F8 11:

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE. MADRAS-1.

72:11 F8
LLAI.

032:3M772:11
F8.
91645

MUL
091645

**Madras University Library.**

DOCTRINA-VIM-PROMOVET INSITAM

Call Number 032:3M772:11 F8.

Accession Number 91645

Available for loan from

This book should be returned on or before
the date last marked below.

15 JUL 1954

22 JUL 1954

O. 61

# ശ്രീശുകൻ.

By

**M. K. SANKARA PILLAI**

**Author of**

**NARADAN**

*(The prescribed detailed Malayalam text for the S. S. L. C. Examination 1929.)*

*Revised*

*Second Edition 1000 Copies*

x

**1104**

തൃശ്ശിവപേരൂർ

സരസ്വതീവിലാസം പുസ്തകശാല

Price 9 annas) Copy right വില അണ 9

കേരളോദയം പ്രസ്സ്, തൃശ്ശിവപേരൂർ.

91645
032: 3M772
F8

# അവതാരിക:

ഓം തത് സദ് ബ്രഹ്മണെനമഃ

ഭാരതം ദീൎഘകാലമായിട്ടു വിദേശീയരായ വിമതന്മാരുടെ ആക്രമണത്തിനും, അവഹേളനത്തിനും പാത്രമായി, ഏററവും ദയനീയമായ ഒരു അവസ്ഥയെയാണ് ഇന്നു പ്രാപിച്ചിട്ടുള്ളതെന്നു പറയുന്നതു യഥാൎത്ഥംതന്നെ. ഭൌതികമായ അധഃപതനം എത്രത്തോളം വരാമോ അതിൻെറ പരമമായ കാഷ്ഠയെ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ ഈ അവസ്ഥയിൽ എത്തിയിട്ടും, ഇൻഡ്യ അക്ഷോഭ്യമായി പാരമ്പരാഗതമായി, ശാശ്വതമായിരിക്കുന്ന സ്വോൽകൎഷത്തിൽനിന്നും ലേശം പതിക്കാതെതന്നെയാണ് വൎത്തിക്കുന്നതെന്നു സാഭിമാനം പറയാവുന്നതാണ്. ഭൌതികമായ ഉൽകൎഷത്തിനൊ, അപകൎഷത്തിനൊ എന്തുചെയ്വാൻ കഴിയുമെന്ന് അവർ ചരിത്രാതീതമായ കാലത്തുതന്നെ മനസ്സിലാക്കിക്കഴിഞ്ഞു. മനുഷ്യജീവിതം ഇതിലേക്കുള്ളതല്ലെന്നും, യഥാൎത്ഥമായ ഔന്നത്യം സമ്പാദിക്കേണ്ടതിലേയ്ക്കു ഉപകരണമായി സിദ്ധിച്ചിട്ടുള്ള മനുഷ്യശരീരത്തെ നിഷ്പ്രയോജനമാക്കരുതെന്നുമാണ് ഭാരതത്തിലെ ഗുരുക്കന്മാർ ഉപദേശിച്ചിട്ടുള്ളത്.

ഇന്നു ഭാരതീയൎക്കു ധനമില്ല; ബലമില്ല; ആഡംബരമില്ല. എങ്കിലും മനുഷ്യജീവിതത്തിൻെറ വില അറിഞ്ഞിട്ടുള്ള വിദേശീയർ ഭാരതീയാചാൎയ്യന്മാരുടെ ചരണങ്ങളെ അഭയം പ്രാപിച്ചു, അവരിൽനിന്നും ജീവിതം സഫലമാക്കാനുള്ള മാൎഗ്ഗങ്ങൾ ഗ്രഹിപ്പാനാഗ്രഹിച്ചുവരുന്നു.

ഈ മാഹാത്മ്യം ഭാരതത്തിനു എവിടുന്നു സിദ്ധിച്ചു? വൈദികമതത്തിൻെറ രഹസ്യങ്ങളെ വെളിപ്പെടുത്തിയിട്ടുള്ള പരിപൂൎണ്ണന്മാരായ മഹൎഷീശ്വരന്മാരാണ് ഭാരതത്തിൻെറ ഉൽകൎഷത്തിനു ഹേതുവായിട്ടുള്ളവർ. ജീവിതത്തിൻേറയും, ആത്മാവിൻേറയും രഹസ്യങ്ങളെയും, മനുഷ്യജീവിതംകൊണ്ടു പ്രാപിക്കേ-

ണ്ടതായ പരമപദത്തേയും മനസ്സിലാക്കി സ്വയം അവിടെ എത്തിയശേഷം ഭൂതദയാപ്രേരിതരായിട്ടു, സമസ്തസൃഷ്ടങ്ങൾക്കും ആ വഴി കാണിച്ചുകൊടുപ്പാൻവേണ്ടി, ശരീരധാരണം ചെയ്തുവന്ന ആ പുണ്യപൂരുഷന്മാരാണ് ഭാരതത്തിന്റെ ശാശ്വത വിജയസ്തംഭങ്ങൾ.

ഇവർ ശരീരാഭിമാനരഹിതരായിരുന്നതുകൊണ്ടു തങ്ങളുടെ ജനനകാലം മുതലായവയെ രേഖപ്പെടുത്തിവെച്ചില്ല. അവരുടെ ശിഷ്യന്മാരും ഗുരുവിന്റെ ഇച്ഛാശക്തിക്കധീനരായിട്ടു അപ്രകാരം ചെയ്തില്ല. ഭാരതത്തിൽ ഇമ്മാതിരി ചരിത്രങ്ങൾ എഴുതുന്ന സമ്പ്രദായം നടപ്പില്ല. എന്നാൽ, ഓരോ പുരുഷകേസരികളുടെയും അപദാനങ്ങൾ, ആദർശങ്ങൾ, ഇവയെ രേഖപ്പെടുത്തുന്ന സമ്പ്രദായമാണ് ഭാരതീയർ അംഗീകരിച്ചിട്ടുള്ളത്. ഒരു പുരാണപുരുഷനെപ്പറ്റി നാം പഠിക്കേണ്ടതെന്തോ ആ ഭാഗം നമ്മുടെ ചരിത്രഗ്രന്ഥങ്ങളായ ഭാരതാദി ഇതിഹാസങ്ങളിൽ സവിസ്തരം പ്രതിപാദിച്ചുകാണും.

ഈ വക ഇതിഹാസങ്ങളിൽ പല ആശ്ചര്യസംഭവങ്ങളും പ്രായേണ അടങ്ങിയിരിക്കും. പഞ്ചേന്ദ്രിയങ്ങളുടെ പരിധിയെ അതിലംഘിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഇന്നത്തെ പാശ്ചാത്യവിദ്യാസമ്പന്നന്മാർക്കു ഇവയിൽ വിശ്വാസമുണ്ടാവുകയില്ലായിരിക്കാം. അഗസ്ത്യമഹർഷി വിന്ധ്യനെ പാദപ്രക്ഷേപംകൊണ്ടു അമർത്തി താഴ്ത്തി എന്നു പറഞ്ഞിട്ടുള്ളതിന്റെ അർത്ഥം ആര്യന്മാർ വിന്ധ്യപർവ്വതം കടന്നു തെക്കോട്ടു വ്യാപിച്ചു എന്നാണെന്നാണല്ലോ ഇവരു പഠിച്ചിരിക്കുന്നതു. എന്നാൽ അതിമാനുഷമായ പദവിയെ പ്രാപിച്ച ആ അതിമാനുഷന്മാർക്കു നമ്മുടെ ഇന്ദ്രിയങ്ങൾക്കു ആശ്ചര്യമായി തോന്നാവുന്ന കാര്യങ്ങളെല്ലാം സുകരങ്ങളായിരുന്നു. ഈ മഹർഷിമാരുടെ മാതൃഭൂമിയിൽ വന്ന്, മഹർഷിമാരുടെ സന്താനങ്ങളിൽ ദൃഢമൂലമായിരുന്ന ആസ്തിക്യവിശ്വാസത്തെ ഇളക്കിപ്പറിച്ചുകളഞ്ഞു, പകരം ഈവക സങ്കുചിതവിശ്വാസങ്ങളെ പ്രതിഷ്ഠിച്ചു. അവരു

ബന്ധമിട്ടുറപ്പിച്ചു. അവരേക്കൊണ്ടുതന്നെ തങ്ങളുടെ ആരാധനാമൂർത്തികളായിരിക്കുന്ന ഋഷീശ്വരന്മാർ കേവലം സങ്കല്പസൃഷ്ടികളാണെന്നു പറയിക്കാൻ പഠിപ്പിച്ചതാണ് ഏററവും അപിശംസനീയമായ അത്യാശ്ചര്യം.

മേൽപറഞ്ഞപ്രകാരം ഭാരതത്തിന്റെ ശാശ്വത വിജയസ്തംഭങ്ങളായി, എന്നെന്നേയ്ക്കും ഭാരതത്തെ മററു രാജ്യങ്ങളിൽനിന്നും വേർതിരിച്ചുകൊണ്ടും, നിർമ്മത്സരന്മാരായ യഥാർത്ഥജിജ്ഞാസുക്കളെ ഇതരഖണ്ഡങ്ങളിൽനിന്നും ഭാരതത്തിലേയ്ക്കു ആകർഷിച്ചുകൊണ്ടും പരിലസിക്കുന്ന മഹർഷീശ്വരന്മാരിൽ അദ്വിതീയനായ ഒരു യതീവര്യന്റെ ചരിത്രമാണ് ആലങ്ങാട്ടു എം. കെ. ശങ്കരപ്പിള്ള തന്റെ ഈ പ്രബന്ധത്തിനു വിഷയമാക്കിയിരിക്കുന്നതു. നാം-വിശേഷിച്ചും നമ്മുടെ ബാലന്മാർ-നമ്മുടെ ആദർശപുരുഷന്മാർ വെറും കല്പിതപുരുഷന്മാരാണെന്നു തള്ളിക്കളഞ്ഞിട്ട് ഓരോ യുദ്ധങ്ങളിലും മററും മരിച്ച ആളുകളുടെ എണ്ണവും, ജനനസ്ഥലം, വയസ്സ്, നീളം, വണ്ണം മുതലായവയും മററും ഉരുവിട്ടു പഠിച്ചുവരുന്ന ഇക്കാലത്തു വിശേഷിച്ചും ഇമ്മാതിരി ഉദ്യമത്തെ പ്രോത്സാഹിപ്പിക്കേണ്ടതാകുന്നു.

ഈ ഗ്രന്ഥകർത്താവു തന്റെ വ്യവസായം വീണ്ടും തുടരുകയും കേരളീയർ അതിനെ സസന്തോഷം സ്വാഗതീകരിക്കുകയും ചെയ്യുമെങ്കിൽ അതു ശുഭോദർക്കമായിവരുമെന്നുള്ളതിൽ സന്ദേഹമില്ല. യുവാവും, ഭക്താഗ്രണിയും, വിനീതനുമായ ഗ്രന്ഥകർത്താവിനു, ഉത്തമമായ സാഹിത്യപരിശ്രമത്തിൽ മേല്ക്കുമേൽ വിജയം സിദ്ധിക്കട്ടെ! അതിലേക്കു ശ്രീശുകൻ തുടങ്ങിയ ബ്രഹ്മർഷിഗണങ്ങൾ അനുഗ്രഹിക്കുമാറാകട്ടെ!

ശുഭം.

സദാനന്ദപുരം, അവധൂതാശ്രമം. }     മഹാപ്രസാദസ്വാമി,
ആത്മാനന്ദഭാരതി.

# വിഷയവിവരം.


### ഒന്നാമദ്ധ്യായം (1 മുതൽ 6 വരെ ഭാഗങ്ങൾ)

(1) ശ്രീവേദവ്യാസമഹാമുനിയുടെ തപസ്സ് (2) പരമശിവന്റെ അനുഗ്രഹം; (3) ഘൃതാചിയുടെ വരവ്; (4) ശ്രീശുകന്റെ ഉത്ഭവം; (5) ജനനാനന്തരം; (6) വിദ്യാഭ്യാസം; (7) ശുകന്റെ അപേക്ഷ; (8) പിതാവും പുത്രനും.

### രണ്ടാം അദ്ധ്യായം (7 മുതൽ 21 വരെ ഭാഗങ്ങൾ)

(9) വേദവ്യാസോപദേശം

### മൂന്നാം അദ്ധ്യായം (22 മുതൽ 34 വരെ ഭാഗങ്ങൾ)

(10) ശുകന്റെ മനോരഥവും, വ്യാസരുടെ അഭിപ്രായവും; (11) ശുകന്റെ യാത്ര; (12) വിദേഹരാജ്യസന്ദർശനം, (13) ജനകമഹാരാജാവ്, ശുകനെ പരീക്ഷിക്കുന്നത്, (14) ഒരു ദ്വാരപാലന്റെ അതിധീരത്വം, (15) ശൃംഗാരോദ്യാനം, (16) വിലാസിനിമാരുടെ മദ്ധ്യത്തിൽ ശുകന്റെ നില, (17) ശൃംഗാരം ഭക്തിയായി പരിണമിച്ചതു്, (18) ജനകൻ ശുകനെ സ്വീകരിക്കുന്നതു്, (19) ശുകന്റെ സംശയങ്ങൾ.

### നാലാം അദ്ധ്യായം (35 മുതൽ 53 വരെ ഭാഗങ്ങൾ)

(20) ജനകന്റെ പ്രഭാഷണവും, സംശയനിവൃത്തിയും, (21) വീണ്ടും ശുകന്റെ പ്രശ്നവും, ജനകന്റെ സമാധാനവും.

### അഞ്ചാം അദ്ധ്യായം (53 മുതൽ 61 വരെ ഭാഗങ്ങൾ)

(22) ശുകന്റെ ഹിമാലയയാത്ര, (23) വിഷ്ണുഭഗവാന്റെ തപോനിഷ്ഠ, (24) വിഷ്ണുവും, വേലായുധവും; (25) ശുകനും, പ്രഹ്ലാദനും; (26) തപോനിഷ്ഠനായ ശിവനെ ശുകൻ നമസ്കരിക്കുന്നത്; (27) ശുകൻ പിതാവിനെ വീണ്ടും കാണുന്നത്; (28) ശുകന്റെ ഗുരുകുലവാസം; (29) ശുകന്റെ വിവാഹം; (30) ശുകനും, സതീർത്ഥ്യന്മാരും.

### ആറാം അദ്ധ്യായം (62 മുതൽ 71 വരെ ഭാഗങ്ങൾ)

(31) വ്യാസരുടെ വിഷാദവും, നാരദന്റെ ആവിർഭാവവും; (32) വ്യാസനാരദസംഭാഷണം; (33) വേദപാരായണം; (34) വായുഭഗവാന്റെ ആനന്ദനൃത്തം; (35) വ്യാസന്റെ ആകാശഗമനം; (36) നാരദമഹാമുനി ശുകനു ഉപദേശംകൊടുക്കുന്നത്.

### ഏഴാം അദ്ധ്യായം (72 മുതൽ 83 വരെ ഭാഗങ്ങൾ)

(37) ശുകൻ മാനസസരസ്സിൽ പിതാവിനെ കാണുന്നത്; (38) ശുകൻ കൈലാസത്തിൽ ചെല്ലുന്നത്; (39) ശുകന്റെ സന്ദേശം; (40) ശുകന്റെ സമാധിയും, ആകാശഗമനവും; (41) അശരീരി, (42) ശുകന്റെ ആത്മഗതം; (43) ശുകരുടെ ബ്രഹ്മൈക്യം.

18 AUG

# ശ്രീശുകൻ.

## ഒന്നാം അദ്ധ്യായം.

യഃ സ്വാനുഭാവമഖിലശ്രുതിസാരമേക-
മദ്ധ്യാത്മദീപമതിതിതീഷ്താം തമോന്ധം
സംസാരിണാം കരുണയാഹ പുരാണഗുഹ്യം.
തം വ്യാസസൂനുമുപയാമി ഗുരും മുനീനാം.

ശ്രീമഹാഭാഗവതം

### ശ്രീവേദവ്യാസമഹാമുനിയുടെ തപസ്സ്.

മണികനകമയമായ മഹാമേരുഗിരിയുടെ മുകൾപ്പരപ്പിൽ മഹാദേവൻ ഭവാനീദേവിയൊന്നിച്ച് സസുഖം വസിച്ചുവന്നു. "ദിവ്യപാദപലതാകുസുമഫലങ്ങളാൽ സർവ്വമോഹന"നായ ആ പർവ്വതസാർവ്വഭൗമൻ പാർവ്വതീപരമേശ്വരന്മാക്ക് അനിർവ്വചനീയമായ നിർവൃതിയെ പ്രദാനംചെയ്തു. സ്ഫടികധവളവും, അമൃതസമവുമായ ജലം നിറഞ്ഞുവഴിഞ്ഞൊഴുകുന്ന സരസ്വതീനദി ഈഗിരിരാജന്റെ പാദപീഠത്തെ പ്രക്ഷാളനം ചെയ്തുകൊണ്ടത്രെ പ്രവഹിച്ചിരുന്നത്. നിതാന്താഭിരാമങ്ങളായ ആരാമങ്ങളാലും മനോഹരങ്ങളായ സരോവരങ്ങളാലും പരിവൃതമായ ആ കനകാദ്രിയുടെ ഊർദ്ധ്വപ്രദേശം എത്രയും രമണീയമായിരുന്നു. അഖണ്ഡപരിപൂർണ്ണജ്ഞാനാനന്ദാത്മകമായ അനാദ്യന്തസത്യനിത്യസ്വരൂപത്തെ സാക്ഷാത്കരിച്ചിട്ടുള്ള മഹാത്മാക്കളുടെ പാദപ്രപാതത്താൽ പവിത്രീകൃതനാകാനുള്ള മഹാഭാഗ്യവും മഹാമേരുവിനു സിദ്ധിച്ചു. യാതൊരനുഗൃഹീതാത്മാവാണോ തന്റെ രസനാരംഗത്തിൽനിന്നും അനർഗ്ഗളം നിർഗ്ഗളിക്കുന്ന ദിവ്യസൂക്തിപീയൂഷത്തിൽ ലോകത്തെ ആറാടിക്കുന്നത് — യാതൊരു വേദവേദാന്തകേസരിയുടെ ഏകാന്തചി

ന്ത്യസന്താനങ്ങളാണോ അനന്തരകാലങ്ങളിൽ അവതരിക്കാ
വുന്ന എത്ര മഹത്തരമായ തത്വങ്ങൾക്കും അധിഷ്ഠാനമൂൎത്തി
കളായിരിക്കുന്നതു്—യാതൊരു പുണ്യശ്ലോകനാണോ അതി
മേധാവികൾക്കുമാത്രം ആസ്വാദ്യസാദ്ധ്യമായിരുന്ന വേദത്തെ
ശാഖോപശാഖകളാക്കി വിഭജിച്ചു സൎവ്വലോക സ്വീകരണ
യോഗ്യമാക്കിയതു്—ആ ആത്മാരാമനായ ശ്രീവേദവ്യാസഭ
ഗവാനും മഹാമേരുവിൽ ധ്യാനനിമഗ്നനായി സ്ഥിതി ചെ
യ്തിരുന്നു. ലോകാനുഗ്രഹലോലുപനായ ആ മഹൎഷിവൎയ്യൻ
മഹാദേവന്റെ മഹിതസാന്നിദ്ധ്യത്താൽ അതിപാവനമായ
കൈലാസത്തെ പ്രാപിച്ചു് ഇങ്ങനെ ആത്മഗതം ചെയ്തു:—
സൎവ്വലോകാന്തൎയ്യാമിയായ ഭഗവൻ! നിന്തിരുവടിയുടെ മാ
ഹാത്മ്യം അവൎണ്ണനീയം തന്നെ. അഗ്നി, ഭൂമി, ജലം, വായു,
ആകാശം എന്നിവകളുടെ സൎവ്വശക്തികളും ചേൎന്നു് അതി
തേജസ്വിയായ ഒരു പുത്രൻ എനിക്കുണ്ടാകണം.

## പരമശിവന്റെ അനുഗ്രഹം.

പ്രഭാപൂരപരിവേഷ്ടിതനായ പ്രഭാതഭാനുവിനെപ്പോലെ
ജാജ്ജ്വല്യമാനനായ ആ മുനിവൎയ്യൻ നൂറു ദേവവൎഷക്കാലം
അതിഘോരമായ തപം ചെയ്തു. വ്യാസമഹൎഷിയുടെ അഭൂ
തപൂൎവ്വവും, അത്ഭുതാവഹവുമായ തപസ്സുകണ്ടു് മഹാത്മാ
ക്കളായ സകല ഋഷികളും അവിടെ വന്നുചേൎന്നു. യക്ഷ
കിന്നരഗന്ധൎവ്വസിദ്ധവിദ്യാധരാദികളും, നവഗ്രഹങ്ങളും, അ
ഷ്ടദിക്പാലകന്മാരും സത്യവതീപുത്രന്റെ അത്യുഗ്രതപ
സ്സുകണ്ടു് വിസ്മയിച്ചു. ആശ്രിതജനകാമധേനുവായ ഭഗ
വാൻ വാമദേവൻ— പാലാഴിമഥനകാലത്തിൽ ഹാ
ലാഹലംപോലും പാനംചെയ്തു് ലോകപാലനം ചെയ്ത നീല
കണ്ഠൻ—വ്യാസമഹൎഷിയുടെമുമ്പിൽ എഴുന്നള്ളി ഇപ്രകാരം
അരുളിച്ചെയ്തു. അല്ലയോ മഹൎഷേ! ഞാൻ പ്രീതനായി. അ
ങ്ങയുടെ അഭീഷ്ടപ്രകാരം അത്യുത്തമനും, അതി തേജോമയ
നുമായ ഒരു പുത്രൻ അങ്ങേക്കുണ്ടാകും. പരബ്രഹ്മസരസ്സിൽ
നിന്നും മന്ദമന്ദം പ്രവഹിക്കുന്ന പാവനകവനവാഹിനിയിൽ

അവൻ ലോകരെ ആഹ്ലാദിപ്പിക്കും, അവൻ ബ്രഹ്മത്തിൽതന്നെ ജീവിക്കുകയും, ബ്രഹ്മത്തിൽതന്നെ ആനന്ദിക്കുകയും, ബ്രഹ്മത്തിൽതന്നെ ലയിക്കുകയും ചെയ്യും. അന്തകാന്തകനായ ഭഗവാൻ ഇപ്രകാരമനുഗ്രഹിച്ച് അന്തർദ്ധാനംചെയ്തു.

ഘൃതാചിയുടെ വരവ്.

"സാക്ഷാലീശ്വരന്റെ മാംസേക്ഷണങ്ങൾ" കൊണ്ടുകണ്ടു കൌതുകംപൂണ്ട മഹർഷിയാകട്ടെ അഗ്നിയുണ്ടാക്കുവാനായി മരത്തുണ്ടുകളെ കടഞ്ഞുകൊണ്ടിരുന്നു. ഏകാഗ്രമാനസനായിരുന്ന മഹർഷിയുടെമുമ്പിൽ ഘൃതാചി എന്ന അപ്സരസ്ത്രീയും എവിടെനിന്നോ വന്നുചേർന്നു. ത്രൈലോക്യവിജയിയായ മനോഭവദേവന്റെ വിലോഭനീയങ്ങളായ വിലാസലാലസങ്ങൾക്ക് വിജയവൈജയന്തിയായി വിളങ്ങുന്ന ആ തരുണീമാണിക്യം ശരച്ചന്ദ്രികാധവളമായ ഒരു കള്ളപ്പുഞ്ചിരികൊണ്ട് മഹർഷിയെ അഭിവാദനംചെയ്തു. അവർണ്ണ്യലാവണ്യപൂർണ്ണയായ തരുണീമണിയുടെ മന്ദസ്മേരമധുരമായ മുഖം—ശൃംഗാരാമൃതസാഗരത്തിലെ തുംഗതരംഗങ്ങളിൽ കാമുകഹൃദയങ്ങളെ ചാഞ്ചാടിക്കുന്ന കടാക്ഷപാതം—മധുരാധരപുടങ്ങളിൽനിന്ന് ഇടവിടാതെ ഒഴുകിക്കൊണ്ടിരിക്കുന്ന സുധാസുന്ദരമായ ദിവ്യസംഗീതം—ഹാ! ഇവകൊണ്ട് ആവർജ്ജിക്കപ്പെടാത്ത ഹൃദയങ്ങൾ ഒരു കാലത്തുമുണ്ടായിട്ടില്ല. കർമ്മതന്ത്രക്കളരിയിൽ കച്ചകെട്ടി പേരെടുത്തിട്ടുള്ള ആ സ്വർല്ലോകവിലാസിനി—പ്രേമപീയൂഷവാഹിനിയിലെ കോമളപുളിനങ്ങളിൽ കളിച്ചു പുളയ്ക്കുന്ന കളഹംസം—തന്റെ അതിനിശിതങ്ങളായ കടാക്ഷപാതങ്ങളുടെ മായാശക്തിമൂലം സർവ്വസംഗപരിത്യാഗിയായ മഹർഷിവര്യന്റെ ഹൃദയത്തിലും അനുരാഗബീജം വിതച്ചുകഴിഞ്ഞിരിക്കുമോ? ബന്ധമോക്ഷങ്ങളുടെ സൂക്ഷ്മം ശരിക്കു കണ്ടുപിടിച്ചിട്ടുള്ള ആ ആത്മാരാമൻ ഒരപ്സരസ്ത്രീയുടെ സൌന്ദര്യകിരണധോരണിയിൽ മുങ്ങിമയങ്ങിപ്പോകുമോ? ഇല്ല. ഒരിക്കലുമില്ല. ജഗൽപിതാവിന്റെ സുകുമാരസൃഷ്ടിവൈചിത്ര്യത്തിന്നു പരമോദാഹരണമായ ആ തങ്കപ്പൂങ്കിടാവിന്റെ നവയൌവനാലംകൃതമായ കോമളക

ള്ളവരാം അദ്ദേഹത്തിന്റെ കണ്ണുകൾക്ക് കനകാഭിഷേകമായി
ത്തീൎന്നു. ദൈവികവും, പരമപാവനവുമായ അകൃത്രിമ സു
ഷമാഡംബരം അദ്ദേഹത്തിന്റെ ഹൃദയത്തെ ആകർഷിച്ചു.
എന്നാൽ ആ സമയത്തും, അതെല്ലാം ആ അനാദ്യന്ത ദിവ്യ
സൌന്ദൎയ്യത്തിന്റെ അതി പരിമിതമായ ഒരംശം മാത്രമാണെ
ന്നുള്ള അറിവ് അദ്ദേഹത്തിൽനിന്നകന്നുപോയില്ല.

ശ്രീശുകന്റെ ഉത്ഭവം.

മഹർഷിവൎയ്യന്റെ പ്രീതിക്കു താൻ പാത്രമായതോ
ൎത്തു് ഘൃതാചിക്കു യഥാൎത്ഥമായ ചാരിതാൎത്ഥ്യമുണ്ടായി.
ആ അന്യാദൃശസൗകുമാൎയ്യധാമം ലോകമോഹനമായ ശു
കരൂപം കൈക്കൊണ്ടു് വ്യാസരുടെ അരികിൽവന്നു കൂ
ത്താടിത്തുടങ്ങി. സ്വൎണ്ണവൎണ്ണമായ ചിറകുകളെ പരത്തിയും,
ഇടയ്ക്കിടെ കൊക്കുകൾകൊണ്ടു കൊത്തിയും, "പവിഴംപോ
ലെ അഴകു വഴിഞ്ഞ ചെങ്കഴൽവെച്ചു മെല്ലെമെല്ലെ ചാടിയും,
അതിമനോഹരമായി പാടിയും മുനിപുംഗവന്റെ കണ്ണും, ക
രളും കുളുൎപ്പിച്ചുകൊണ്ടു് ശുകതരുണി അദ്ദേഹത്തിന്റെ ചുററും
ലാത്തിത്തുടങ്ങി. വ്യാസർ അതേവരെ തനിക്കനുഭവപ്പെടാ
ത്തതും, വ്യാകുലാനന്ദപാരവശ്യങ്ങളോടിടചേൎന്നതും ആയ
ഒരു തീവ്രവികാരത്തിന്നധീനനായിത്തീൎന്നു. അതിനെ അട
ക്കുവാനും, തടുക്കുവാനും അദ്ദേഹം തീവ്രപരിശ്രമം ചെയ്തുനോ
ക്കി. എന്നാൽ ദൈവേച്ഛ നേരെമറിച്ചായിരുന്നു. അഗ്നിയു
ണ്ടാക്കുന്ന ജോലിയിൽത്തന്നെ വ്യാപൃതനായിരുന്നെങ്കിലും ഒടു
വിൽ അദ്ദേഹത്തിനു വീൎയ്യപാതം സംഭവിച്ചു. ഭൂമിയിൽപ
തിച്ച വീൎയ്യബിന്ദുവിൽ നിന്നു് ഒരു തേജഃപുഞ്ജം സഞ്ജാത
മായി. ഇദ്ദേഹമത്രേ ശ്രീശുകൻ.

ജനനാനന്തരം.

ലോകാഭിരാമനായ ശുകരുടെ ജനനസമയത്തിൽ ദേ
വന്മാർ കല്പകവൃക്ഷപ്പൂമലർതൂകി തങ്ങളുടെ ആഹ്ലാ
ദത്തെ പ്രദർശിപ്പിച്ചു. സുഗന്ധവാഹിയായ മന്ദപവനൻ
ഈ സന്തോഷവാൎത്തയെ നാലുദിക്കിലും പരത്തി. സൎവ്വ

ലോകപ്രതിനിധിയായ നാരദമഹാമുനി നാദബ്രഹ്മരസാനുഭൂതികരമായ വീണാനിനദത്താൽ ശുകരെ അനുമോദിച്ചു. ആനകം, ദുന്ദുഭി മുതലായ വാദ്യവിശേഷങ്ങൾ മുഴങ്ങി. തരംഗിണീശിരോമണിയായ ഗംഗാഭഗവതി മാതൃസഹജമായ വാത്സല്യത്തോടുകൂടി മേരുഗിരിയെ പ്രാപിച്ചു് തന്റെ പരിശുദ്ധജലത്താൽ ശ്രീശുകനെ സ്നാനം ചെയ്യിച്ചു. ഒരു സന്ന്യാസിയ്ക്കുചിതമായ ദണ്ഡും, കൃഷ്ണാജിനവും ആകാശദേശത്തിൽനിന്നും പെട്ടെന്നു താഴെവീണു. ഗന്ധൎവ്വന്മാർ പാട്ടുപാടി. അപ്സരസ്ത്രീകൾ നൃത്തം ചെയ്തു. സൎവ്വമംഗളദായകനായ ശൎവ്വൻ പാൎവ്വതീദേവിയൊന്നിച്ചു് ശുകരുടെ സമീപത്തിൽവന്നു. പരമാത്മാവായ പരമേശ്വരൻ ശുകനെ യജ്ഞോപവീതം ധരിപ്പിച്ചു. ശുക്രാചാൎയ്യർ മനോഹരമായ കമണ്ഡലുവും, ചില ദിവ്യവസ്ത്രങ്ങളും വ്യാസപുത്രനു സമ്മാനിച്ചു.

വിദ്യാഭ്യാസം.

വിണ്ണവരുടെ കണ്ണിലുണ്ണിയായ ശുകർ അഖണ്ഡബ്രഹ്മചൎയ്യവ്രതത്തോടുകൂടി ശുക്ലപക്ഷത്തിലെ ഓമനത്തിങ്കൾക്കിടാവെന്നവണ്ണം വളൎന്നുവന്നു. അദ്ദേഹം സൎവ്വജ്ഞനായ ബൃഹസ്പതിഭഗവാനെ തന്റെ ഗുരുവായി വരിച്ചു. ലോകപൂജിതനും, വിരക്തനുമായ ശുകർ സ്വശിഷ്യനായിത്തീൎന്നതിനാൽ ദേവഗുരുവായ ബൃഹസ്പതിക്കു് അനിൎവചനീയമായ ആനന്ദവും, പരമാൎത്ഥമായ കൃതാൎത്ഥതയുമുണ്ടായി. അദ്ദേഹം ശിഷ്യനെ പുത്രനിൎവ്വിശേഷമായ വാത്സല്യത്തോടുകൂടി വിദ്യ അഭ്യസിപ്പിച്ചു. എത്രയും ചുരുങ്ങിയകാലംകൊണ്ടു് സമസ്തവിദ്യകളും അഭ്യസിച്ചു് ഗുരുദക്ഷിണയുംകൊടുത്തു മഹാത്മാവായ ശുകർ ആശ്രമത്തിൽ തിരിച്ചെത്തി.

ശുകന്റെ അപേക്ഷ.

വിദ്യാവിനയസമ്പന്നനും, വിവേകവൈരാഗ്യസംയുതനുമായ ശുകർ താതപാദങ്ങളിൽ സാഷ്ടാംഗപ്രണാമം ചെയ്തു് ഇപ്രകാരമുണൎത്തിച്ചു. അല്ലയോ പിതാവേ! നിവൃത്തിമുഖോന്മുഖനായ എന്റെ വിനയമയമായ വചന

ങ്ങളെ അവിടന്ന് ശ്രദ്ധിക്കണേ. വേദങ്ങളും, വേദാംഗങ്ങളും, ശാസ്ത്രങ്ങളും എന്നുവേണ്ടാ എന്തെല്ലാം പഠിക്കേണ്ടതായിട്ടുണ്ടോ അതെല്ലാം ഞാൻ അവിടത്തെ അനുഗ്രഹംമൂലം അഭ്യസിച്ചു കഴിഞ്ഞിരിക്കുന്നു. യാതൊന്നിനെ അറിയുന്നതുകൊണ്ടാണോ സകലവും അറിഞ്ഞ ഫലമാകുന്നത്—അത്തരത്തിലുള്ള അറിവിനെ അനുഭവത്തിൽ വരുത്തുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. സർവ്വജ്ഞനായ അവിടത്തെ കരുണാമസൃണമായ കടാക്ഷം എന്നിലുണ്ടെങ്കിൽ ഇതെല്ലാം ഞാൻ സാധിച്ചുകൊള്ളാം. അവിടത്തെ അനുകമ്പാഭരിതമായ അനുഭാവമല്ലാതെ മറെറാരവലംബവും എനിക്കില്ല.

പിതാവും പുത്രനും.

കന്മഷഹീനനായ ആ ബ്രഹ്മചാരിയുടെ അഭ്യർത്ഥനയെ വ്യാസർ ഹൃദയപൂർവ്വം അഭിനന്ദിച്ചു. വൈദികതേജസ്വിയായ പുത്രൻെറ ആദരമേറരവും, കാര്യസാരപൂരിതവുമായ അഭിപ്രായത്തിൻെറ അമൂല്യത അദ്ദേഹത്തിനു നല്ലപോലെ മനസ്സിലായി. അദ്ദേഹത്തിൻെറ നയനങ്ങളിൽനിന്ന് ആനന്ദബാഷ്പം ധാരധാരയായി പ്രവഹിച്ചു. അപ്രതിഹതമായ ആനന്ദപാരവശ്യത്താൽ പുളകിതകളേബരനായ യോഗിവര്യൻ പുത്രനെ മാറോടണച്ച് ഗാഢമായി ആലിംഗനം ചെയ്തു. ബ്രഹ്മധ്യാനനിരതനും, പരിത്യാഗദ്രവിണനുമായ പുത്രൻെറ അഭിലാഷം സഫലമാക്കിത്തീർക്കാനുള്ള അവസരം അതുതന്നെയാണെന്നു കരുതി മഹാത്മാവായ മഹർഷി ഇപ്രകാരം അരുളിച്ചെയ്തു.

പ്രിയപുത്രാ! നിന്നിൽ തെളിഞ്ഞുവിളങ്ങുന്ന ഈ ഉത്കൃഷ്ടസ്വഭാവം ദൈവികമായിട്ടുള്ളതാകുന്നു. നീ മഹർഷിവംശനഭോമണ്ഡലത്തിന് അതിതേജോമയനായ സൂര്യനത്രേ. നിൻെറ ജനനംകൊണ്ടുമാത്രം ഭാരതമാതാവിന് ചരിതാർത്ഥയാകാൻ കഴിഞ്ഞിട്ടുണ്ട്. ആ വന്ദ്യവരേണ്യ നിന്നിൽനിന്ന് എത്ര മഹനീയമായകാര്യങ്ങളെ പ്രതീക്ഷിക്കുന്നുണ്ടെന്ന് നിനക്കറിയാമോ? ധർമ്മനിരതനായ നീ സന്മാർഗ്ഗത്തിൽനിന്നും ഒരു

ടിപോലും തെററിനടക്കയില്ലെന്നു് എനിക്കബോദ്ധ്യമുണ്ടു്. എങ്കിലും നിന്റെ ഭാവിശ്രേയസ്സിന്നാസ്പദങ്ങളായ ഏതാനും സംഗതികൾ ഞാൻ നിന്നോടു പറയാം.

## രണ്ടാം അദ്ധ്യായം

### വേദവ്യാസോപദേശം.

പരിശുദ്ധമായ ഉദ്ദേശത്തെ മുൻനിറുത്തി ജീവിതയാത്ര തുടരുന്നവൻ മാത്രമേ വിജയിയായി പരിണമിക്കുകയുള്ളു എന്ന തത്വമാണു് ഞാൻ ഒന്നാമതായി നിന്നോടുപദേശിക്കുന്നതു്. തന്റെ ഹൃദയമണ്ഡലത്തിൽ ഉത്കൃഷ്ടാദർശത്തെ പ്രതിഷ്ഠിച്ചു് ത്രിവിധകരണങ്ങളാലും, തദ്വിജയത്തിനായി പരിശ്രമിക്കുന്നവനു് ഒരുകാലത്തു് അതിന്റെ മധുരഫലം ആസ്വദിക്കാൻ ഇടവരുന്നതാണു്.

ബ്രഹ്മമാണു് നിന്റെ പ്രാപ്യസ്ഥാനം. ആ അതിപാവനമായ ഭാവനയോടുകൂടി ജീവിതയാത്ര തുടരുക. ആ വിചാരം നിന്റെ ഹൃദയാന്തർഭാഗത്തിൽ തറച്ചുകയറുകയും, സിരകളിൽ വ്യാപിക്കുകയും ചെയ്യട്ടെ. ആ പരമാദർശം ഓരോ രക്തബിന്ദുവിലും സമ്മേളിച്ചു് ശരീരം മുഴുവൻ പരക്കട്ടെ. ആ സുമുഹൂർത്തം എത്രവേഗം സന്നിഹിതമാകുന്നുവോ അത്ര എളുപ്പം നിനക്കു് നിന്റെ പ്രാപ്യസ്ഥാനത്തിൽ ചെന്നെത്താം. ജീവിതത്തിൽ സ്ഥായിയായ യാതൊരു പാവനോദ്ദേശവുമില്ലാതെ കാററത്തുപറക്കുന്ന കരിയിലപോലെ കാലം നയിക്കുന്നവനെ മനുഷ്യനെന്നു പറയുന്നതെങ്ങിനെ? അലസതാവിലസിതമായ മനോരാജ്യമൺമേടകളെ തട്ടിയുടക്കാതെ എങ്ങിനെയെങ്കിലും "ചാകുന്നതു"വരെ കഴിച്ചുകൂട്ടണമെന്നു വിചാരിച്ചു് എന്തെങ്കിലും വല്ലതും ചെയ്തു് കൃതാർത്ഥനാകുന്നവൻ ജീവിച്ചിരിപ്പുണ്ടെങ്കിലും മരിച്ചതിനൊപ്പമാണു്. സകല ഉദ്ദേശങ്ങളും, പ്രവൃത്തികളും സനാതനാനന്ദസന്ദായകമായ ആ സത്യവസ്തുവിനെ അ

ഭിമുഖീകരിച്ചതന്നെപോരകട്ടെ. ക്ഷണപ്രഭാചഞ്ചലമായ ഭോഗസുഖങ്ങൾക്കവേണ്ടി പൌരുഷത്തെ പണയംവെയ്ക്കുകയും, ശരീരത്തെ ബലികഴിയ്ക്കുകയും ചെയ്യുന്നതു് എത്രമൌഢ്യമാണെന്നാലോചിക്കുക. ദുൎഗ്ഗന്ധപൂൎണ്ണവും, വ്രണകിണിതവുമായ ചൎമ്മകണ്ഡത്തിൽ ഭ്രമിച്ചു്-"മൂത്രമാംസാമേദ്ധ്യാന്ത്രപുൽഗലപിണ്ഡ"മായ ഗാത്രത്തിൽ ഭ്രമിച്ചു്-നരകത്തിൽനിന്നു് ഒരുകാലത്തും കരകയറുവാൻ കഴിയാതെ കഷ്ടണിക്കുന്നവരുടെ കഥ എത്ര ദയനീയമാണു്? വിഷയവിഷരസം സേവിച്ചു് അകാലമൃത്യുവിന്നടിമകളായി ഇഹത്തിലും, പരത്തിലും സൽഗതികിട്ടാതെ നിത്യനരകദുഃഖം അനുഭവിക്കുന്നവരുടെ അവസ്ഥ എത്രപരിതാപകരമാണു്? താദൃശനായ മനുഷ്യനും,മൃഗത്തിനും തമ്മിൽ എന്താണുഭേദമുള്ളതു്? മൃഗങ്ങൾ സ്വതവേതന്നെ ഇന്ദ്രിയജീവികളാണെന്നൊരു സമാധാനമെങ്കിലുമുണ്ടല്ലോ. ബുദ്ധിയിലും, ആത്മാവിലും രമിക്കേണ്ട മനുഷ്യർ മൃഗങ്ങളെപ്പോലെ ഇന്ദ്രിയാരാമന്മാരായാൽ,പിന്നത്തെ കഥയെന്താണു്?

നശ്വരവും, അജ്ഞാനജനിതവുമായ ഈ ലോകത്തെ സത്തെന്നു സങ്കല്പിച്ചാരാധിക്കുന്നവൻ അത്യഗാധമായ അന്ധകാരഗൎത്തത്തിൽ ആണ്ടുപോകുന്നു. ബഹിൎല്ലോകസുഖത്തെ ജീവിതസൎവ്വസ്വമായിക്കരുതിയും, അതിനേക്കാൾ പാവനവും, മനോഹരവും, ശ്രേഷ്ഠവുമായ മറ്റൊന്നിനേയും ഒരിക്കലും അറിവാനോ, അനുഭവിപ്പാനോ അസാദ്ധ്യമെന്നു തീൎച്ചപ്പെടുത്തിയും, മുജ്ജന്മാൎജ്ജിതമായ സുകൃതപരിപാകത്താൽ പരിലബ്ധമായ മനുഷ്യജീവിതത്തെ അധഃപതിപ്പിക്കുന്നവനെ മനുഷ്യരൂപത്തിൽ ജനിച്ച മൃഗമെന്നല്ലാതെ മറ്റെന്താണു പറയേണ്ടതു്?

ഇന്ദ്രിയങ്ങളുടെ പിറകെ പാഞ്ഞുനടക്കാതെ അവയുടെ അവധിയെ അതിക്രമിപ്പാനായി ചെയ്യുന്ന പരിശ്രമം—ഭൗതികശക്തിയുടെ പിടിയെ വേർപെടുത്തി ആത്മികശക്തിയെ ആലിംഗനം ചെയ്വാനുള്ള പരിശ്രമം-ഇന്ദ്രിയാരാമത്വത്തിൽനിന്നു് ആത്മാരാമത്വത്തിലേക്കു കടക്കാനുള്ള പരിശ്രമം—മ

നുഷ്യൎക്കു ചെയ്വാൻ കഴിയുന്ന സകലവിധ പ്രയത്നങ്ങളെക്കാളും ഉത്തമോത്തമവും, പരമപാവനവുമാകുന്നു. മനസ്സിൽവെച്ചു പുലൎത്തിക്കൊണ്ടിരിക്കുന്ന തുച്ഛമായ കാമങ്ങളെ പരിത്യജിക്കുമ്പോൾ—ഇന്ദ്രിയങ്ങൾ ആത്മാവിന്റെ വിനീതദാസന്മാരായിത്തീരുമ്പോൾ മാത്രമാണ് മനുഷ്യൻ "തനിക്കുതാൻ പോന്ന"വനായിത്തീരുന്നതു്. അവനാണ് പ്രാപ്യസ്ഥാനത്തെത്താനുള്ള പ്രഥമനിശ്രേണിയെ പ്രയാസലേശം കൂടാതെ പ്രാപിക്കുന്നവൻ. സന്തോഷവും, സൗഖ്യവും ഒരിക്കലെങ്കിലും കണ്ടെത്തുവാൻ നിവൃത്തിയില്ലാത്ത പദാൎത്ഥങ്ങളിൽ മനുഷ്യൻ അവയെ കണ്ടുപിടിപ്പാൻ ബദ്ധപ്പെടുകയും, പ്രാണപ്രയാണകാലംവരെ പരിശ്രമിക്കുകയും ചെയ്യുന്നു. ആനന്ദത്തിന്റെ കണികപോലും കണികാണ്മാനില്ലാത്ത വസ്തുക്കളിൽനിന്നും ആനന്ദമനുഭവിക്കാൻ പ്രയത്നിക്കുന്ന മനുഷ്യന് ആനന്ദസ്വരൂപനായ പരമാത്മാവിനെ പ്രാപിച്ചു് ആനന്ദാമൃതം ആസ്വദിക്കുന്നതിനു സാധിക്കാതിരിക്കുന്നതു് എത്രമാത്രം ആശ്ചൎയ്യജനകമായിരിക്കുന്നു? ചൈതന്യാമൃതമായ ആത്മതത്വത്തെ അറിഞ്ഞു്, അതിൽതന്നെ രമിച്ചു്, അനശ്വരമായ ആനന്ദമനുഭവിക്കാമെന്നിരിക്കെ സ്വപ്നസമാനമായ വസ്തുക്കളുടെ പിറകെ ഓടിനടന്നു് അഗ്നിയിൽ പതിക്കുന്ന ശലഭങ്ങളെന്നോണം അധഃപതിക്കുവാൻ കാപ്പുകെട്ടിപ്പുറപ്പെടുന്ന മനുഷ്യരുടെ അജ്ഞാനജന്യമായ അന്ധതയും, അവിവേകവും ലോകത്തിന് എത്ര ഭയങ്കരമായ അനൎത്ഥമുണ്ടാക്കിത്തീൎക്കുന്നു.

സുഖത്തിനുവേണ്ടി പരിശ്രമിക്കുന്നവരിൽ ഭൂരിപക്ഷം ആളുകളും അതിന്റെ നഗ്നമായ ഒരു രൂപത്തെ സ്വപ്നംകാണുകയത്രെ ചെയ്യുന്നതു്. ക്ഷണികസുഖങ്ങളിൽ തൃപ്തിപ്പെടുന്നവന് ഒരിക്കലും നാശമില്ലാത്ത സുഖം എങ്ങനെ ലഭിക്കും? പ്രാപഞ്ചികസുഖത്തിന്റെ അപ്പുറത്തായി സ്ഥിതിചെയ്യുന്ന അപരിച്ഛിന്നവും, അനശ്വരവുമായ ആനന്ദത്തെ നീ അന്വേഷിക്കണം. ദോഷസ്പൎശലേശംപോലുമേശാത്തതും, സന്തതാനന്ദമകരന്ദം നിറഞ്ഞൊഴുകുന്നതുമായ ആ പരബ്രഹ്മവാപി

നിയിൽ നീ മഗ്നനാകണം. സകല ചരാചരങ്ങളുടേയും സ്രഷ്ടാവും, നിയന്താവും സർവ്വാന്തര്യാമിയുമായ പരമാത്മാവു ഏകനാകുന്നു. അനേകരൂപങ്ങളിൽ പ്രകാശിക്കുന്ന അഗ്നിയെന്നപോലെ ഏകനായ സത്യാത്മാവും നാനാരൂപത്തിൽ പ്രശോഭിക്കുന്നു. സകല ഭൂതങ്ങളുടേയും ആത്മാക്കളുടെ ആത്മാവും, സകല വസ്തുക്കളുടേയും പ്രകാശങ്ങളുടെ പ്രകാശവുമായ ആ ഏകപുരുഷൻ സർവ്വരൂപങ്ങളിലും പ്രകാശിച്ചുകൊണ്ടിരിക്കുന്നു. പ്രേക്ഷകന്മാരുടെ മനോഭാവമനുസരിച്ചാണ് കാഴ്ചക്ക് ഉൽകർഷാപകർഷങ്ങളുണ്ടാകുന്നത്. പ്രപഞ്ചത്തിലുള്ള ഏതൊരു പദാർത്ഥത്തിനും രൂപവും, ഗുണവും കല്പിക്കുന്നത് ചിത്തമാകുന്നു. പരിതസ്ഥിതികളെ ഉൽകൃഷ്ടമോ, നികൃഷ്ടമോ ആക്കുന്നതിനും, സമസ്പൃഷ്ടങ്ങളെ ദുഷ്ടരോ, ശിഷ്ടരോ ആക്കുന്നതിനും, ആഗമാപായികളായ അനുഭവങ്ങളെ സരസമോ, വിരസമോ ആക്കുന്നതിനും മനസ്സിനു കഴിയും. ബന്ധമോക്ഷങ്ങൾക്കു കാരണം മനസ്സുതന്നെ. മനസ്സുള്ളപ്പോൾ മൂന്നു ലോകങ്ങളുമുണ്ട്. ഇല്ലെങ്കിൽ ഒന്നുമില്ല. ഐഹിക സുഖാശാനിബിഡമായ മനസ്സ് അത്യഗാധമായ ആപൽസമുദ്രത്തിൽ അടിഞ്ഞുപോകുന്നു. പാരത്രികചിന്തൈകപരമായ ചിത്തമാകട്ടെ നിത്യാനന്ദവാഹിനിയിലെ ഉല്ലംകല്ലോലമാലകളിൽ ചാഞ്ചാടിക്കളിക്കുന്നു. നശ്വരപദാർത്ഥങ്ങളെ കുലദൈവതമായി ഗണിച്ചാരാധിക്കുന്നവൻ യാതനാപൂർണ്ണമായ വൈതരണിയെ സ്വയം സൃഷ്ടിക്കുകയാണു ചെയ്യുന്നതു. "രാഗദ്വേഷാദിദോഷദൂഷിതമായ" മനസ്സുതന്നെയാണ് സംസാരമായി ഭവിക്കുന്നതു. മനസ്സു ഏതിനെയാണോ ഭാവനചെയ്യുന്നതു സർവ്വവും അതായിട്ടുതന്നെ കാണും. കാമകിങ്കരന്മാർ കാമപൂരിതമായ ലോകത്തെത്തന്നെ സദാ കണ്ടുകൊണ്ടിരിക്കും. അവരുടെ അധിവാസം കാമവികാരാവൃതമായ ഒരന്തരീക്ഷത്തിലായിരിക്കും. ഭഗവൽഭക്തന്മാർ പ്രപഞ്ചത്തെ ഭക്തിമയമായിക്കാണുന്നു. പുണ്യവാന്മാർ അതിനെ പുണ്യമയമായിട്ടേ കരുതുന്നതു. പാപികളുടെ ലോകം എന്നും പാപകലുഷ

മായിരിക്കും. മൃഗീയമായ ആഗ്രഹങ്ങളിൽ കെട്ടിയുറപ്പിക്കു
ന്ന ജീവിതസൗധം പൂഴിയിൽ പണിചെയ്യുന്ന പ്രാസാദംപോ
ലെ അടിയോടെ തകൎന്നു നാമാവശേഷമായിപ്പോകും. ഈശ്വ
രവിശ്വാസമാകുന്ന അടിസ്ഥാനത്തിന്മേൽ നിൎമ്മിക്കപ്പെടുന്ന
ജീവിതഹൎമ്മ്യം കൊടുങ്കാറ്റിൽ കലപൎവ്വതമെന്നോണം കു
ലുങ്ങാതിരിക്കുന്നു. അതി തീവ്രമായ അശനിപാതത്തിനോ,
അത്യുഗ്രമായ ജലപ്രവാഹത്തിനോ അതിനെ ഒന്നും ചെ
യ്യാൻ കഴികയില്ല. ഇന്ദ്രിയദാസന്മാരായ വിഷയലമ്പടന്മാരു
ടെ ദുരാശാപൂൎണ്ണമായ ജീവിതസൗധം പ്രചണ്ഡമാരുതനിൽ
പെട്ട പാദപമെന്നപോലെ അരനിമിഷത്തിനുള്ളിൽ നിലം
പതിച്ചുപോകുന്നു. സമസ്ത ബാഹ്യവസ്തുക്കളുടെ ബന്ധത്തിൽ
നിന്നും തന്നെ മോചിപ്പിക്കുകയും, ശാന്തവും, അനശ്വരവു
മായ ധൎമ്മമൎമ്മത്തിൽ നിലയുറപ്പിക്കുകയും ചെയ്യുന്നവൻ പ
രമാനന്ദപദത്തിലേക്കു താനേ ഉയരുകയാണു ചെയ്യുന്നത്.
ഹൃദയസ്ഥിതമായ; സത്യസൗന്ദൎയ്യങ്ങളുടെ സൎവ്വാതിശായിയാ
യ മാഹാത്മ്യം അന്നുമാത്രമേ അവൻ അറിയുകയുള്ളൂ. അ
ജ്ഞാതവും, അദൃശ്യവുമായ ഏതോ ഒരു ദിക്കിൽ അപ്രാപ്യ
നായി സ്ഥിതിചെയ്യുന്നവനാണെന്നു അവൻ സങ്കല്പിച്ചിരുന്ന
ദൈവം അന്നും തന്റെ ഹൃദയമണ്ഡലത്തിൽ വസിച്ചിരുന്നു
വെന്നു . അപ്പോളവന്നറിയാറാകും. മനഃപ്രാണാദികളായ
കരണങ്ങളെല്ലാം ആത്മഭാസ്കരനിൽനിന്നും പുറപ്പെടുന്ന ര
ശ്മിസമൂഹങ്ങൾ മാത്രമാണെന്നും, ആത്മാവു പരിതസ്ഥിതി
കൾകൊണ്ടു വികാരത്തെ പ്രാപിക്കുന്നില്ലെന്നും അവനറിയും.

അസ്ഥിരവും, ക്ഷണികവുമായ ഈ പ്രപഞ്ചത്തിൽ വി
കാരരഹിതനായ ഈശ്വരനെ കാണുന്നവനാരോ—അനേക
രൂപമായ ലോകത്തിലെ യഥാൎത്ഥമായ ഐക്യത്തെ അറിയു
ന്നവനാരോ—തന്റെ അന്തൎയ്യാമിയായ ആത്മാവിനെ ഈ
ശ്വരനെന്നറിഞ്ഞ് സാക്ഷാത്കരിക്കുന്നവനാരോ—അവനാ
ണ് ഈ ലോകത്തെ സമാധാനസുരഭിലവും, സുഗമസുന്ദരവു
മാക്കിത്തീൎക്കുന്നത്. തന്റെ കൎമ്മത്തിനുത്തരവാദി താൻതാ

ന്നായാണെന്നു് ഏതവൻ മനസ്സിലാക്കുന്നു—തനിക്കു ഗുണവും, ദോഷവും, ബന്ധവും, മോക്ഷവും നല്കുവാൻ ശക്തനായ ദൈവം താൻതന്നെയാണെന്നു് നിരഹങ്കാരിയായ ഏതൊരു വിനീതൻ മനസ്സിലാക്കുന്നു—താൻ ജനനമോ, മരണമോ ഇല്ലാത്ത കേവലനായ സച്ചിദാനന്ദസ്വരൂപിയാണെന്നു് നിർമ്മമനായ ഏതൊരു ധീരകേസരി അറിഞ്ഞുണരുന്നു—അവനെയാണു് തന്നത്താൻ അറിഞ്ഞവനെന്നു പറയുന്നതു്. ഈ ലോകത്തിൽ സുഖകരമായിത്തോന്നുന്നതെല്ലാം യഥാർത്ഥസുഖത്തിന്റെ അതിപരിമിതമായ ഒരംശം മാത്രമേ ആകുന്നുള്ളുവെന്നും, ഈ ലോകത്തിൽ സൗന്ദര്യമെന്നു തോന്നുന്നതെല്ലാം ആ അപരിച്ഛിന്നമായ യഥാർത്ഥദിവ്യസൗന്ദര്യത്തിന്റെ അസംസ്കൃതമായ ഒരംശം മാത്രമേ ആകുന്നുള്ളുവെന്നും യാതൊരുത്തൻ അറിയുന്നുവോ അവനും പരമാർത്ഥസാരത്തിൽ ഒരംശം അറിഞ്ഞവനാകുന്നു. അശരീരനാണെങ്കിലും ശരീരത്തിൽ വസിക്കുന്നവനും, അനന്തനാണെങ്കിലും ദിഗന്തത്തിൽ സ്ഥിതിചെയ്യുന്നവനും, അണുക്കളേക്കാൾ അണുവെങ്കിലും മഹത്തുകളേക്കാൾ മഹത്തരനും, പാപികളിൽ തിരോഹിതനെങ്കിലും സുകൃതികളിൽ പ്രകാശിതനും, സദാ നിർമ്മലനും, അഖണ്ഡപരിപൂർണ്ണനും ആയ ആത്മാവിനെ അറിയുന്നവനു് മറ്റൊന്നും അറിയേണ്ടതായിട്ടില്ല. ശബ്ദസ്പർശരൂപരസാദികളിൽനിന്നതീതവും, അനാദ്യന്തവും, അവികാര്യ്യവുമായ ആ ആത്മാവിനെ സാക്ഷാത്കരിക്കുന്ന നിർമ്മലാന്തഃകരണനോടു് ഉപമിക്കുവാൻ മറ്റാരാണുള്ളതു്? ഭാവനാമധുരവും, കല്പനാരമണീയവുമായ ഒരു സങ്കല്പസ്വർഗ്ഗത്തിൽ സ്വച്ഛന്ദം വിഹരിച്ചു് അത്തരം മഹത്തരന്മാരെപ്പറ്റി കനകസങ്കാശമായ മൗനത്തിൽ ഒന്നു വിചിന്തിച്ചുനോക്കുക. അവരില്ലെങ്കിൽ ഈ ലോകം അന്ധകാരപാരാവാരത്തിലെ ഗംഭീരതരംഗങ്ങളിൽപെട്ടു നട്ടംതിരിയുകയില്ലേ? തിമിരപരിവൃതമായ ഹൃദയകുഹരം സുവിശാലവും, സുശോഭനവുമായിത്തീരുന്ന ആ സൗവർണ്ണകാലം സന്നിഹിതമാകുന്നതുവരെ—അതിനിബിഡ

വും, അത്യാർദ്രവുമായ പ്രേമപ്രവാഹത്താൽ അവിടം പുളകാഞ്ചിതമായിത്തീരുന്നതുവരെ—താദൃശമായ സ്ഥിതിയെപ്പററി വിചാരിപ്പാൻതന്നെ മനുഷ്യൻ ശക്തനാകുന്നില്ല.

വത്സ, നീ ഒന്നാമതായി ഞാൻ പറയുന്നതിനെ ശ്രദ്ധാപൂർവ്വം മനസ്സിലാക്കുകയും, അനന്തരം അതിനെ അനുഭവത്തിൽ വരുത്തുന്നതിനു ശ്രമിക്കുകയും ചെയ്യുക. അറിവിനെ അനുഭവത്തിൽ വരുത്താത്തവൻ ധനത്തെ ചിലവാക്കാതെ സൂക്ഷിച്ചുവച്ചിരിക്കുന്നവനെപ്പോലെ തന്നെ അപരാധിയാകുന്നു. ധനം സമ്പാദിച്ചവൻ അതിനെ തനിക്കും, അന്യനും വേണ്ടി വിനിയോഗിക്കാതെ അരിഷ്ടമയമായ ജീവിതം നയിച്ച് പാപം മാത്രം ആജ്ജിച്ച കാലയവനികക്കുള്ളിൽ തിരോധാനം ചെയ്യുന്നതുപോലെ, അറിഞ്ഞുകൊണ്ട് അപരാധം ചെയ്യുന്നവനും ഗളിതസുകൃതനായി മരണദേവതയുടെ പിടിയിൽ അകപ്പെട്ട് അധഃപതിക്കുന്നു. അനേകായിരം ഭാരം അറിവു നിരുപയോഗയോഗ്യമായി വച്ചുകൊണ്ടിരിക്കുന്നവനേക്കാൾ കാൽകഴഞ്ചു അറിവിനെ അനുഭവത്തിൽ വരുത്തുന്നവൻ അത്യധികം വിശിഷ്ടനാകുന്നു. സനാതനധമ്മം ഗ്രന്ഥങ്ങളിലോ, ക്ഷേത്രങ്ങളിലോ മാത്രം; സ്ഥിതിചെയ്യുന്നതാണെന്നറിയുന്നവൻ വെറും ഇടുങ്ങിയ അറിവിനെ കാണാപ്പാഠം പഠിക്കുകമാത്രമേ ചെയ്തിട്ടുള്ളു. സകല വസ്തുക്കളിലും ഏകനായ പരമാത്മാവിനേയും, പരമാത്മാവിൽ നിഖിലവസ്തുക്കളേയും ഏതൊരുത്തൻ കാണുന്നു—ആത്മാവിൽ എല്ലാ ജീവനേയും, പ്രപഞ്ചത്തേയും ഏതവൻ കാണുന്നു—അവനു പിന്നെ എന്താണ് ആഗ്രഹിപ്പാനുള്ളത്? ഇന്ദ്രിയനിഗ്രഹം ചെയ്ത് കാമക്രോധമോഹലോഭമദമാത്സര്യാദികളിൽ നിന്നതീതനായി പ്രത്യഗ്ദൃഷ്ടിയുടെ അത്യുഗ്രശക്തികൊണ്ട് പരമാത്മാവിനെ സാക്ഷാത്കരിക്കുന്നവനാണ് പണ്ഡിതൻ, വിദ്വാൻ, മഹാത്മാവ് എന്നീ അപരാഭിധാനങ്ങൾക്ക് അർഹനായിഭവിക്കുന്നത്.

പ്രിയദൎശനാ! അലസവും, ഉപയോഗശൂന്യവുമായിക്കഴിച്ചുകൂട്ടുന്ന ഓരോ വിനാഴികയും മനുഷ്യനെ ശവക്കുഴിയുടെ വക്കത്തേക്കു ആനയിക്കുകയാണെന്നുള്ള തത്വം നീ ഒരിക്കലും മറന്നുകളയരുതു്. കഴിഞ്ഞുപോയ സമയത്തിന്റെ മേൽ ദൈവത്തിനുപോലും അധികാരമില്ല. കല്പാന്തകാലംവരെ ജീവിതസന്ധാരണം സാദ്ധ്യമായിരുന്നാലും ഒരിക്കൽ കഴിഞ്ഞുപോയ സമയം വീണ്ടും ലഭിക്കുകയില്ല. സമയവും, പ്രവൃത്തിയുമാകുന്ന സാധനസാമഗ്രികൾകൊണ്ടാണു് ജീവിതമഹാസൗധത്തെ കെട്ടിയുയൎത്തിയിരിക്കുന്നതു്. സ്ഥിരപരിശ്രമംകൊണ്ടും മിതഭോഗംകൊണ്ടും ധനനാശത്തെ പരിഹരിക്കാം. ആരോഗ്യക്ഷയത്തെ ഔഷധസേവകൊണ്ടു ദൂരീകരിക്കാം. എന്നാൽ വ്യൎത്ഥമായിപ്പോയ സമയത്തെ വീണ്ടെടുക്കുവാൻ ഒന്നുകൊണ്ടും സാദ്ധ്യമല്ല. ഒരൊററ നിമിഷത്തെ അലക്ഷ്യമായി വിനിയോഗിക്കുന്നവൻ അതിഭയങ്കരമായ ആപത്തിൽ അകപ്പെടുന്നു. അവന്റെ ഹൃദയം പശ്ചാത്താപവഹ്നിയാൽ വെന്തെരിയുന്നു. ഈ ജീവിതം എളുപ്പം അവസാനിച്ചുപോകും. പാമ്പിന്റെ വായിൽ അകപ്പെട്ടു് ആസന്നമരണാവസ്ഥയിലെത്തിയ തവള ഭക്ഷണപദാൎത്ഥത്തെ അന്വേഷിക്കുന്നതുപോലെ മൃത്യുവക്ത്രത്തിലകപ്പെട്ടു് അവശനായിരിക്കുന്ന മനുഷ്യൻ പിന്നെയും ഭോഗങ്ങളെ അന്വേഷിക്കുന്നു. മായാസമുദ്രത്തിൽ മുങ്ങിക്കിടക്കുന്ന മന്ദബുദ്ധികൾ ആയുസ്സുപോകുന്നതറിയുന്നില്ല. മൃത്യുമുഖത്തിലേക്കു പാഞ്ഞുകൊണ്ടിരിക്കുന്ന മനുഷ്യൻ പിന്നെയും മരണകാൎയ്യത്തെപ്പററി ആലോചിക്കാതേയും, ലോചനഗോചരങ്ങളായ വിഷയങ്ങളെപ്പററി പൎയ്യാലോചിക്കാതേയും കാലം കഴിച്ചുകൂട്ടുന്നതു് എത്രമാത്രം വിചിത്രമായിരിക്കുന്നു. സ്പൃഹണീയങ്ങളായ സകലസുഖങ്ങളേയും അനുഭവിച്ചുകൊണ്ടു മദോന്മത്തനായി ജീവിതം നയിക്കുന്ന ഒരു ചക്രവൎത്തിയെപ്പോലും പട്ടുമെത്തയിൽനിന്നു പട്ടടയിലേക്കു മാററുന്ന കാലന്റെ കളികൾ കാണുവാൻ കണ്ണില്ലാത്തവരുടെ കഥയില്ലായ്മ എ

ത്ര അനുകമ്പാർഹമെന്നാലോചിയ്ക്കുക: ഭയവൈരാഗ്യങ്ങളെ അങ്കുരിപ്പിക്കുന്ന പ്രേതത്തെ കണ്ടിട്ടും മരണമില്ലാത്തവനെപ്പോലെ പ്രവർത്തിയ്ക്കുവാനുള്ള വാസന മനുഷ്യനെവിടെനിന്നു കിട്ടി? എത്രയും കൊഴുത്തു തടിച്ചുരുണ്ടിരുന്ന ഒരു സുന്ദരശരീരം എത്രവേഗം കാലന്റെ വലയിൽ അകപ്പെടുന്നു? അയാൾ എത്രകാലം സുഖമായിരുന്നവനും, എത്രകാലം സുഖമായി ജീവിച്ചിരിപ്പാൻ ആഗ്രഹിച്ചിരുന്നവനുമാണ്? എന്തെല്ലാം മനോരാജ്യങ്ങളാണ് അയാൾക്കുണ്ടായിരുന്നതു്? അയാൾ പരന്മാരുടെ അഭ്യുന്നതിയിൽ എത്ര അസൂയപ്പെട്ടു? സമസൃഷ്ടങ്ങളെ ചവുട്ടിത്താഴ്ത്താനുള്ള എന്തെല്ലാം വഴികൾ അയാൾ ആലോചിച്ചു? ആ അസൂയാ മലീമസമാനസൻ എന്തെല്ലാം ക്രിത്രിമങ്ങളെയാണ് മനസ്സിൽ വെച്ചുസൂക്ഷിച്ചിരുന്നതു്? അവന്റെ ദുഷ്കർമ്മവഹ്നിയിൽ എത്ര മാനുഷശലഭങ്ങളാണ് ദഹിച്ചുപോയിട്ടുള്ളതു? അവന്റെ ദുർവ്വിചാരദാവാനലൻ എത്ര ജീവിതപാദപങ്ങളെ ദഹിപ്പിച്ചുകളഞ്ഞു? ക്രോധവിഷലിപ്തങ്ങളായ അവന്റെ കടാക്ഷശരങ്ങൾ എത്ര ഹൃദയങ്ങളെ വ്രണപ്പെടുത്തി? 'ആക്ഷേപരൂക്ഷാക്ഷരമുഖരമുഖ'നായ അവൻ എത്ര ഹൃദയങ്ങളെ അസഹ്യപ്പെടുത്തി? ശുദ്ധാന്തഃകരണന്മാരായ എത്രയെത്ര ആളുകളെയാണ് അവൻ കണ്ണുനീർക്കടലിൽ കളിപ്പിച്ചിട്ടുള്ളതു്? പരോപകാരൈകപരമായ ഒരു സൽപ്രവൃത്തിയെങ്കിലും അവൻ ചെയ്തിട്ടില്ല. ആശ്വാസപ്രദമായ വാക്കുകളൊന്നും അവൻ ആരോടും പറഞ്ഞിട്ടില്ല. ബാഷ്പധാരാവിലമായ ഒരൊററ നയനത്തിലെ കണ്ണുനീരെങ്കിലും അവൻ തുടച്ചുകളഞ്ഞിട്ടില്ല. അവൻ അവന്റെ ഇന്ദ്രിയങ്ങളെ തൃപ്തിപ്പെടുത്തുവാനായി കാലം നയിച്ചു. ഇന്ദ്രിയസുഖത്തേക്കാൾ വലിയസുഖമില്ലെന്നു അവൻ നിശ്ചയിച്ചു. ഇന്ദ്രിയാരാമനായ അവൻ അമിതഭോഗമാകുന്ന കരാളകരവാളത്താൽ ജീവിതതരുവിന്റെ നാരായവേരിനെ മുറിച്ചുകളകയാണ് ചെയ്തതു. അവൻ ആരേയാണോ അഭിമാനപ്പൂ

ഷ്ടം ആരാധിച്ചുപോന്നത് — ആ പ്രേമഭാജനം അവൻെറ ചരമശയ്യയിൽ വച്ചുതന്നെ മറ്റൊരുത്തനെ വരിക്കുവാനുള്ള വഴികളാലോചിക്കുകയാണ് ചെയ്യുന്നത്. മരണദേവത അവനെ പിടികൂടുന്നു. അവൻെറ മുഖത്തു വിളക്കുപോലെ ശോഭിച്ചിരുന്ന ആ മോഹനനയനങ്ങൾ — അനുരാഗപാരവശ്യത്തേയും, ഭോഗലോലുപതയേയും പ്രസ്പഷ്ടമാക്കിയിരുന്ന ആ ജീവനുള്ള രണ്ടു കണ്ണുകൾ നിർജ്ജീവമായിരിക്കുന്നു. "ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം വേഗേന നഷ്ടമാമായുസ്സ്"മെന്നുള്ള ആപ്തവാക്യത്തിൻെറ ആന്തരാർത്ഥത്തെ സ്വാനുഭവത്താൽ മൗനമായി പ്രസംഗിച്ചുകൊണ്ടു അവനതാ വെറും തറയിൽ നിശ്ചേഷ്ടനായി കിടക്കുന്നു. ഇതെല്ലാം കണ്ട് നയനനീരൊഴുക്കുന്ന അവൻെറ ബന്ധുക്കളുടെ അനന്തരാവസ്ഥയെന്താണ്? ദുഃഖപൂരിതമായ മരണനാടകത്തിലെ നാട്യങ്ങൾ കണ്ട് കഠിനവേദനയനുഭവിച്ച അവരെല്ലാം വീണ്ടും ഇന്ദ്രിയാരാമന്മാരായി എത്ര ഭയങ്കരമായ പാപകൃത്യങ്ങൾ ചെയ്യുന്നു? അഹോ! മായാമഞ്ചമായ പ്രപഞ്ചത്തിലെ സ്ഥിതികളുടെ സൂക്ഷ്മതത്വത്തെ നിരീക്ഷിക്കാത്തവൻ എത്ര ദാരുണമായ സങ്കടമാണ് തലയിൽ വഹിച്ചുവക്കുന്നത്? "പുനരപി ജനനവും," "പുനരപി മരണവും," "പുനരപി ജനനീജഠരേ ശയനവും" മറ്റും അതിഭയങ്കരമായ അവിവേകത്തിൻേറയും, അടിയുറച്ച അജ്ഞാനത്തിൻേറയും, കൂത്താട്ടം കൊണ്ടു വന്നുചേരുന്നതല്ലേ? മകനേ! അനാദികാലംമുതൽ മുറക്കു നടന്നുകൊണ്ടിരിക്കുന്ന ഈവക സംഗതികളുടെ ആന്തരാർത്ഥം നിൻെറ സവിശേഷമായ ശ്രദ്ധക്കു വിഷയീഭവിക്കട്ടെ.

ഒരു മനുഷ്യൻെറ ജീവിതകാലം എത്ര ഹ്രസ്വമാണെന്നാലോചിക്കുക. ജീവിതത്തിൽ പകുതിയും ഉറക്കംകൊണ്ടു കഴിഞ്ഞുകൂടുന്നു. ആനന്ദമയമായ ബാല്യകാലം "ലീലാവിനോദാ"ദികൾകൊണ്ടു കഴിഞ്ഞുകൂടുന്നു. ചിരിയും, കളിയും, ഭയവും, പരിഭ്രമവും, കരച്ചിലും, പിഴിച്ചിലുമായിട്ട് ആ കാലമത്രയും വ്യർത്ഥമായിപ്പോകുന്നു. പിന്നെ യൗവ്വനകാല

മായി. അന്നാകട്ടെ, മനസ്സ് സംസാരസാഗരത്തിലെ തരംഗനിരകളിൽ കിടന്നു തകിടംമറിയുന്നു. ആശാപിശാചിന്റെ കുടില ദംഷ്ട്രകളിൽ കുടുങ്ങി കരണീയമെന്തെന്നറിയാതെ കിടന്നുഴലുന്ന ആ കാലത്തും തൃതീയപുരുഷാർത്ഥത്തിന്റെ നഗ്നമായ മൂർദ്ധന്യാവസ്ഥയിലെത്തുന്നുണ്ടെന്നല്ലാതെ പ്രാപ്യസ്ഥാനലബ്ധിയ്ക്കുള്ള പരിശ്രമങ്ങളൊന്നും ചെയ്യുന്നില്ല. പിന്നെയാണ് വാർദ്ധക്യദശ. ഹ! അതെത്ര വ്യഥാനിബിഡവും, ആനന്ദഹീനവുമായ ഒരു വിഷമഘട്ടമാണ്? "ചിന്താക്രാന്തനിതാന്തതാന്തകലുഷസ്വാന്ത"നായ വൃദ്ധൻ മനോരാജ്യസാമ്രാജ്യസന്ദർശനംകൊണ്ടുമാത്രം ദിനരാത്രങ്ങൾ എണ്ണിയെണ്ണിക്കഴിച്ചു കൂട്ടുന്നു. മൃത്യുദേവതയെ ആലിംഗനം ചെയ്യുന്ന വൃദ്ധനാകട്ടെ പിന്നെയും, പിന്നെയും ഭോഗങ്ങളനുഭവിയ്ക്കാനുള്ളവഴിയെന്തെന്നാലോചിയ്ക്കുകയാണ് ചെയ്യുന്നത്. മർത്ത്യജീവിതമാകുന്നയാതനയുടെ ദൈർഘ്യം എന്നിട്ടും അയാൾക്ക് ശരിയായി കാണുവാൻ കഴിയുന്നില്ല.

കാമങ്ങളെ പൂരിപ്പിച്ച് തൃപ്തി സമ്പാദിച്ചതിനുശേഷം അതിൽനിന്ന് പിന്തിരിയാമെന്ന് ഒരിക്കലും വിചാരിയ്ക്കേണ്ട. ആസ്വദിയ്ക്കുന്തോറും തീയിൽ നെയ്യൊഴിച്ചു വീശിക്കത്തിയ്ക്കുന്നതുപോലെ കാമാഗ്നി ആളിക്കത്തുകയേയുള്ളു. കാമങ്ങളുടെ പിറകേ ഓടുന്നത് സ്വന്തംനിഴലിനെ പിടിയ്ക്കുവാൻ ഓടുന്നതിനോടു സദൃശമത്രേ. എത്രദിവ്യസംവത്സരം ഓടിയാലും നിഴലിനെ പിടിക്കുവാൻ അവനു കഴികയില്ല. ഭൂമിയുടെ ഒരററം മുതൽ മറേറ അററംവരെ ഓടിയാലും ഉദ്ദിഷ്ടകാര്യം സാധിയ്ക്കാതെ അവൻ നിരാശാപരവശനായി മടങ്ങുകയേയുള്ളൂ. നിഴലുണ്ടെന്നുള്ള ഭാവമേക്കൂടാതെ അവൻ തിരിഞ്ഞോടുവാൻ തുടങ്ങട്ടെ. അതേ, അവൻ നിഴലിനെ വകവയ്ക്കാതെ തിരിഞ്ഞുനിന്നുകളയട്ടെ. അപ്പോൾ കാണാം വിജയം. ഏതൊരുനിഴലിനെയാണോ അവൻ ആഗ്രഹിച്ചാശ്രയിച്ചത്—അതാ ആ നിഴൽ തന്നെ അവനെ ആശ്രയിയ്ക്കുന്നു. കാമത്തെ അനുധാവനം ചെയ്യുകയോ അതിനെ പരമോദ്ദേശമായി കരുതുകയോ

ചെയ്യാതെ പരിത്യാഗിയായി ജീവിതം നയിക്കുന്നവന് സകലകാമങ്ങളും അടിമകളായിത്തീരുന്നു.

കാമം നരകകവാടത്തെ തുറക്കാനുള്ള താക്കോലത്രേ. കാമത്തെ പരമപുരുഷാൎത്ഥമായി കരുതുന്നവന് പരിപൂൎണ്ണപദവിയെ പ്രാപിക്കുവാൻ ഒരിക്കലും കഴികയില്ല. കാമകിങ്കരന്മാരുടെ അന്തഃകരണങ്ങളിൽ പരമാത്മതത്വം ഒരുകാലത്തും പ്രകാശിക്കുകയില്ല. ഭൗതികവിഷയങ്ങളിൽ സനാതനമായ സമാധാനം കണ്ടെത്തിയിട്ടുള്ള ഒരുത്തനും ഒരിക്കലുമുണ്ടായിട്ടില്ല. ആദ്ധ്യാത്മികവിഷയങ്ങളിൽ മാത്രമേ അനശ്വരമായ ആനന്ദം ലയിച്ചുകിടപ്പുള്ളു. ഇന്ദ്രിയങ്ങൾ കൊട്ടുന്ന താളത്തിനൊപ്പിച്ച് തുള്ളിക്കളിക്കുന്ന മനുഷ്യൻ ആത്മസ്വരൂപചൈതന്യത്തെ കണ്ടറിയുവാൻ അശക്തനായിത്തീരുന്നു. തന്നിൽ വിലീനമായിക്കിടക്കുന്ന ദിവ്യശക്തിയുടെ അപ്രതിഹതമായ പ്രഭാവത്തെപ്പററി യാതൊന്നുമറിവാൻ അവനു സാധിക്കുന്നില്ല. അനിത്യങ്ങളായ ബാഹ്യവിഷയങ്ങളിൽ എത്രതന്നെ അത്യാസക്തനായിരുന്നാലും, ആത്മപോഷണം അപരിത്യാജ്യമെന്നുള്ളബോധം ഒരുകാലത്തവനുണ്ടാകാതെ തരമില്ല. താൻ അതുവരെ അത്യാൎത്തിയോടുകൂടി അനുഭവിച്ചുകൊണ്ടിരുന്ന ഭോഗങ്ങളെല്ലാം അസാരവും, അസത്യവുമായിട്ടുള്ളതാണെന്നും, അവകൾക്കതീതവും, അനശ്വരവുമായ ഒരു ദിവ്യസുഖാസ്വാദനംകൊണ്ടുമാത്രമേ തനിക്കു കൃതാൎത്ഥത സിദ്ധിക്കുകയുള്ളുവെന്നും അവൻ പശ്ചാത്താപപുരസ്സരം സമ്മതിക്കുന്ന ഒരു സുവൎണ്ണവേള സന്നിഹിതമാകും. ഇന്ദ്രിയങ്ങൾക്കു സുഗ്രഹമല്ലാത്ത ഒരു പ്രശാന്തപാവനമായ പദ്ധതിയിലാണ് ചൈതന്യജന്യമായ ആനന്ദം സ്ഥിതിചെയ്യുന്നതെന്ന് അന്നുമുതൽ അവനറിഞ്ഞുതുടങ്ങും. ആത്മബോധത്തെക്കുറിച്ചുള്ള അഭിനവമായ ഒരഭിനിവേശത്താൽ അവൻ അസ്വാസ്ഥചിത്തനായിത്തീരും. മായാദേവതയുടെ അസത്യസൌന്ദൎയ്യത്തിൽ പരിഭ്രമിച്ച് അനൎഘമായ ജീവിതത്തെ പാഴാക്കിക്കളഞ്ഞതല്ലോ, എന്നുള്ള വിചാരം ശല്യതുല്യം അവനെ വേദനപ്പെടുത്തുകയും, പരമാൎത്ഥ

ആത്മസാക്ഷാൽക്കാരാൎത്ഥം തന്റെ ജീവിതത്തെ ബലികൊടു
പ്പാൻതന്നെ അവൻ തീൎച്ചപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ
ആത്മസാക്ഷാൽക്കാരമെന്നു പറയുന്നതു് എത്ര ഗൗരവതരമാ
യ സംഗതിയാണ്? ആത്മീയപഥസഞ്ചാരം ക്രകചധാരാപ
ൎയ്യടനത്തോടു സദൃശമത്രേ. ധീരകേസരികൾക്കുമാത്രമേ ആ
മാൎഗ്ഗത്തിൽക്കൂടി സ്വൈരസഞ്ചാരം ചെയ്യാൻ കഴികയുള്ളു.
മരണത്തോടു് ഹൃദയംഗമമായ സ്വാഗതം പറവാൻ തയ്യാറു
ള്ളവരും, ബ്രഹ്മാണ്ഡമണ്ഡലം മുഴുവൻ കമ്പിച്ചു പൊട്ടിത്തെ
റിച്ചാലും ലവലേശം കലുങ്ങാത്തവരും, പ്രശാന്തഗംഭീരധീര
ന്മാരുമായ പുരുഷസിംഹങ്ങളാണ് അദ്ധ്യാത്മാധ്വാവിൽക്കൂടി
സകൗതുകം പ്രയാണംചെയ്യുന്നതു്. പ്രയാസങ്ങളോടും, പ്ര
തിബന്ധങ്ങളോടും സധീരം മല്ലിട്ടു് അപ്രതിഹതവും, അധൃ
ഷ്യവുമായ ആത്മവിശ്വാസത്തോടുകൂടി അവർ സത്വരം മു
ന്നോട്ടുപോകുന്നു. ക്ഷുദ്രമായ ഹൃദയദൗർബല്യം അവരെ വഴി
പിഴപ്പിയ്ക്കുകയില്ല. സംശയാത്മാക്കൾക്കു് പ്രയോജനകരമായ
യാതൊരു പ്രവൃത്തിയും ചെയ്യാൻ കഴികയില്ലെന്നു് അവൎക്ക
റിയാം. അധഃപതനകാരണമായ അശ്രദ്ധയെ കൈവെടി
ഞ്ഞു് ഏകാഗ്രതയോടും, കരുതലോടുംകൂടി അവർ ഉദ്ദിഷ്ട
സ്ഥാനത്തെ അഭിമുഖീകരിച്ചുകൊണ്ടു യാത്രചെയ്യുന്നു. ആ
ത്മാവിന്റെ നിരതിശയവൈഭവത്തെ അല്പാല്പമായിട്ടറിഞ്ഞു
തുടങ്ങുമ്പോൾ അവർ പരമാനന്ദപൎവ്വതോപരിഭാഗത്തേയ്ക്കു്
താനേ ഉയരുന്നു. ലൗകികങ്ങളായ സകല അഭിമാനങ്ങളേ
യും, പരിച്ഛിന്നങ്ങളായ എല്ലാ സങ്കല്പങ്ങളേയും പാടേ പരി
ത്യജിച്ചു് അവർ അപരിച്ഛിന്നാവസ്ഥയിൽ അനവരതം രമി
യ്ക്കുന്നു.

ആത്മസാക്ഷാൽക്കാരത്തിനുവേണ്ടി ജീവിതകാലം മുഴു
വൻ അവിശ്രമപരിശ്രമംചെയ്ത ആചാൎയ്യന്മാരുടെ വചനങ്ങ
ളിൽ നിനക്കു് അചഞ്ചലമായ വിശ്വാസമുണ്ടാകണം. എ
രിഞ്ഞുകത്തുന്ന വെയിലത്തു ചുട്ടുപഴുത്ത മണൽക്കാട്ടിൽക്കൂടി
ദാഹാൎത്തനായ ഒരു അദ്ധ്വനീനൻ യാത്രചെയ്യുന്നു. അവ

ന്നു ആ പ്രദേശത്തിൽ യാതൊരു പരിചയവുമില്ല. എന്നാൽ ആ ദിക്കിൽ താമസിച്ചു പഴക്കവും, തഴക്കവുമുള്ള ഒരുവൻ ജലാശയത്തിലേയ്ക്കുള്ള വഴികാണിച്ച് ദാഹപീഡിതനായ അവനെ ആശ്വസിപ്പിയ്ക്കുന്നു. അതുപോലെ തന്നെ ആത്മജ്ഞാനമാകുന്ന ദിവ്യജലം ലഭിയ്ക്കണമെങ്കിൽ ആത്മാരാമന്മാരായ പ്രാചീനാചാൎയ്യന്മാരുടെ മാൎഗ്ഗത്തെ പിൻതുടരണം. ആത്മതത്വത്തെ കരതലാമലകംപോലെ കണ്ടറിഞ്ഞിട്ടുള്ള പുണ്യശ്ലോകന്മാരുടെ സാംശ്ഛിതങ്ങളായ ധിംഗീരുകളെ അനാദരിയ്ക്കുന്നവൻ പ്രാപ്യസ്ഥാനത്തിലേയ്ക്കുള്ള ധൎമ്മപഥത്തെ കന്മതിൽ കെട്ടിയടച്ചുകളുകയാണു ചെയ്യുന്നതു്. തത്വജ്ഞാനാമൃതാംഭസ്സിൽ നീരാടുവാനുള്ള ഭാഗ്യത്തെ നിശ്ശേഷം നശിപ്പിച്ചുകളുകയാണ് അവൻ ചെയ്യുന്നതു്. മഹാത്മാക്കളായ ആചാൎയ്യവൎയ്യന്മാരുടെ ആദൎശപൂൎണ്ണമായ ജീവിതത്തെ വിവേകപൂൎവ്വം നിരീക്ഷിച്ചു യാതൊരു പ്രലോഭനങ്ങൾക്കും അധീനനാകാതെ നിഷ്കാമവും, നിസ്വാൎത്ഥവുമായ പാവനകൎമ്മങ്ങളെ ആത്മവിശ്വാസപൂൎവ്വം അനുഷ്ഠിയ്ക്കുന്നവൻ തന്റെ ഹൃദയപീഠത്തിൽ കൊളുത്തിയിരിയ്ക്കുന്ന ജ്ഞാനദീപത്താൽ അധോഗതിയെ പ്രാപിച്ച അനേകംപേരെ തുണയായി പരിണമിക്കുന്നു. ആത്മവിശ്വാസമുള്ളവരുടെ സാമീപ്യം ദുൎബ്ബലന്മാൎക്ക് എത്ര ആശ്വാസപ്രദമാണ്? അവന്റെ ഒരൊററ കടാക്ഷപാതം ഭയസംശയങ്ങളെ ദൂരീകരിയ്ക്കുന്നു. അന്തസ്സാരവിഹീനന്മാരിൽ കുടികൊള്ളുന്ന നിസ്സാരബുദ്ധി അവന്റെ ഒരൊററ വാക്കിനാൽ ഓടിയൊളിക്കുന്നു. ചെറുതെന്നോ, നിസ്സാരമെന്നോ ഉള്ള ഭാവം ആത്മവിശ്വാസമുള്ളവനിൽ കാണുകയില്ല. ചെറുതാണ് എന്നും വലുതായിത്തീരുന്നതെന്നും, ചെറുതിനെ കൈവശപ്പെടുത്തുന്നവൻ വലുതിന്റെ അവകാശിയായിത്തീരുമെന്നും അവനറിയാം. വലിയവസ്തുക്കളുടെ സമ്പൂൎണ്ണത ചെറിയ വസ്തുക്കളുടെ പൂൎണ്ണതയെ അവലംബിച്ചാണിരിയ്ക്കുന്നതെന്നും, നിസ്സാരമെന്നു വിചാരിക്കുന്ന അനേകപദാൎത്ഥങ്ങളുടെ സമുച്ചയസ്വരൂപമാണ്, പരിപൂൎണ്ണസ്വരൂപ

തിൽ പ്രകാശിക്കുന്നതെന്നും ആത്മവിശ്വാസമുള്ളവന് അന്യം പറഞ്ഞുകൊടുക്കേണ്ടതില്ല. എല്ലാം വിചാരങ്ങളിലും, ഭാവനകളിലും, കർമ്മങ്ങളിലും, വാക്കുകളിലും ഈശ്വരൻ സന്നിഹിതനായിരിക്കുന്നുവെന്ന് അവൻ സുദൃഢം വിശ്വസിക്കുന്നു. സകല ജീവജാലങ്ങളേയും പ്രപഞ്ചത്തേയും ആത്മാവിൽ കാണുന്നവനാരോ—അവനെ ദുഃഖിപ്പിക്കുവാനും, ഭ്രമിപ്പിക്കുവാനും എന്തിനാണ് ശക്തിയുള്ളത്?

യഥാർത്ഥമായ അർത്ഥമില്ലാതെ ആത്മാവാകുന്ന അധിഷ്ഠാനത്തിൽ പ്രകാശിക്കുന്നതേതോ,-അനാത്മവസ്തുക്കളിൽ ആത്മഭാവനയുണ്ടാക്കുന്നതേതോ—ഉള്ളതിനെ ഇല്ലാത്തതുപോലെയും, ഇല്ലാത്തതിനെ ഉള്ളതുപോലെയും തോന്നിക്കുന്നതേതോ-അതിനെയാണ് മായയെന്നു പറയുന്നത്. ദർപ്പണത്തിൽ കാണുന്ന പ്രതിബിംബം പരമാർത്ഥമല്ലെങ്കിലും ഉള്ളതെന്നു തോന്നുന്നതുപോലെ, യഥാർത്ഥത്തിലില്ലാത്തതായ ദേഹാദിവസ്തുക്കൾ ആത്മാധിഷ്ഠാനത്തിൽ പ്രകാശിക്കുന്നു. അന്വയവ്യതിരേകങ്ങളാൽ സർവ്വപദാർത്ഥങ്ങളിലും, സർവ്വസമയത്തിലും യാതൊന്നു സ്ഥിതിചെയ്യുന്നുവോ അതുതന്നെയാണ് ആത്മസ്വരൂപം. നിത്യനായ സത്യാത്മാവിനെശരിക്കറിയുന്നവനു മറ്റൊന്നും അറിയേണ്ടതായിട്ടില്ല. അപരിച്ഛിന്നവസ്തുവെ പരിച്ഛിന്നവസ്തുവെന്നറിയുന്നതിലാണ് തെറ്റുമുഴുവൻ കിടക്കുന്നത്. അപരിച്ഛിന്നനെ അപരിച്ഛിന്നനായിട്ടുതന്നെ എവനറിവാൻ കഴിയുന്നുവോ:- അവരെയാണ് സർവ്വജ്ഞന്മാരെന്നു പറയേണ്ടത്. അറിഞ്ഞുവെന്നു പറഞ്ഞു വിജയശംഖു വിളിക്കുന്നവരാരും അറിഞ്ഞവരല്ല. അറിവിന്നഗോചരമായ പരമാർത്ഥത്തെ അറിഞ്ഞുകഴിഞ്ഞുവെന്നു കൊട്ടിഘോഷിക്കുന്നത് അജ്ഞതമൂലമാണ്. ആവരണാത്മികവും, വാസനാത്മികവും, ത്രിഗുണാത്മികവുമായ അവിദ്യയെ പാടേ വിപാടനംചെയ്ത് പ്രത്യഗ്ദൃഷ്ടികൊണ്ടു പരബ്രഹ്മത്തെ സാക്ഷാത്കരിക്കുന്ന പണ്ഡിതനാണ് പരമധന്യൻ. മകനേ! നിത്യസത്യശുദ്ധബുദ്ധമുക്തസ്വഭാവനും, സച്ചിദാനന്ദഘനനും, അവിക്രിയനും,

ശാശ്വതനും, പരിപൂൎണ്ണനുമായ പരമാത്മാവിനെ സാക്ഷാത്കരിക്കുവാൻ ഈ നിമിഷം മുതൽ പ്രയത്നിച്ചുകൊള്ളുക.

---

# മൂന്നാം അദ്ധ്യായം.

---

## ശുകന്റെ മനോരഥവും, വ്യാസരുടെ അഭിപ്രായവും.

പിതാവിന്റെ ഉപദേശവചനപീയൂഷവൎഷം ശുകന്റെ ഹൃദയോദ്യാനത്തെ സേചനം ചെയ്തു. അദ്ദേഹത്തിന്റെ ഉപദേശങ്ങളിലുള്ള ഓരോ വാക്കുകളിലും തിങ്ങിപ്പൊങ്ങിയ ഭക്തിയും, ജ്ഞാനവും, ധൎമ്മവും, പ്രേമവും, ശുകമഹൎഷിയുടെ ഹൃദയത്തിൽ ശിലാരേഖപോലെ പതിഞ്ഞു. തന്റെ പിതാവു് ഉപദേശിച്ച മാൎഗ്ഗത്തിൽനിന്നും ഒരടിപോലും തെറ്റി നടക്കയില്ലെന്നു ശുകർ ശപഥം ചെയ്തു. അതുല്യങ്ങളും, അമൂല്യങ്ങളും ആയ ആ ദിവ്യസൂക്തിതല്ലജങ്ങളെ അനുഭൂതിഗതമാക്കിത്തീൎക്കുവാൻ അരനിമിഷംപോലും കളയാതെ തീവ്രയത്നം ചെയ്യണമെന്നു് അദ്ദേഹം നിശ്ചയിച്ചുറച്ചു. പിതാവിന്റെ അനുമതിവാങ്ങി തപോവൃത്തി കൈക്കൊള്ളുവാൻ അദ്ദേഹം നിർബ്ബന്ധിതനായി. ഹിമാലയമഹാഗിരിയിലേക്കു തപശ്ചൎയ്യാൎത്ഥം പുറപ്പെടുന്ന തന്നെ അനുഗ്രഹിക്കണമെന്നുള്ള അഭ്യൎത്ഥനയോടുകൂടി ശുകർ വീണ്ടും വ്യാസസന്നിധിയെ പ്രാപിച്ചു. വ്യാസർ പറഞ്ഞു:— അല്ലയോ പുത്രാ! മിഥിലാധിപനായ ജനകമഹാരാജാവിന്റെ സമീപത്തിലാണു നീ ആദ്യം പോകേണ്ടതു്. അദ്ദേഹം നിനക്കു് ആവശ്യമുള്ളതെല്ലാം ഉപദേശിക്കും. ജനകതുല്യനായ മറ്റൊരു രാജൎഷിയെയും ഞാൻ കാണുന്നില്ല. സജ്ജനസംഗമം തീൎത്ഥസ്നാനസമാനമാണെന്നു നിനക്കറിയാമല്ലോ. എന്റെ ഉപദേശങ്ങളെല്ലാം അവിടെ ചെന്നെത്തുവാനും, അനന്തരകാൎയ്യങ്ങളും നിവ്വഹിക്കുവാനും നിനക്കു മാൎഗ്ഗദൎശകമായിഭവിക്കട്ടെ. യോ

ശശക്തികൊണ്ടു് ആകാശമാൎഗ്ഗമായി പോകുവാൻ നിനക്കു കഴിയുമെങ്കിലും നീ ഇപ്പോൾ ആ വഴി പോകണമെന്നില്ല. നീ സാധാരണ മനുഷ്യർ പോകുന്നവഴിയിൽക്കൂടി പോയാൽ മതി. പോകുംവഴിയിൽ സ്നേഹിതന്മാരേയും, സ്ത്രീകളേയും നീ പ്രാപിക്കരുതു്. എന്തെന്നാൽ അവർ ലോകത്തെ ബന്ധിക്കുവാൻ തരം നോക്കിയിരിക്കുന്നവരാണു്. ജനകമഹാരാജാവിൻെറ യാഗത്തിൽ പുരോഹിതനായിരിക്കത്തക്ക യോഗ്യത ഇപ്പോൾതന്നെ നിനക്കു സിദ്ധിച്ചിട്ടുണ്ടെങ്കിലും അവരിലും ശ്രേഷ്ഠനാണെന്നുള്ള ഭാവന നിനക്കൊരിക്കലും വന്നുപോകരുതു്. വിവേകശൂന്യമായ താഴ്മതന്നെയാണു് ഉയൎച്ചയ്ക്കു ഹേതുവായി ഭവിക്കുന്നതു്. യഥാൎത്ഥമഹാത്മാക്കൾക്കുള്ള യോഗ്യതയെ ധിക്കരിക്കുവാൻ ആൎക്കും സാധിക്കുകയില്ല. ജനകമഹാരാജാവാകട്ടെ, മോക്ഷമാൎഗ്ഗത്തിൽ വളരെ സിദ്ധിയടഞ്ഞ മഹാത്മാവാണു്. അദ്ദേഹം നിൻെറ സകല സന്ദേഹങ്ങളും തീൎക്കത്തക്ക പാണ്ഡിത്യവും, അനുഭൂതിയുമുള്ള ദിവ്യപുരുഷനാണു്. ലോകം ഇതുവരെ അറിഞ്ഞിട്ടുള്ള ഗൃഹസ്ഥാശ്രമികളിൽ പ്രഥമഗണനീയൻ അദ്ദേഹംതന്നെയാണു്. ദാമ്പത്യജീവിതത്തിൻെറ മൎമ്മമറിഞ്ഞു് അതിനെ നിയന്ത്രിക്കുവാൻ ധൎമ്മശാസ്ത്രജ്ഞനായ അദ്ദേഹത്തെപ്പോലെ മററാൎക്കും കഴിഞ്ഞിട്ടില്ല. യഥാൎത്ഥഗാൎഹസ്ഥ്യധൎമ്മസ്വരൂപനാണദ്ദേഹം. ദാമ്പത്യധൎമ്മസംസ്ഥാപനാൎത്ഥം അവതീൎണ്ണനായ ആ പുണ്യാത്മാവിൻെറ പരിപക്വമായ പാണ്ഡിത്യം ആരേയും അത്ഭുതാനന്ദവിവശരാക്കുന്നതത്രേ. മകനേ! നീ അദ്ദേഹത്തെ പോയികാണുക. വഴിക്കു യാതൊരാപത്തും നിനക്കുണ്ടാകയില്ല. നിനക്കു മംഗളം ഭവിക്കട്ടെ.

ശുകൻെറ യാത്ര.

ശുകർ അവൎണ്ണനീയമായ ഭക്തിവിനയാദരാദികളോടുകൂടി സ്വപിതാവിൻെറ പാവനപാദങ്ങളിൽ സാഷ്ടാംഗം നമിച്ചു് മിഥിലാപുരിയെനോക്കി പ്രയാണംചെയ്തു. "നയവിനയജലധി"യായ ആ ഋഷികുമാരൻ ആകാശമാൎഗ്ഗസഞ്ചാര

ത്തിൽ അതിവിദഗ്ദ്ധനായിരുന്നിട്ടും അതൊന്നും വകവയ്ക്കാതെ കാൽനടയായിട്ടാണ് തിരിച്ചതു്.

"ശർക്കരാകണ്ടകനിമ്നോന്നതാവൃതമായ" ദുർഗ്ഗമമാർഗ്ഗങ്ങളെയെല്ലാം പിന്നിലാക്കി ശുകർ സത്വരം മുന്നോട്ടു കടന്നു. തടവിടപികളെ അടിച്ചുതകർത്തു് മദിച്ചുപുളച്ചു പായുന്ന കുടിലതടിനികൾക്കോ, "കരിഹരിശരഭവരാഹമഹാമൃഗപരിവൃതമായ" ഘോരവിപിനങ്ങൾക്കോ, ബ്രഹ്മജ്ഞാനിയായ ശുകരുടെ സ്വൈരസഞ്ചാരത്തെ വിഘാതപ്പെടുത്തുവാൻ സാധിച്ചില്ല. മാംസഭുക്കുകളായ രാത്രിഞ്ചരന്മാർക്കുപോലും, അവരുടെ അരികത്തുകൂടി കടന്നുപോയ ശുകരുടെ മുഖത്തു നോക്കുവാൻതന്നെ ധൈര്യമുണ്ടായില്ല. ദുഷ്ടത മൂർത്തീഭവിച്ച ഭയങ്കരസത്വങ്ങളെല്ലാം പ്രശാന്തഗംഭീരനായ അദ്ദേഹത്തിന്റെ മുമ്പിൽ "ശിഷ്യനിർവ്വിശേഷമായ ഒതുക്കത്തിലും, വണക്കത്തിലുമത്രേ വർത്തിച്ചിരുന്നതു്. പ്രേമാമൃതകിരണങ്ങളാൽ സകല ജീവജാലങ്ങളേയും കുളുർപ്പിക്കുന്ന ആ പ്രേമസ്വരൂപനെ ആപത്തിലകപ്പെടുത്തണമെന്നുള്ള വിചാരം ആർക്കെങ്കിലുമുണ്ടാകുമോ? കണ്ണിണക്കാനന്ദംനൽകുന്ന എണ്ണമില്ലാത്ത പദാർത്ഥങ്ങളുടെ അഖണ്ഡമായ രാമണീയകം—വൈരാഗ്യനിധികളായ വൈദികന്മാരെപ്പോലും ധൈര്യരഹിതരാക്കത്തക്കവിധം അത്ര മാധുര്യസാരം നിറഞ്ഞൊഴുകുന്ന വിശിഷ്ടവസ്തുക്കളുടെ പാവനകോമളത്വം—ഹാ! ഇവകളൊന്നും അദ്ദേഹത്തിന് വിശേഷവിധിയായ യാതൊരാനന്ദവും നൽകുന്നതിന് പര്യാപ്തങ്ങളായി ഭവിച്ചില്ല. മാർഗ്ഗമദ്ധ്യത്തിലുള്ള പ്രസ്തുത പ്രശസ്തവസ്തുക്കൾക്ക് ആ വിരക്തനായ ഋഷികുമാരന്റെ മനസ്സിനെ ആകർഷിക്കുവാൻ കഴിഞ്ഞില്ല. വളരെ ദിവസത്തെ ദീർഘസഞ്ചാരംകഴിഞ്ഞു് ശുകർ വിദേഹരാജ്യത്തിൽ ചെന്നുചേർന്നു.

### വിദേഹരാജ്യസന്ദർശനം.

ജനനിബിഡവും, ധനധാന്യസമൃദ്ധവുമായ വിദേഹരാജ്യം മുഴുവനും അദ്ദേഹം ചുററിസ്സഞ്ചരിച്ചു. രാജാധിരാജനും, മഹാത്മാവുമായ ജനകന്റെ മഹിമാസാമ്പൂർണ്ണ്യം ആ രാജ്യ

ത്തിലെവിടേയും പ്രതിബിംബിയ്ക്കുന്നതായി അദ്ദേഹത്തിന്നു തോന്നി. അത്ര മനോഹരമായ ഒരു രാജ്യം അദ്ദേഹം അതിന്നു മുമ്പു കണ്ടിരുന്നില്ല. അത്ര സൌഹാർദ്ദപൂർവ്വം കാലയാപനം ചെയ്യുന്ന ഒരു ജനസമുദായത്തേയും അദ്ദേഹം അന്നാണ് ഒന്നാമതായിക്കണ്ടതു്. ജനങ്ങളെല്ലാം ഏകോദരസഹോദരന്മാരെപ്പോലെ അത്ര ഐക്യമായി കഴിഞ്ഞുകൂടുന്നു. കലഹമെന്നതു് ആ നാട്ടിൽ കണികാണ്മാനേയില്ല. "ധർമ്മോസ്മൽകുലദൈവത"മെന്ന മുദ്രാവാക്യത്തെയാണ് രാജാവു് ആദരിച്ചിരുന്നതെങ്കിൽ "രാജാപ്രത്യക്ഷദൈവതം" എന്ന മുദ്രാവചനത്തെയാണ് പ്രജകൾ ആരാധിച്ചിരുന്നതു്. രാജാവു് പ്രജകളെ തനയനിർവ്വിശേഷമായ വാത്സല്യത്തോടുകൂടി ഭരിച്ചുപോന്നു. പ്രജകളാകട്ടെ, തങ്ങളുടെ അഭിമാനനികേതവും, ഭക്തിബഹുമാനഭാജനവുമായ രാജാവിന്നുവേണ്ടി പ്രാണൻകളവാൻ പോലും ഒരുക്കമുള്ളവരായിരുന്നു. സന്തോഷംകൊണ്ടു വികസിതമാകാത്ത ഒരു മുഖമോ, സന്താപഭാരവശ്യത്താൽ കലുഷമായ ഒരു നയനമോ അദ്ദേഹത്തിന് അവിടെയെങ്ങും കാണുവാൻ കഴിഞ്ഞില്ല. "യഥാരാജാതഥാപ്രജാഃ" എന്ന ആപ്തവാക്യത്തിന്റെ പരമാർത്ഥം അന്നാണ് അദ്ദേഹത്തിന്നനുഭവമായിത്തീർന്നതു്. രാജകീയപ്രതാപത്തിന്റെ പരിപൂർത്തി മാത്രമല്ല, ദൈവികചൈതന്യംകൂടി അവിടെയെല്ലാം നടമാടുന്നതായി അദ്ദേഹം കണ്ടു. അദ്ദേഹം പരമാനന്ദപയോനിധിയിൽ മുഴുകി.

## ജനകമഹാരാജാവ് ശുകനെ പരീക്ഷിക്കുന്നതു്.

രാജാവിനെ കാണ്മാനും, അദ്ദേഹത്തോടു സംഭാഷണം ചെയ്വാനും ശുകക്കു അത്യധികമായ ആഗ്രഹം ജനിച്ചു. അദ്ദേഹം കോട്ടവാതുക്കൽ ചെന്നു് കാവൽക്കാർവഴിയായി തന്റെ വരവിനെപ്പററി രാജാവിനെ അറിയിച്ചു. രാജാനുമതിയോടുകൂടി അദ്ദേഹം കോട്ടയ്ക്കുള്ളിൽ കടന്നു. രാജാവാകട്ടെ, ശുകന്റെ തിതിക്ഷയെ പരീക്ഷിയ്ക്കുവാനോ എന്നു തോന്നുമാറു് അദ്ദേഹത്തിന്നുവേണ്ട സൌകര്യങ്ങളെപ്പററി യാതൊന്നും ആരു

ളിച്ചേഷ്ടയുണ്ടായില്ല. ആതപവഹ്നി കത്തിജ്വലിക്കുന്ന നട്ടുച്ചനേരത്തു് യാതൊരവലംബവുമില്ലാതെ ശുകർ അവിടെത്തന്നെനിന്നു. അതിദുസ്സഹമായ ക്ഷീണപാരവശ്യത്തെ അദ്ദേഹം തെല്ലും ഗൗനിച്ചില്ല. ക്ഷുദ്ബാധപീഡിതനെങ്കിലും, ബ്രഹ്മചാരികളിൽ അഗ്രേസരനായ അദ്ദേഹം അശേഷം ദുർബലനായില്ല. പ്രതികൂലശക്തികൾക്കൊന്നിനും അദ്ദേഹത്തെ പരാജയപ്പെടുത്താൻ കഴിഞ്ഞില്ല. ആ മദ്ധ്യാഹ്നസമയത്തു് മദ്ധ്യാഹ്നസൂര്യനെപ്പോലെ ജ്വലിക്കുന്ന തേജസ്സോടുകൂടി പ്രശോഭിക്കുന്ന ശുകന്റെ നിലകണ്ടു് കാവൽക്കാരെല്ലാം വളരെ അത്ഭുതപ്പെട്ടു. യഥാർത്ഥയോഗ്യന്മാരെ ആദരിക്കാതിരിക്കാൻ തരമില്ലെന്നുള്ള അഭിപ്രായക്കാരായിരുന്നെങ്കിലും, ആജ്ഞാലംഘനപരാങ്മുഖന്മാരായ അവർക്കു് സ്വാഭിപ്രായപ്രകാരം പ്രവർത്തിക്കുന്നതിനു് നിവൃത്തിയുണ്ടായില്ല. ദ്വാരപാലകന്മാരിൽ ഒരാൾ ഇപ്രകാരം പറഞ്ഞു:—എന്തുതന്നെ വന്നാലും വേണ്ടില്ല. ഒരുപക്ഷേ പ്രാണഹാനി സംഭവിച്ചേക്കാം. എന്നാലും ഈ മഹാത്മാവിനെ യഥാവിധി പൂജിക്കാൻതന്നെ ഞാൻ തീർച്ചയാക്കി. കരുണാശീതളസ്വാന്തന്മാരായ പുണ്യപുരുഷന്മാരെ ഹൃദയപൂർവ്വം ബഹുമാനിക്കുന്നതുകൊണ്ടുള്ള അപാരമായ നിർവൃതി എങ്ങനെ പറഞ്ഞറിയിക്കാം. എന്നായാലും മരിക്കണം. മഹത്തായ ഒരു കാര്യത്തിനുവേണ്ടി ജീവിതത്തെ ബലികഴിച്ചുവെന്നുള്ള കൃതാർത്ഥതയോടുകൂടി ഞാൻ മരിച്ചുകൊള്ളാം. സ്നേഹിതന്മാരേ! ഞാൻ ഈ മഹാത്മാവിനെ മണ്ഡപത്തിലേക്കു കൂട്ടിക്കൊണ്ടുപോകുന്നു.

## ഒരു ദ്വാരപാലന്റെ അതിധീരത്വം.

ഭക്തിബഹുമാനാതിരേകത്താൽ പുളകിതകളേബരനായ ആ വീരഭടൻ ശുകരുടെ പാദനളിനങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചു. അനുഗൃഹീതഹൃദയനായ ആ ദ്വാരപാലൻ അദ്ദേഹത്തെയും കൂട്ടിക്കൊണ്ടു് സധൈര്യം മണ്ഡപത്തിനകത്തു കടന്നു. അവരെ തടയുന്നതിനു് ആർക്കും ശക്തിയുണ്ടായില്ല. സ്വാതന്ത്ര്യത്തിന്റെ ലേശംപോലും സംക്രമിക്കാത്തതും, ഹൃദയ

തൽഭാഗത്തുനിന്ന് തികച്ചും കുതിച്ചുചാടുന്നതുമായ ആ നിഷ്കാമപ്രേമം സകല പ്രതിബന്ധങ്ങളേയും തകർത്തുകളയുന്നു. താദൃശമായ പ്രേമം ഏതൊരു ഹൃദയത്തിലാണോ നിറഞ്ഞുവഴിഞ്ഞൊഴുകുന്നത് — ആ ഹൃദയമാണ് നരകത്തിൽ നാകത്തെ പണിചെയ്യുന്നത്. ആ ഹൃദയമാണ് പ്രേമസ്വരൂപനായ പരമേശ്വരന്റെ നിവാസസ്ഥാനം. ആ ഹൃദയമുള്ളവനാണ് അനുഗൃഹീതൻ. അവനാണ് പ്രേമത്തിനുവേണ്ടി മരണത്തിനു സ്വാഗതം പറയുന്നവൻ. അവനാണ് ബ്രഹ്മാനന്ദാമൃതം സേവിച്ചു തൃപ്തിയടയുന്നവൻ. ആ പ്രേമാനന്ദമയനായ ദ്വാരപാലന്റെ ഭക്തി ശ്രദ്ധാസംയുതമായ ആതിഥ്യം കൈക്കൊണ്ടു ശുകർ മണ്ഡപത്തിൽ കുറേ നേരം സ്ഥിതിചെയ്തു.

ശൃംഗാരോദ്യാനം.

ശുകമഹർഷിയുടെ ആഗമനവൃത്താന്തമറിഞ്ഞു മന്ത്രിയും അവിടെ വന്നുചേർന്നു. ബ്രഹ്മതേജസ്സുകൊണ്ടു ജ്വലിക്കുന്ന ശുകരെക്കണ്ടു മന്ത്രി അദ്ദേഹത്തെ താണുവണങ്ങി. രാജാവിന്റെ നിയോഗപ്രകാരം ആഗതനായ മന്ത്രിപുംഗവൻ ശുകരെ കൊട്ടാരത്തിനടുത്തുള്ള മറ്റൊരു ഗോപുരത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അതിനടുത്താണ് സുപ്രസിദ്ധമായ ശൃംഗാരോദ്യാനം. അതിഥികളുടെ ഹൃദയവിശാലതയുടേയും, സ്വാഭിപ്രായധീരതയുടേയും, മനഃശക്തിയുടേയും, വിരക്തിയുടേയും മാറ്റുരച്ചുനോക്കുന്നത് അവിടെവെച്ചാണ്. ആഗതന്മാരുടെ സാമർത്ഥ്യപ്രകടനരംഗം അതത്രേ. അവിടെ വിജയം പ്രാപിക്കുന്നവനുമാത്രമേ അന്തഃപുരത്തിൽ പ്രവേശനമുള്ളു. ജനകമഹാരാജാവിനെ സന്ദർശിക്കണമെങ്കിൽ ശൃംഗാരോദ്യാനത്തിൽവെച്ചു നടത്തപ്പെടുന്ന പ്രവേശനപരീക്ഷയിൽ ഒന്നാമനായി ജയിക്കുകതന്നെവേണം. അധികംപേരും തോറ്റു മടങ്ങുകയാണ് പതിവ്. മഹാത്മാവായ ശുകരാകട്ടെ ഇക്കഥകളൊന്നുമറിഞ്ഞിരുന്നില്ല. അദ്ദേഹം ശൃംഗാരോദ്യാനത്തിൽ പ്രവേശിച്ചു. മന്ത്രിവര്യൻ അദ്ദേഹത്തെ പ്രവേശിപ്പിച്ചു എന്നു പറഞ്ഞാൽ കുറേക്കൂടി ശരിയായിരിക്കും.

പ്രകൃതിഭഗവതിയുടെ ലലാടതടലലാമമായി ലാലസിച്ചുന്ന ആ മോഹനപ്പൂങ്കാവനം അദ്ദേഹത്തിനു നയനഗോചരമായിഭവിച്ചു. ലോകമനോഹരമായ ആ ആരാമത്തിൽ സർവ്വത്ര കളിയാടുന്ന സൗകമാര്യാഡംബരം അതിസമർത്ഥന്മാരായ ചിത്രകാരന്മാരുടെ വിചിത്രതൂലികാചാലനത്തിനുപോലും അവിഷയമത്രേ. ലോകസൃഷ്ടിയിലുള്ള രഹസ്യങ്ങളെല്ലാം ഉള്ളിലൊതുക്കിക്കൊണ്ടു നിൽക്കുന്ന കോമളകുസുമങ്ങളുടെ ഭുവനവിമോഹനമായ പരിമളധോരണി ആരുടെ ഘ്രാണേന്ദ്രിയത്തിനാണ് നിർവൃതിനൽകാത്തത്? "പക്വഫലങ്ങളാൽ നമ്രങ്ങളായുള്ള വൃക്ഷങ്ങൾ", സൂനങ്ങൾതോറും തെണ്ടിമണ്ടിത്തേനുണ്ടു മുരണ്ടുകൊണ്ടു നടക്കുന്ന വണ്ടുകൾ, സുലളിതകോമളമായ കളകളനിസ്വനം പുറപ്പെടുവിക്കുന്ന ചെറുകിളികൾ "മഞ്ജുളമഞ്ജരീപുഞ്ജവിരാജിത"മായ നികുഞ്ജങ്ങൾ അഹോ! അഭംഗുരഭംഗി തിങ്ങിവിളങ്ങുന്നതും, ദിവ്യവും, ഭവ്യവുമായ നവ്യചൈതന്യം പ്രവഹിക്കുന്നവയുമായ ആ വിശേഷസുഷമാധാമങ്ങൾ ആരുടെ ഹൃദയത്തേയാണ് "ആനന്ദപ്പാൽപ്പുഴയിൽ ആറാടിക്കാത്തത്? അപരിമിതാനന്ദകന്ദമായ നന്ദനോദ്യാനത്തെപ്പോലും അധഃകരിക്കുന്നതും, അനിർവ്വചനീയമായ ആത്മനിർവൃതിയേയും, അതിമധുരമായ ഭാവനയേയും ജനിപ്പിക്കുന്നതുമായ ആ ഉദ്യാനം ഭൂലോകത്തിലെ അഭിനവസ്വർഗ്ഗലോകമായി പരിലസിച്ചിരുന്നുവെന്നു പറയുന്നതിൽ എന്തൊരസാംഗത്യമാണുള്ളത്?

## വിലാസിനിമാരുടെ മദ്ധ്യത്തിൽ ശുകന്റെ നില.

മധുരാധരികളായ മഹിളാമണികൾ നിവസിക്കുന്ന സുധാധവളിതങ്ങളായ സൗധങ്ങൾ പ്രസ്തുതോദ്യാനത്തിന്റെ നിസ്തുല്യകാന്തിയെ പതിന്മടങ്ങു വർദ്ധിപ്പിച്ചു. അത്യുന്നതങ്ങളായ ആ പ്രാസാദങ്ങളുടെ മുകളിലെ കിളിവാതലുകളിൽ നിന്നുനിന്നു പ്രകൃതിവിലാസങ്ങളെ അലസമായി അവലോകനം ചെയ്യുന്ന വനിതാമണികളുടെ മോഹനനയനങ്ങളിൽ കിടന്നു കളിയാടുന്ന ദിവ്യദീപ്തി അനല്പകല്പനാവിദഗ്ദ്ധന്മാരായ

മഹാകവികളുടെ ഭാവനാശോഭനമായ മാനസങ്ങളെ മാത്രമല്ല, അതിവിരക്തന്മാരായ യതികളുടെ ഹൃദയങ്ങളെപ്പോലും വ്യാകുലവും, ആനന്ദപരവശവുമാക്കിത്തീൎത്തിരുന്നു. സപൎണ്ണവൎണ്ണാംഗിമാരായവരുടെ കടക്കണ്ണുകളിൽനിന്ന് ഇടവിടാതെ പുറപ്പെടുന്ന തീക്ഷ്ണകടാക്ഷബാണങ്ങൾ—അഹഹാ! പ്രത്യസ്ത്രമെയ്ത് അവയെ ഖണ്ഡിക്കുവാൻ കരുത്തില്ലാത്ത എത്രമഹാരഥന്മാരാണ് അവക്ക് അടിമകളായിത്തീൎന്നിട്ടുള്ളത്? വിരക്തിയെന്ന ഏകധനംകൊണ്ടു ത്രൈലോക്യമശേഷം തീറുവാങ്ങാൻ നടക്കുന്ന ശുകമഹർഷി ഈ "പിത്തലാട്ടങ്ങൾ" കൊണ്ടൊന്നും ഇളകുന്ന കൂട്ടത്തിലല്ലെന്ന് ആ സാധുസ്ത്രീകൾക്കു മനസ്സിലായില്ല. "കളകോമളകാന്തികന്ദളക്കളരി"കളായ അളിവേണികളുടെ ഇളംപ്രവാളതാമ്രാധരങ്ങളിൽ ഒളിച്ചുകളിച്ചുകൊണ്ടിരുന്ന ചെറുചിരിയിൽ—ആഹ്ലാദശൂന്യന്മാരായ അനേകായിരം ആളുകളുടെ തളൎന്നുകുഴഞ്ഞ ഹൃദയങ്ങൾക്ക് അമൃതധാരയായിത്തീൎന്നിട്ടുള്ള ആ സുമധുരസുന്ദരമന്ദഹാസത്തിൽ—ധീരവാരിധികളായ അസംഖ്യം പുരുഷകേസരികളുടെ പൌരുഷത്തെ പണയത്തിലാക്കീട്ടുള്ള ആ പാലൊളിപ്പുഞ്ചിരിയിൽ—യാതൊരു പുതുമയും, പ്രത്യേകതയുമുള്ളതായി ശുകനു തോന്നിയില്ല. ആ "സ്മരവിജയപതാക"കൾക്ക് അനുരാഗപാരവശ്യത്തേക്കാളധികം അത്ഭുതപാരവശ്യമാണുണ്ടായത്. കൌതുകപരവശമാരായ കാർവേണിമാരുടെ ചേതസ്സമാകൎഷകമായ ഗീതമാധുൎയ്യത്താൽ അപഹൃതചിത്തവൃത്തിയാകാത്ത ഒരു പുരുഷൻ—കോമളാളകകളായ കളധൌതാംഗികളുടെ കളകണ്ഠകണ്ഠങ്ങളിൽനിന്ന് അനൎഗ്ഗളം നിൎഗ്ഗളിക്കുന്ന സാരസ്യപൂരിതമായ സംഗീതംകേട്ടു കോൾമയിൎക്കൊള്ളാത്ത ഒരു പുരുഷൻ—തങ്ങളുടെ മുഖത്തു കരിതേക്കുവാനായി വന്നിരിക്കുന്നതോൎത്ത് അവൎക്കെല്ലാം വളരെ ലജ്ജ തോന്നി. ലോകപിതാമഹന്റെ സൌന്ദൎയ്യപേടകത്തിൽകൊള്ളാതെ തുള്ളിത്തുളുമ്പിയിരുന്ന ശൃംഗാരസത്തുമൂൎത്തിഭവിച്ചതുപോലെ പ്രോജ്ജ്വലിച്ചിരുന്ന ആ രത്നസൃഷ്ടികൾ ശുകനെ മ

ന്മഥോന്മഥിതമാനസനാക്കാതെ അടങ്ങുകയില്ലെന്നു ശപഥം ചെയ്തു. അവർ ആട്ടവും, പാട്ടും, നൃത്തവും, വാദ്യവുമെല്ലാം പൊടിപൊടിച്ചു നടത്തിനോക്കി. കനകനൂപുരങ്ങളുടെ കളമഞ്ജുളശിഞ്ജിതംകൊണ്ടു പരിസരപ്രദേശങ്ങൾ മുഖരിതങ്ങളായി. കാൽത്തളകളുടെ കിലുകിലാരവംകേട്ടു കാമുകാഗ്രേസരന്മാർ—പോരാ, വിടശിരോമണികൾ—അവസ്ഥാസ്പദമായ ചരണകമലങ്ങളുടെ മനോഹാരിതയെക്കൂടി ആസ്വദിച്ചു. പൂർണ്ണചന്ദ്രമണ്ഡലത്തിൽനിന്നും മധുരസാന്ദ്രമായി പ്രവഹിക്കുന്ന കുളിർവെണ്ണിലാവു ഭൂമിയിൽ വെള്ളിച്ചാറൊഴുക്കേണ്ടതാമസമേയുണ്ടായുള്ളു. അപ്പോഴേയ്ക്കും എത്രയെത്ര ജാലങ്ങളിൽനിന്നാണ്, എത്രയെത്ര മണിമുററങ്ങളിൽനിന്നാണ് എത്രയെത്ര വള്ളിക്കുടിലുകളിൽനിന്നാണ് ജഗന്മോഹിനികളായ രമണീമണികളുടെ “സുധാനിർജ്ഝരോൽകൃഷ്ടമാധുര്യ”ഗീതങ്ങൾ പ്രവഹിച്ചതെന്നു തീർത്തുപറവാൻ പ്രയാസമാണ്. തങ്ങളുടെ സംഗീതവൈഖരീലഹരിയിൽ ശുകർ ലീനനായിപ്പോയെന്ന് ആ അബലകൾ നിശ്ചയിച്ചു. ശ്രീശുകമഹർഷി തങ്ങളുടെ സംഗീതഗംഗാതരംഗത്തിൽ മുങ്ങിപ്പോയെന്ന് ആ അംഗനമാർ തീർച്ചയാക്കി. സാധുസ്ത്രീകൾ. അവരെന്തറിഞ്ഞു? അവരുടെ വിചാരം എത്ര വിഡ്ഢിത്തരമായിപ്പോയി? അവരുടെ മിഥ്യാഭിമാനംകൊണ്ട് എന്തുഫലമാണുള്ളത്? അവരുടെ മധുരസംഗീതം ശുകരെ സംബന്ധിച്ചിടത്തോളം വെറും വനരോദനമായിട്ടാണ് കലാശിച്ചതെന്നു അവർ അറിഞ്ഞിട്ടില്ലെന്നുവരുമോ? മീനകേതന ദേവന്റെ പ്രതാപപ്രഭാവാദികളെ തൃണപ്രായമായി ഗണിച്ചിരുന്ന ഒരു പുരുഷസിംഹത്തെയാണ് തങ്ങളുടെ കടാക്ഷവലയിൽ അകപ്പെടുത്തുവാൻ ശ്രമിച്ചതെന്നു കാലേക്കൂട്ടി അറിഞ്ഞിരുന്നെങ്കിൽ ആ വിലാസിനികൾക്കു മാനഹാനി നേരിടുമായിരുന്നോ? അല്ലയോ ലലനാലലാമങ്ങളെ! ത്രൈലോക്യസുന്ദരികളെ! “സാന്ദ്രാനന്ദാവബോധാത്മക”മായ സംഗീതം—സനാതനാനന്ദമരന്ദസുന്ദരമായ ദിവ്യസംഗീതം—ആരുടെ ഹൃദയത്തിലാ

ണോ അനവരതം മുഴങ്ങിക്കൊണ്ടിരിയ്ക്കുന്നതു്—ആ മഹാത്മാവിൻെറ മധുരോദാരഗംഭീരമായ ഹൃത്തടത്തെ നിങ്ങളുടെ സംഗീതശൃംഖലകൊണ്ടു ബന്ധിയ്ക്കുവാൻ സാധിയ്ക്കുമോ? നിങ്ങൾ എന്തൊരു കഥയില്ലാത്ത കൂട്ടരാണ്? നിങ്ങളുടെ ഓരോ വാക്കുകളിലും, നോക്കുകളിലും, പോക്കുകളിലും, പാട്ടുകളിലും, നാട്യങ്ങളിലും, ആട്ടങ്ങളിലും, മിരട്ടുകളിലും പകിട്ടുകളിലും, വേഷങ്ങളിലും, വിലാസങ്ങളിലും എന്നുവേണ്ട—നിങ്ങളുടെ സകല ഇന്ദ്രജാലപ്രയോഗങ്ങളിലും—തിങ്ങിവിങ്ങിക്കവിയുന്ന ശൃംഗാരരസക്കുഴമ്പിൽ ഒരു ശകലമെങ്കിലും ശുകമഹർഷിയുടെ ഹൃദയത്തിൽ പുരണ്ടിട്ടില്ല.

ശൃംഗാരം ഭക്തിയായി പരിണമിച്ചതു്.

"സാരസ്യപീയൂഷസാരസർവ്വസ്വ"ങ്ങളായ ആ നാരീശിരോമണികൾ മഹർഷിയുടെ ചുററും ചെന്നു പാറിക്കളിക്കുവാനും, അദ്ദേഹത്തിനുവേണ്ട ശുശ്രൂഷകൾ ചെയ്യാനും പൂർവ്വാധികം ശ്രദ്ധപതിപ്പിച്ചുതുടങ്ങി. അവരിൽ ഓരോരുത്തരും തങ്ങളുടെ വികൃതചേഷ്ടകളെ പരിത്യജിച്ച് ഹൃദയപൂർവ്വമായ ഭക്തിയോടുകൂടി മഹർഷിവര്യൻെറ പാദശുശ്രൂഷ ചെയ്യാനാരംഭിച്ചു. അവരുടെ കാമപാരവശ്യം ഭക്തിപാരവശ്യമായി പരിണമിച്ചുകഴിഞ്ഞു. അവരിൽ ഭക്തിരസം അങ്കുരിച്ചതു് അന്നാണ്. ഭക്തിയുടെ ശക്തിയും, മാഹാത്മ്യവും അവർ ഒന്നാമതായി അറിഞ്ഞതും അന്നത്രെ. അനേകജന്മാർജ്ജിതമായ സുകൃതവിപാകത്താൽ പരിലബ്ധമായ മാനുഷജന്മം പുരുഷന്മാരെ വശീകരിച്ചു പാവ കളിപ്പിയ്ക്കുവാനുള്ളതല്ലെന്നു് അവർക്ക് നല്ലവണ്ണം മനസ്സിലായി. കന്ദർപ്പമന്ത്രംതന്നെ ഉരുക്കഴിച്ച് ജന്മസാഫല്യം വരുത്താമെന്നുള്ള വിചാരം ശുദ്ധമേ അബദ്ധമാണെന്ന് അവർ അറിഞ്ഞുകഴിഞ്ഞു. കാമദേവനെപ്പോലെ ശക്തിയുള്ള മറെറാരാൾ ഏതുലോകത്തിലുമില്ലെന്നുതന്നെയാണ് അവർ കരുതിക്കൊണ്ടിരുന്നതു്. ആ ദേവൻെറ അനുഗ്രഹത്തിനു പാത്രീഭവിച്ചവരായ തങ്ങൾക്ക് അതിൽ കവിഞ്ഞതായ മറെറാരാളുടേയും അനുഗ്രഹം വാങ്ങാനുണ്ടാകുമെന്നു് അവർ

സ്വപ്നേപി വിചാരിച്ചിരുന്നില്ല. പാവങ്ങളുടെ വിചാരമെല്ലാം എത്രക്ഷണം മാറിപ്പോയി? അദ്ദേഹത്തിൻെറ അനുകമ്പാമസൃണമായ അനുഗ്രഹത്തിനു പാത്രമായാൽ മതിയെന്നായി ഓരോരുത്തരുടേയും വിചാരം. അദ്ദേഹത്തിൻെറ ഹൃദയംതുറന്നുള്ള ഒരു ചിരികണ്ടിട്ടു മരിച്ചാൽ കൊള്ളാമെന്നുപോലും അവരിൽ പലരും ആഗ്രഹിച്ചു. ഹാ! അദ്ദേഹത്തിൻെറശ്രദ്ധയ്ക്കു വിഷയീഭവിയ്ക്കുന്നതു് അവൎക്കെത്ര ചാരിതാൎത്ഥ്യജനകമായിരുന്നു? ബ്രഹ്മവൎച്ചസ്വിയായ അദ്ദേഹത്തിൻെറ ഒരു പുഞ്ചിരി കാണുവാൻ അവർ എത്രകൊതിച്ചു? അഭിനവവിലാസസരസമായ അഭിനയത്താൽ ആരേയും വശീകരിയ്ക്കുന്ന ആ ശശിമുഖികൾ മഹൎഷിവൎയ്യൻെറ തിരുമുമ്പിൽ തൊഴുകയ്യുമായി നില്പായി. തങ്ങളുടെ അപരാധത്തെ ക്ഷമിച്ചനുഗ്രഹിയ്ക്കണമെന്നു് അവർ പലതവണ അദ്ദേഹത്തോടഭ്യൎത്ഥിച്ചു. എന്നാൽ ബ്രഹ്മനിഷ്ഠനായ ശുകമഹൎഷിയാകട്ടെ, ഇതൊന്നും അറിയുന്നില്ല. അദ്ദേഹം ഇതൊന്നും കാണുകയോ കേൾക്കുകയോ ചെയ്യുന്നില്ല. ശ്രവണനയനാദികളായ അവയവങ്ങളൊന്നും അദ്ദേഹത്തിനില്ലാതില്ല. പക്ഷെ ആത്മാരാമനായ അദ്ദേഹത്തിനു മററുവല്ലതും കണ്ടുരമിയ്ക്കുകയോ, മററുവല്ലതും കേട്ടുരസിയ്ക്കുകയോ, ചെയ്യേണ്ട ആവശ്യമേയില്ലായിരുന്നു. ജരാനരകൾകൊണ്ടു് ഒരുകാലത്തും വാടിത്തളൎന്നുപോകാത്തതും, എന്നും നവനവമായ ദിവ്യമാധുരിയോടുകൂടി വിലസുന്നതുമായ യഥാൎത്ഥസൗന്ദൎയ്യം സൎവ്വത്രകളിയാടിക്കൊണ്ടിരിയ്ക്കുന്ന ഒരപ്രത്യക്ഷലോകത്തിൽ അദ്ദേഹത്തിൻെറ ആത്മാവു ശാന്തമായി വിഹരിയ്ക്കുകയാണു ചെയ്യുന്നതു്.

## ജനകൻ ശുകനെ സ്വീകരിക്കുന്നതു്.

സുന്ദരീജനമദ്ധ്യസ്ഥിതനായിരുന്നെങ്കിലും, തൻെറ അനുഷ്ഠാനങ്ങളെല്ലാം അദ്ദേഹം യഥാവിധി നടത്തിയിരുന്നു. ആറുദിവസം അങ്ങനെ കഴിഞ്ഞുകൂടി. ഏഴാംദിവസം പ്രഭാതമായി. അതിഥിയായ ശുകൻെറ അതി തീവ്രമായ വൈരാഗ്യവും, സൎവ്വതോമുഖമായ ധൎമ്മനിഷ്ഠയും കണ്ടു ജനകമ

ഹാരാജാവു് അത്യാശ്ചൎയ്യഭരിതനായി. അപരിച്ഛേദ്യനും, അധൃഷ്യനുമായ ഒരു ഋഷിവൎയ്യനെ അളന്നുനോക്കുവാൻ പുറപ്പെട്ടതു് അളവില്ലാത്ത സാഹസമായിപ്പോയെന്നു് അദ്ദേഹത്തിനു തോന്നി. ജനകമഹാരാജാവിന്നു് കൊട്ടാരത്തിൽ അടങ്ങിയിരിക്കുവാനുള്ള കരുത്തുണ്ടായില്ല. അദ്ദേഹം സപരിവാരം ശുകമഹർഷിയുടെ സമീപത്തുചെന്നു. സകലജനമനോമോഹിനികളായ മാനിനീമൗലികളാൽ പരിവൃതനെങ്കിലും, ബ്രഹ്മനിശ്ചലധ്യാനനിരതനായി സ്ഥിതിചെയ്യുന്ന ശുകമഹർഷിയെ കണ്ടു് അത്ഭുതഭക്തിബഹുമാനാദരപരവശനായ മഹാരാജാവു് അദ്ദേഹത്തെ അഭിവാദ്യം ചെയ്തു. തന്റെ ആചാൎയ്യപുത്രനായ ശുകരുടെ വാചാമഗോചരമായ മാഹാത്മ്യം ശുദ്ധാന്തഃകരണനായ ജനകന്റെ നയനങ്ങളിൽ നനവുണ്ടാക്കി. ഗുരുവരൻ തനിക്കു നൽകിയിട്ടുള്ള നവരത്നഖചിതമായ ആസനത്തിൽ ശുകമഹർഷിയെ ഇരുത്തുകയും, അനന്തരം അദ്ദേഹത്തെ വിധിമന്ത്രപുരസ്സരം അൎഘ്യപാദ്യാദികൾകൊണ്ടു പൂജിക്കുകയും ചെയ്തു. കുശലപ്രശ്നാദികൾക്കുശേഷം മഹാരാജാവും, മഹർഷിയുടെ അനുവാദപ്രകാരം സമീപത്തുതന്നെ ആസനസ്ഥനായി. ആത്മജ്ഞാനികളിൽ അഗ്രേസരനെങ്കിലും ഒരു ഗൃഹസ്ഥനും, സന്യാസിയും തമ്മിലുള്ള അന്തരത്തെ അദ്ദേഹം പ്രവൃത്തിരൂപേണ പ്രസ്പഷ്ടമാക്കുകയത്രേ ചെയ്തതു്. അദ്ദേഹം ശുകരോടിപ്രകാരം പറഞ്ഞു:—അങ്ങയുടെ പാദപ്രപാതത്താൽ ഈ പ്രദേശം പരിപൂതമായിരിക്കുന്നു. അങ്ങയെ കാണ്മാനും, സംസാരിക്കുവാനും എനിക്കെത്രമാത്രം ആഗ്രഹമുണ്ടായിരുന്നുവെന്നുള്ളതു് ഒരു പക്ഷെ അങ്ങേക്കറിയാമായിരിക്കാം. അങ്ങയുടെ പിതാവും, എന്റെ വന്ദ്യഗുരുവുമായ ശ്രീവ്യാസഭഗവൽപാദങ്ങളെ കണ്ടുവന്ദിക്കുവാനായി ഞാൻ അങ്ങോട്ടുവരണമെന്നു വിചാരിച്ചിരിക്കയായിരുന്നു. ഏതായാലും ഇങ്ങോട്ടെഴുന്നള്ളിയതു വളരെ ഭാഗ്യമായി. അവിടത്തെ ആഗമനാരംഭത്തിൽ അല്പം അനാദരവും, അശ്രദ്ധയും പ്രദശിപ്പിച്ചിട്ടുള്ളതിന്റെ അൎത്ഥം വിസ്തരിച്ചു പറയണമെന്നില്ല

ല്ലോ. ആ ഒരൊററ സംഗതികൊണ്ടാണ് അങ്ങ് സകലരു ടേയും ആരാധനാപാത്രമായിത്തീൎന്നിട്ടുള്ളതു്. അഹംകാര തിമിരാന്ധകളായ അനേകം മഹിളാമണികൾക്കു "ജ്ഞാനാഞ്ജനശലാക"യായിത്തീൎന്നിട്ടുള്ള അങ്ങയുടെ മാഹാത്മ്യം എങ്ങനെയാണ് വെളിപ്പെടുത്തേണ്ടതു്? "ലാവണ്യദുഗ്ദ്ധം കടഞ്ഞെടുത്ത തൂവെണ്ണപോലെ" കണ്ണിണയ്ക്കമൃതകുംഭമായ രാമനപ്പെൺകിടാങ്ങളെ—ശൃംഗാരദേവതയുടെ തമോമയമായ പരിരംഭണത്തിനു കീഴ്പ്പെട്ടു മതിമയങ്ങിക്കിടന്നിരുന്ന അംഗനാശിരോമണികളെ ബ്രഹ്മചാരിണികളാക്കുവാൻ അങ്ങയ്ക്കല്ലാതെ മററുവല്ലവൎക്കും കഴിഞ്ഞിട്ടുണ്ടോ? അതിനെല്ലാം ഹേതുഭൂതൻ ഞാൻതന്നെയാണെന്നുള്ളതു് എനിക്കെത്രയും അഭിമാനജനകമായിരിക്കുന്നു. അങ്ങയുടെ അഭൂതപൂൎവ്വമായ ആഗമനത്തിനുള്ള കാരണങ്ങളും മററും സവിസ്തരം അരുൾചെയ്യണേ!.

ജനകൻ ഇത്രയും പറഞ്ഞു ശുകമഹൎഷിയുടെ വചനാമൃതത്തെ ആസ്വദിക്കാൻ സന്നദ്ധനായിനിന്നു. ചേതോഹരമായ ഒരു കുളുർപുഞ്ചിരി പൊഴിച്ചുകൊണ്ടു ശുകർ ഇപ്രകാരം അരുളിച്ചെയ്തു.

## ശുകൻെറ സംശയങ്ങൾ.

അല്ലയോ ജനകമഹാരാജാവേ! അങ്ങയ്ക്കു മംഗളം ഭവിക്കട്ടെ. അങ്ങ മിഥിലരാജവംശനഭോമണ്ഡലത്തിൽ ജാജ്വല്യമാനനായി സ്ഥിതിചെയ്യുന്ന സൂരിസൂൎയ്യനാണ്. സൎവ്വതന്ത്രസ്വതന്ത്രനും, ദിഗന്തവിശ്രാന്തവിശ്രുതനുമായ അങ്ങയെ കാണ്മാനും, അങ്ങയുടെ സുധാനിഷ്യന്ദികളായ സൂക്തിതല്ലജങ്ങളെ ആസ്വദിക്കുവാനും വേണ്ടിയാണ് ഞാൻ ഇവിടെ വന്നിരിക്കുന്നതു്. മഹൎഷികല്പനായ അങ്ങയുടെ ഹൃദയാന്തൎഭാഗത്തു നിന്നും വഴിഞ്ഞൊഴുകുന്ന ഗഹനമനോഹരമായ വചനങ്ങൾ ഏതൊരു വജ്റഹൃദയത്തെയാണ് ആൎദ്രമാക്കാതിരുന്നിട്ടുള്ളതു്? വിശുദ്ധിവിളനിലമായ അങ്ങയുടെ ഹൃദയാകാശഗംഗാപ്രവാഹം ആരുടെ കളങ്കപങ്കത്തെയാണ് കഴുകിക്ക

ളുയാതിരുന്നിട്ടുള്ളതു? നിവൃത്തിധൎമ്മപാലകരായ മഹാരാജാക്കന്മാരിൽ പ്രഥമഗണനീയൻ അങ്ങുതന്നെയാകുന്നു. അനുകരണീയങ്ങളായ ആദൎശങ്ങൾകൊണ്ടു് ആപാദചൂഡം അഭിരാമമായ അങ്ങയുടെ ജീവിതരീതി കണ്ടുപഠിക്കുന്നതിനും, അതിനെ പ്രായോഗികമാക്കിത്തീൎക്കുന്നതിനുമായിരിക്കണം പിതാവു് എന്നെ ഇങ്ങോട്ടയച്ചിട്ടുള്ളതു്. എൻെറ സന്ദേഹങ്ങളെല്ലാം ഞാൻ അങ്ങയെ അറിയിക്കാം. ധൎമ്മരഹസ്യങ്ങളെന്തെല്ലാം? ആത്മജ്ഞാനം സമ്പാദിക്കേണ്ടതെങ്ങിനെ? മുമുക്ഷുക്കൾ അനുഷ്ഠിക്കേണ്ട മുറകൾ എന്തെല്ലാം? മോക്ഷം പ്രാപിക്കേണ്ടതു ജ്ഞാനം, ഭക്തി, തപസ്സ് എന്നിവകളിൽ ഏതുകൊണ്ടാണു്? ഇത്യാദി ചോദ്യങ്ങൾക്കു് എത്രയും സ്പഷ്ടമാംവണ്ണം ഉത്തരം പറയുവാൻ അങ്ങക്കുള്ള സാമൎത്ഥ്യം കന്നു വേറെതന്നെയാണെന്നു പിതാവു പലപ്രാവശ്യവും അരുളിച്ചെയ്കയുണ്ടായിട്ടുണ്ടു്. ഉത്തമോത്തമനായ അങ്ങു് എൻെറ സകലസംശയങ്ങളേയും ദൂരീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശുകമഹൎഷിയുടെ മുഖത്തുനിന്നും നിൎഗ്ഗളിച്ച അമൃതധാരയെ ആസ്വദിച്ച പരമാനന്ദഭരിതനായിത്തീൎന്ന ജനകൻ ഇപ്രകാരം പറഞ്ഞുതുടങ്ങി.

## നാലാം അദ്ധ്യായം.

### ജനകൻെറ പ്രഭാഷണവും, സംശയനിവൃത്തിയും.

സ്വധൎമ്മങ്ങളെ യാതൊരു കുറവുംകൂടാതെ യഥാവിധി അനുഷ്ഠിക്കുകയെന്നുള്ളതാണു് ആരുടേയും കൎത്തവ്യകൎമ്മം. സ്വധൎമ്മമാണു് പരമോൽകൃഷ്ടജീവിതനിയമമെന്നു സകലധൎമ്മശാസ്ത്രങ്ങളും ഐകകണ്ഠ്യേന സമ്മതിക്കുന്നു. ഫലാപേക്ഷകൂടാതേയും, ഇന്ദ്രിയങ്ങളുടെ പുറകെ ഓടാതേയും സ്വധൎമ്മബോധത്താൽ മാത്രം പ്രേരിതനായി കൎമ്മംചെയ്യുന്നവനാരോ അവനാണു് പുരുഷൻ. സ്വധൎമ്മത്തെ നിറവേറുന്ന

തിനായി വേണ്ടിവന്നാൽ, മരണത്തെ വരണം ചെയ്യുന്നതിന്നു മടിക്കാത്തവനും, രക്തബന്ധമുള്ളവരെപ്പോലും കൊല്ലാതെ സ്വധർമ്മാനുഷ്ഠാനം അസാദ്ധ്യമെന്നു തോന്നിയാൽ അപ്രകാരം ചെയ്യും സ്വധർമ്മത്തെ നിറവേറുവാൻ ക്ലേശമില്ലാത്തവനും മാത്രമേ ജന്മസാഫല്യം സിദ്ധിക്കുകയുള്ളു. സകലദുഃഖങ്ങളുടേയും മൂലകാരണം ദ്വൈതഭാവനയത്രേ. താദൃശമായ ഭാവനയുടെ ആദികാരണം ദേഹാഭിമാനമാണ്. ശരീരാഭിമാനത്തിന്റെ കാരണം അവിദ്യയാണ്. വേദാന്തശ്രവണത്താൽ അവിദ്യ നശിക്കുകയും തദ്വാരാ ഞാൻതന്നെ ബ്രഹ്മമെന്നുള്ള ഭാവന ജനിക്കുകയും ചെയ്യുന്നു. പുനരുല്പത്തിബീജമായ ലിംഗശരീരം അപ്പോഴാണ് നശിക്കുന്നതു്. ലിംഗശരീരനാശമൂലം സ്ഥൂലശരീരസംബന്ധം വേർപെടുകയും, ജീവാത്മാ പരമാത്മാവെന്നുള്ള ദ്വൈതഭാവനയിൽനിന്നുമോചിക്കുകയും ചെയ്യുന്നു. അപ്പോഴാണ് നിത്യാനന്ദമനുഭവിക്കുന്നതു്.

ജനനംകൊണ്ടുമാത്രം ഒരുത്തൻ യഥാർത്ഥബ്രാഹ്മണനാകുന്നതല്ല. ബ്രാഹ്മണൻ ജനിച്ചകാലംമുതൽ അവനു വിധിച്ചിട്ടുള്ള കർമ്മങ്ങളെ യഥാവിധി നിറവേറ്റണം. ഓരോരുത്തർക്കും ഓരോ നിലയിൽ ഓരോകർമ്മം അനുഷ്ഠിക്കുവാനുണ്ട്. സന്ന്യാസിയുടെ ധർമ്മം ഗൃഹസ്ഥന്റെ ധർമ്മത്തിനനുയോജ്യമല്ല. ബ്രഹ്മചാരിയുടെ ധർമ്മം വാനപ്രസ്ഥന്റെ ധർമ്മത്തിനൊത്തിരിക്കുയില്ല. ഒന്നു മറ്റൊന്നിനേക്കാൾ ശ്രേഷ്ഠമെന്നോ, നികൃഷ്ടമെന്നോ പറയുന്നതു് അതിന്റെ അനുഷ്ഠാനരീതിയുടെ തന്മയത്വത്തെ അനുസരിച്ചാണ്. ഓരോ ധർമ്മങ്ങളും അതാതിന്റെ സ്ഥാനത്തിനനുസരിച്ച ശ്രേഷ്ഠമാണ്. പ്രായോഗികപദ്ധതിയുടെ യോഗ്യതായോഗ്യതകളനുസരിച്ചാണു ധർമ്മത്തിന്റെ സാധുത്വാസാധുത്വങ്ങളെ നിർണ്ണയിക്കേണ്ടതു്. സ്വധർമ്മഭ്രഷ്ടനായി ജീവിതം നയിക്കുന്ന ഒരു സന്ന്യാസിയേക്കാളും ഒരുത്തമഗൃഹസ്ഥൻ എത്രയും ശ്രേഷ്ഠനാകുന്നു. സ്വധർമ്മമിന്നതെന്നു മനസ്സിലായാൽ പിന്നെ അതിനെ അനുഷ്ഠിക്കാതിരിക്കുന്നതു മഹാപാപമാകുന്നു. പരസ്പരവിരുദ്ധങ്ങളായ ധ

ന്മങ്ങളുടെ അന്തരാളത്തിൽപെട്ട്, ഇതി കത്തവ്യതാമൂഢരായി കാലം നയിക്കുന്നവർ ധാരാളമുണ്ട്. സമസ്യപ്ഷ്ടങ്ങളുടെയിടയിലിരുന്നുകൊണ്ടുതന്നെ തങ്ങളുടെ കത്തവ്യത്തെ ധമ്മാനുസൃതമായി ചെയ്യാൻ പ്രാപ്തിയില്ലാതെ ഭീരുത്വംനിമിത്തം കാനനത്തിൽപോയി തപസ്സുചെയ്യുന്നവരനേകരാൾ പ്രലോഭനങ്ങളുടെ മദ്ധ്യത്തിലിരുന്നുകൊണ്ട് അവയെ കീഴടക്കുന്ന ധീരപുരുഷൻ അത്യന്തം ശ്രേഷ്ഠനാകുന്നു. ധമ്മത്തെ യഥാവിധി ആചരിക്കണമെന്ന് എല്ലാം ശാസ്ത്രകാരന്മാരും വിധിക്കുന്നുണ്ട്. ധമ്മാധമ്മചിന്തനത്തിൽ ആചാര്യന്മാരെല്ലാം ഭിന്നാഭിപ്രായക്കാരാണ്. ഒരാളുടെ അഭിപ്രായം മറ്റൊരാൾക്കു സമ്മതമാകുന്നില്ല. ഒരാചാര്യൻ പറഞ്ഞതിനെ മറ്റൊരാചാര്യൻ ഖണ്ഡിക്കുന്നു. വേദങ്ങളോരോന്നും ഓരോതരത്തിൽ വിധിക്കുന്നു. മഹഷിമാരുടെ അഭിപ്രായങ്ങൾക്കു സാദൃശ്യം കാണുന്നില്ല. എന്നാൽ ധമ്മത്തിന്റെ പരമാത്ഥതത്വമാകട്ടെ ഒരുത്തരും ശരിക്കറിഞ്ഞിട്ടില്ല. ധമ്മനിഷ്ഠന്മാരിൽ അഗ്രേസരനാണെന്നു സ്വയം അഭിമാനിക്കുന്നവരും എത്ര അധമ്മപ്രവൃത്തികൾ ചെയ്യുന്നു. അവന്റെ ഉച്ഛ്വാസനിശ്വാസങ്ങൾകൊണ്ടു സൂക്ഷ്മതരങ്ങളായ എത്ര ജന്തുക്കൾക്ക് അപായം നേരിടുന്നു. നയനഗോചരമല്ലെങ്കിലും ഈ ലോകത്തിൽ സവ്വത്ര നിറഞ്ഞിരിക്കുന്ന ഊഹഗോചരമായ എത്ര പരമാണുക്കളെ ധമ്മൈകനിരതനായ ഒരുവൻ ക്ഷണനേരംകൊണ്ടു നശിപ്പിച്ചുകളയുന്നു. അഹിംസ പരമോത്തമമായ തത്വമാണെന്ന് ആരാണ് സമ്മതിക്കാത്തത്? ഹിംസയിൽ പ്രാണനാശം മാത്രമല്ലാ ഉൾപ്പെടുന്നത്. അഹിംസ കായികമായും, വാചികമായും, മാനസികമായും അനുഷ്ഠിക്കണം. യാതൊരു പ്രാണിക്കും, യാതൊരു തരത്തിലും, യാതൊരുകാലത്തിലും ദുഃഖമുണ്ടാക്കാതിരിക്കുന്നവൻ അഹിംസയുടെ രഹസ്യമറിഞ്ഞവനാണ്. എന്നാൽ ഇതെങ്ങനെ സാധിക്കും? ആതതായികളെ എങ്ങനെ വെറുതെവിടും? പ്രാണനാശത്തിനോ, ഭവനനാശത്തിനോ, ധനനാശത്തിനോ വേണ്ടി

നിർദ്ദയം നേരിടുന്നവനെ ശിക്ഷിയ്ക്കാതിരിക്കുന്നതെങ്ങനെ? ആതതായികളെ യഥാവിധി ശിക്ഷിക്കാതിരുന്നാൽ ലോകം അധർമ്മപൂരിതമായിത്തീരുകയില്ലേ? മനഃപൂർവ്വം ദ്രോഹിക്കാൻ തയാറായിവരുന്ന നീചൻ ബ്രാഹ്മണനോ, വിദ്വാനോ, ബാലകനോ, വൃദ്ധനോ ആരുതന്നെ ആയിക്കൊള്ളട്ടെ—അവനെ കൊല്ലാതെ ജീവനോടുകൂടി വിടരുതെന്നും, അതുകൊണ്ടു പാപമില്ലെന്നും, അവന്റെ അധർമ്മംതന്നെയാണ് അവനെ വധിക്കുന്നതെന്നും ധർമ്മശാസ്ത്രങ്ങൾ സന്നിഷ്കർഷം പ്രതിപാദിക്കുന്നു. അതീതന്മാർക്ക് അബാധകങ്ങളെങ്കിലും ലോകതന്ത്രങ്ങൾ അവരും അറിഞ്ഞിരിക്കണം. ലോകക്ഷേമത്തിനുവേണ്ടി പ്രയത്നിക്കുന്ന മഹാത്മാക്കൾ ധർമ്മരഹസ്യമറിവാൻ ശ്രമിക്കുന്നില്ലെങ്കിൽ ലോകം എത്രമാത്രം അധോഗതിയെ പ്രാപിക്കും. രാഗാദിരോഗസമ്പന്നന്മാരായ ദുഷ്ടമൂർത്തികളാൽ നിബിഡീകൃതമായ ലോകത്തിൽ അഹിംസയെ മുറുകെപ്പിടിച്ചുകൊണ്ടു ജീവിക്കുന്നതെങ്ങിനെ? സത്യത്തെത്തന്നെ സമാദരിച്ചു ജീവിതയാത്ര നിർവ്വഹിക്കുന്നതെങ്ങനെ? എന്നിങ്ങനെയുള്ള സംശയങ്ങൾ മഹാമതികൾക്കുപോലുമുണ്ടായിട്ടുണ്ട്. സ്ഥായിയായ ക്ഷമയോ, സ്ഥായിയായ കോപമോ ഗുണകരമല്ലെന്നും, സർവ്വദാ ക്ഷമയോടുകൂടിയിരിക്കുന്നവന്റെ ഭാര്യാപുത്രധനാദികളെക്കൂടി അവൻ കണ്ടുകൊണ്ടിരിയ്ക്കെ അന്യന്മാർ ബലാൽക്കാരമായി കൊണ്ടുപൊയ്ക്കളയുമെന്നും, അതുപോലെ സ്ഥിരമായ കോപവും നാശകരമാണെന്നും മഹാന്മാർ പ്രവചിക്കുന്നു.

സത്യത്തെപ്പോലെ പരമോൽകൃഷ്ടമായ ഒരു ധർമ്മമേതാണ്? സത്യത്തിലല്ലേ സർവ്വവും സുപ്രതിഷ്ഠിതമായിട്ടുള്ളത്? ആകാശം, ഭൂമി, വായു, ജലം, അഗ്നി എന്നിവയെല്ലാം ഏതൊരു മഹാശക്തിയുടെ പ്രഭാവംകൊണ്ടാണോ നിലനില്ക്കുന്നത്—അതുതന്നെയാണ് സത്യം. ഈശ്വരനെ സത്യസ്വരൂപനെന്നു പറയുന്നതും മറ്റൊന്നുകൊണ്ടുമല്ല. സർവ്വഭൂതങ്ങൾക്കും ഹിതകരമായിട്ടുള്ളതുമാത്രമേ സത്യമാകുകയുള്ളൂ. അന്യർക്കും, തനിയ്ക്കും ദോഷംചെയ്യാത്ത വാക്കുതന്നെയാണ് സ

ത്യഭാഷിതം. പരന്മാക്കും, തനിക്കും ദോഷംചെയ്യാത്ത പ്രവൃത്തിതന്നെയാണ് സത്യപ്രവൃത്തി. ഇതരന്മാക്കും, തനിക്കും ഉപദ്രവമേല്ക്കാത്ത വിചാരമാണ് സത്യവിചാരം. കണ്ടതു കണ്ടപോലെ പറയുന്നതു സത്യമല്ലെന്നു ചില ശാസ്ത്രകാരന്മാർ സിദ്ധാന്തിക്കുന്നു. സംസാരിക്കാതിരിപ്പാൻ സാധിക്കുമെങ്കിൽ എന്തൊക്കെ വന്നാലും സംസാരിക്കരുത്. സംസാരിക്കാതെ ഗത്യന്തരമില്ലെന്നു വരുമ്പോൾ-സംസാരിച്ചുപോയാൽ അപകടം നേരിടുമെന്നുള്ള സന്ദർഭത്തിൽ-സത്യത്തേക്കാൾ കള്ളമാണ് നല്ലത് എന്ന് മറ്റു ചില ശാസ്ത്രകാരന്മാർ ഘോഷിക്കുന്നു. പലരേയും നശിപ്പിക്കുന്ന വാക്കോ, പ്രവൃത്തിയോ സത്യമല്ല. സമസ്തഭൂതങ്ങൾക്കും ഹിതകരമായതുതന്നെയാണ് സത്യം. അസത്യവാദംകൊണ്ടുമാത്രമേ പ്രാണധാരണംചെയ്വാൻ സാദ്ധ്യമാകുകയുള്ളുവെന്നുവരുന്ന ഘട്ടത്തിൽ അപ്രകാരം ചെയ്യുന്നതാണ് സത്യം എന്ന് മറ്റു ചിലർ ജല്പിക്കുന്നു. പ്രാണനെക്കളഞ്ഞു സത്യത്തെ രക്ഷിക്കേണ്ടതില്ല. എന്തെന്നാൽ സത്യവും, ധർമ്മവുമെല്ലാം പ്രാണധാരണത്തിനു ശേഷമാണ് എന്ന് മറ്റു ചില ശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുന്നു. ധർമ്മത്തിനും, സത്യത്തിനും ഒരിടത്തും ഐകരൂപ്യം കാണുന്നില്ല

ആത്മജ്ഞാനികളുടെ അഭിപ്രായം മറ്റൊരു തരത്തിലാണ്. അവർ ക്ഷുദ്രങ്ങളായ വാദങ്ങളെ വകവയ്ക്കുന്നില്ല. തനിക്കുവേണ്ടിയോ, മറ്റുള്ളവരുടെ ഇഷ്ടത്തിനുവേണ്ടിയോ കളിയായിട്ടുപോലും ഒരിക്കലും. പൊളിപറയാത്തവനുമാത്രമേ സൽഗതിയുള്ളു എന്നുതന്നെയാണ് അവരുടെ മതം. നിർദ്ദോഷമായ സിദ്ധാന്തം ഇതത്രേ. കുലാചലങ്ങളെല്ലാം ക്ഷണംക്ഷണമായി നുറുങ്ങിപ്പോകട്ടേ. ആദിത്യൻ പടിഞ്ഞാറുദിക്കട്ടെ. അഗ്നിദേവൻ ശീതളനാകട്ടെ—എന്തുതന്നെ വന്നുകൊള്ളട്ടെ—സത്യത്തിൽനിന്നും ഒരടിപോലും പിന്നോട്ടു മാറരുത്. മരണഭയംകൊണ്ടാണ് അസത്യം പറയുന്നതെങ്കിൽ അത്രത്തോളം ശോചനീയമായിട്ടെന്താണുള്ളത്? എങ്ങനെയെങ്കിലും ജീവിക്കുകയെന്നുള്ളതാണോ പരമപുരുഷാർത്ഥം?

ബലിപിണ്ഡം കൊത്തിത്തിന്നു കാകൻ വളരെക്കാലം ജീവിക്കുന്നില്ലേ? തവളയെ പിടിച്ചുതിന്നുകൊണ്ടു പാമ്പുകൾ ദീൎഘകാലം ജീവിക്കുന്നില്ലേ? ദുഷ്ടമൃഗങ്ങൾ ദുർബലജന്തുക്കളെ കൊന്നുതിന്നു എത്ര വളരെക്കാലം ജീവിക്കുന്നു? എങ്ങനെയൊക്കെ ജീവിച്ചാലും ഒരുദിവസം മരിക്കാതെ കഴികയില്ല. ഹംസതൂലശയ്യയിൽകിടന്നു അനേകകാലം അപമാനപാത്രമായി ജീവിക്കുന്നവനേക്കാൾ അരനിമിഷനേരം ജീവിച്ച്, ധൎമ്മജന്യമായ പരാക്രമവഹ്നിയിൽ സ്വശരീരത്തെ ആഹുതിചെയ്യുന്നവൻ എത്ര സുകൃതിയാണ്. പഞ്ചഭൂതസഞ്ചിതമായ ശരീരത്തെക്കാൾ യശശ്ശരീരത്തെയാണ് അവൻ വിലവെയ്ക്കുന്നത്. പരോപകാരത്തിനുവേണ്ടി തങ്ങളുടെ പ്രാണനെ പരമാനന്ദപൂൎവ്വം ബലികഴിച്ചിട്ടുള്ള എത്രയോ മഹാത്മാക്കളുണ്ടായിട്ടുണ്ട്. ദേവന്മാരുടെ അപേക്ഷപ്രകാരം തന്റെ ശരീരത്തെ മന്ദഹാസപൂൎവ്വം ഉപേക്ഷിച്ച ആ മഹാനുഭാവനായ ദധീചി മഹൎഷിയുടെ പാദാരവിന്ദത്തെ തന്റെ പ്രാണാംകുതംകൊണ്ടു കഴുകിയാൽപ്പോലും ആൎക്കാണ് അലംഭാവമുണ്ടാകുന്നത്? ഒരു കപോതത്തിന്റെ പ്രാണനെ രക്ഷിക്കാൻവേണ്ടി യമധൎമ്മരാജാവിനു തന്റെ ദേഹത്തിലുള്ള മാംസമറുത്തുകൊടുത്ത് ആ കരുണാസാഗരനായ ശിബിയെപ്പററി സ്മരിക്കുമ്പോൾ ആൎക്കാണു രോമാഞ്ചമുണ്ടാകാത്തതു്? ലോകഹിതത്തിനുവേണ്ടി ജീവിക്കുന്ന മഹാത്മാക്കൾ ശരീരത്തെ വലിയ കാൎയ്യമായി കരുതുന്നില്ല. അവർ അധികകാലം ജീവിച്ചിരിക്കാനല്ല ശ്രമിക്കുന്നത്. ഒരു നിമിഷനേരം ജീവിച്ചാലും അത് ലോകോപകാരത്തിനുവേണ്ടിയായിരിക്കണമെന്നുമാത്രമേ അവൎക്കുദ്ദേശമുള്ളു.

ധൎമ്മത്തെ മുറുകെപ്പിടിച്ചുകൊള്ളുക. ധൎമ്മത്തെ ത്യജിച്ചാൽ ധൎമ്മം അവനെ അധഃപതിപ്പിക്കും എന്നു ധൎമ്മശാസ്ത്രമൎമ്മജ്ഞന്മാരെല്ലാം ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നു. എന്നാൽ ധൎമ്മസ്വരൂപമാകട്ടെ സൂക്ഷ്മാൽ സൂക്ഷ്മതരമായിരിക്കുന്നു. അതിമേധാവികളായ മഹാന്മാൎക്കുപോലും ധൎമ്മസ്വരൂപനിരൂപണത്തിൽ അബദ്ധം പററിയിട്ടുണ്ട്. ശ്രുതസ്വവിഷ

യത്തിൽ ആയിരം അച്ഛനേക്കാൾ അമ്മക്കു പ്രാമാണ്യമുണ്ടെന്നു വാദിക്കുന്നവർതന്നെ അച്ഛൻെറ ആജ്ഞയെ ആദരിച്ച് അമ്മയെ വാളൂരി വെട്ടിയ പരശുരാമനെ പ്രശംസിക്കുന്നു. മാതാപിതാക്കന്മാരേക്കാൾ സൎവ്വഥാ ശ്രേഷ്ഠത്വം ഗുരുവിനാണെന്നു പറയുന്നവർതന്നെ കാൎയ്യാകാൎയ്യവിവേചനശീലമില്ലാത്ത ഗുരുവിനെ ശാസിക്കുന്നതുകൊണ്ടു ദോഷമില്ലെന്നു അഭിപ്രായം പുറപ്പെടുവിക്കുന്നു. എന്നാൽ ഈവക കാൎയ്യങ്ങളുടെ ഉള്ളിൽ ഒളിഞ്ഞുകിടക്കുന്ന രഹസ്യങ്ങളെപ്പററി സൂക്ഷ്മവിചിന്തനം ചെയ്കയെന്നുള്ളത് അത്ര സുസാദ്ധ്യമല്ല. മഹാജനങ്ങളുടെ മാൎഗ്ഗത്തെ അനുകരിച്ചുകൊള്ളുവിൻ എന്നഭിപ്രായം വളരെ യുക്തിയുക്തമായിരിക്കുന്നു. എന്നാൽ വിശിഷ്ടപുരുഷന്മാരെന്നു ലോകം തലകുലുക്കി കൊണ്ടാടിയിട്ടുള്ളവരുടെ കഥയാലോചിച്ചാലോ? അതിലും ജനസാമാന്യത്തിന് ആശക്കു വഴിയില്ല. ലോകരുടെ സ്തുതിയേയോ, നിന്ദയേയോ ഗൌനിക്കാതെ അക്ഷോഭ്യമായ സ്ഥൈൎയ്യധൈൎയ്യാദികളോടും, അചഞ്ചലമായ ആത്മവിശ്വാസത്തോടും, അപ്രതിഹതമായ സ്വാഭിപ്രായധീരതയോടും, അപാരമായ പരോപകാരപരതയോടുംകൂടി ജീവിതതരണം ചെയ്തവരാണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്ന മഹാപുരുഷന്മാരുടെ കാലടികളെ പിൻതുടരാമെന്നു വച്ചാലോ? അവതാരപുരുഷനായ ശ്രീരാമൻ അജാതപാപനയായ തൻെറ ധൎമ്മപത്നിയെ ലോകാപവാദംമൂലം പരിത്യജിച്ചു. തന്നോടു യാതൊരു ദ്രോഹവും ചെയ്യാത്തവനും, തനിക്കുവേണ്ടി എന്തു ചെയ്വാനും സന്നദ്ധനായിരുന്നവനുമായ ആ അതിപരാക്രമിയായ ബാലിയെ സുഗ്രീവനോടുള്ള വാത്സല്യാതിശയംനിമിത്തം അദ്ദേഹം ചതിച്ചുകൊന്നുകളഞ്ഞു. ധൎമ്മമൎമ്മജ്ഞനായ ധൎമ്മപുത്രൎക്കും, വീരവാരിധികളായ നാലു സഹോദരന്മാൎക്കുംകൂടി പാഞ്ചാലി ഒരുത്തി മാത്രമാണ് ഭാൎയ്യ. അതികശ്മലനായ ദുശ്ശാസനൻ പതിവ്രതാരത്നമായ പാഞ്ചാലിയെ മഹാസഭയിൽവച്ച് അതി നഗ്നമാംവണ്ണം ആക്ഷേപിച്ചപ്പോൾ— ഉടുപുടവ വലിച്ചിഴച്ചും, തലമുടിക്കു ചുററിപ്പി

ടിച്ചു താഡിച്ചും അതി നീചമാംവണ്ണം അപമാനിച്ചപ്പോൾ- പണ്ഡിതമണ്ഡലാഖണ്ഡലന്മാരായ ഭീഷ്മദ്രോണാദികളുടെ പൗരുഷവും, കർത്തവ്യനിഷ്ഠയുമെല്ലാം എവിടെപ്പോയി? പാണ്ഡവന്മാർ നിരപരാധികളാണെന്നറിഞ്ഞിരുന്നിട്ടും ദുഷ്ടബുദ്ധിയായ ദുര്യോധനനോടു ചേർന്നു സമരം നടത്തിയ ആ മഹാരഥന്മാരുടെ ഉദ്ദേശം എന്തായിരുന്നു? അധമസേവാവൃത്തി ശ്വാനവൃത്തിയാണെന്നറിവുള്ള ആ മഹാപുരുഷൻ—സ്വച്ഛന്ദമൃത്യുവായ ആ വീരകേസരി—പ്രശാന്തഗംഭീരനും, നിത്യബ്രഹ്മചാരിയുമായ ആ ഭീഷ്മപിതാമഹൻ—എന്തുകൊണ്ടു ദുര്യോധനപക്ഷത്തു നിന്നു പിന്മാറിയില്ല? അമരനായകനായ ദേവേന്ദ്രൻ ജുഗുപ്സാവഹങ്ങളായ എത്രകൃത്യങ്ങളാണ് നടത്തിയിട്ടുള്ളതു? "സ്വർല്ലോകാധിപനായ ആ കാമകിങ്കരൻ എന്തെല്ലാം അപകടങ്ങളിലാണ് ചെന്നുചാടിയിട്ടുള്ളതു? ദേവന്മാർ അസുരന്മാരെ പല പ്രാവശ്യം ചതിച്ചില്ലേ? ഉന്നതസ്ഥാനലബ്ധിക്കായി പരിശ്രമിക്കുന്നവരെ അധഃപതിപ്പിക്കുവാൻ വേണ്ടി അസൂയാമലീമസമാനസനായ വാസവൻ ചെയ്തിട്ടുള്ള സാഹസങ്ങൾക്കു കയ്യും കണക്കുമുണ്ടോ? ഇങ്ങനെ നോക്കിയാൽ യാതൊരവസാനവുമില്ല.

ആപൽക്കാലങ്ങളിൽ പ്രാണരക്ഷയ്ക്കുവേണ്ടി ചെയ്യുന്ന നീചകർമ്മങ്ങളെപ്പോലും "ആപൽധർമ്മം" എന്ന പ്രത്യേക ഭാഗത്തിൽ ചേർക്കാനും, അവയ്ക്കു സാധുത്വം കല്പിക്കാനും ആചാര്യന്മാർ ശ്രമിച്ചിട്ടുണ്ട്. അതിലെല്ലാം ലയിച്ചുകിടക്കുന്ന തത്വങ്ങൾ സാധാരണക്കാരുടെ ദൃഷ്ടിക്കു് അഗോചരങ്ങളാണ്. അവയെല്ലാം ദോഷഭൂയിഷ്ഠങ്ങളാണെന്നു പറവാൻ ആർക്കും അവകാശമില്ല. എന്തെന്നാൽ എല്ലാവർക്കും എല്ലാക്കാലത്തും ഒരുപോലെ പ്രയോഗികമാക്കാവുന്ന ഒരു ധർമ്മതത്വമില്ല. കാലവ്യത്യാസംപോലെ ലൗകിക വ്യാവഹാരികധർമ്മങ്ങളും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. മഹാപുരുഷന്മാരുടെ ദുഷ്പ്രവൃത്തികളിൽ കണ്ണോടിക്കാതെ അവരുടെ സർവ്വാതിശായിയായ സൽപ്രവൃത്തികളെ അനുകരിക്കുകയാണ് വേണ്ടതു്.

ഒന്നിന്റെയും ബാഹ്യഭാഗങ്ങളെമാത്രം നിരീക്ഷിക്കുന്നതുകൊണ്ടു തൃപ്തിപ്പെടരുതു്. ബാഹ്യവും, ആഭ്യന്തരവുമായ ഭാഗങ്ങളിൽ ചുഴിഞ്ഞു പ്രവേശിച്ചു് ത്യാജ്യഗ്രാഹ്യവിവേചനം ചെയ്യാൻ സമൎത്ഥനായ ഒരുവനു് തന്റെ ശേമുഷീശേഷികൊണ്ടു തന്നെ അഭിമാനവും, നിൎദ്ദോഷവുമായ ഒരു മാൎഗ്ഗം കണ്ടുപിടിക്കുവാൻ സാധിക്കും. അത്രമാത്രം കരുത്തില്ലാത്ത മന്ദബുദ്ധികൾ മഹാന്മാരുടെ പ്രവൃത്തികളിലുള്ള ദോഷഭാഗങ്ങളെ ഉപേക്ഷിച്ചു് ഗുണഭാഗങ്ങളെമാത്രം അനുകരിക്കണം. ദാനം അതി വിശിഷ്ടമായ ഒരു ധൎമ്മമാണു്. എന്നാൽ പാത്രാപാത്രനിൎണ്ണയംകൂടാതെ അതു ചെയ്താലോ? ദാനത്തിന്റെ സീമയെ അതിലംഘിച്ചാലോ? അതി ദാനശീലംകൊണ്ടു് മഹാബലിയും, കൎണ്ണനും നാശഗൎത്തത്തിൽ പതിച്ചുപോയില്ലേ? എല്ലാത്തിനും ഓരോ നിലയുണ്ടു്. നിലതെറ്റിയാൽ മലയും തകൎന്നുപോകും. ആചരണരീതിയുടെ ആധിക്യത്താൽ ധൎമ്മം തന്നെ ചിലപ്പോൾ അധൎമ്മമായിപ്പോകുന്നു. സ്നേഹം വിശിഷ്ടമായ ഒരു സൽഗുണമാണു്. എന്നാൽ ക്രമത്തിലധികമായാൽ അതു് ദോഷമായി പരിണമിക്കും. സന്ദൎഭാനുസൃതമായ ഔചിത്യദീക്ഷയോടുകൂടിചെയ്യുന്ന ധൎമ്മാചരണം ശ്രേയസ്സിനെ പ്രദാനം ചെയ്യുമെന്നുള്ളതിൽ സംശയമില്ല. പൂൎവ്വാപരവിരുദ്ധങ്ങളെന്നു തോന്നാവുന്നവയും, തക്കതായ ഉദ്ദേശത്തെ ലക്ഷ്യമാക്കി അനുഷ്ഠിക്കപ്പെട്ടിട്ടുള്ളവയുമായ ധൎമ്മങ്ങളെ സാധാരണക്കാരുടെ പരിമിതമായ മാനദണ്ഡംകൊണ്ടളന്നു് തിട്ടപ്പെടുത്തുന്നതു് അനുചിതവും, അസാദ്ധ്യവുമാണു്. ആത്മജ്ഞാനികളുടെ ആചരണങ്ങൾ അടിയുറച്ച ഏതോ ഒരു പരമാൎത്ഥകേന്ദ്രത്തിൽനിന്നുത്ഭവിക്കുന്നവയായിരിക്കും. യഥാൎത്ഥമായ ആത്മജ്ഞാനം ലഭിച്ചിട്ടുള്ളവനു് യാതൊരു പാതകകൃത്യങ്ങൾകൊണ്ടും നാശം സംഭവിക്കുകയില്ലെന്നുള്ളവിഷയത്തിൽ ആചാൎയ്യന്മാൎക്കാൎക്കും ഭിന്നാഭിപ്രായമില്ല. ആത്മജ്ഞാനാഗ്നി സൎവ്വ കൎമ്മങ്ങളേയും ഭസ്മീകരിക്കുന്നു. ഇതു് അഖണ്ഡിതവും, സൎവ്വജനാദരണീയവുമായ തത്വമാണു്. ധ

മ്മത്തിന്റെ മൂലതത്വമറിയണമെങ്കിൽ ആത്മജ്ഞാനം സമ്പാദിക്കണം. ആത്മജ്ഞാനഹീനന്മാർക്ക് മഹാത്മാക്കളുടെ പ്രവൃത്തികളിൽ അന്തർഭവിച്ചുകിടക്കുന്ന രഹസ്യങ്ങളോ, ധമ്മാധമ്മങ്ങളോ അറിവാൻ കഴികയില്ല. എന്നാണോ ആത്മജ്ഞാനികളുടെ സംഖ്യ വർദ്ധിയ്ക്കുന്നത്—അന്ന് അധർമ്മികളുടെ സംഖ്യ ചുരുങ്ങും. ലോകംമുഴുവനും ആത്മജ്ഞാനാമൃതം പാനം ചെയ്യുന്ന ഒരുകാലം വരുമെങ്കിൽ അന്നു അധമ്മത്തിന്റെ നിഴൽപോലും കാണുകയില്ല.

ധമ്മത്തെ സാധാരണം, അസാധാരണം, വിശേഷം ആപത്ത് എന്നിങ്ങനെ നാലുതരത്തിലാണ് വിഭജിച്ചിരിയ്ക്കുന്നത്. ഭോഗലോലുപന്മാരായ ഇന്ദ്രിയാരാമന്മാരുടെ ഉച്ഛൃംഖലവൃത്തികളെ യഥാവിധി നിയന്ത്രിക്കാനും, അവരെ മോക്ഷഫലപ്രദമായ നിവൃത്തിമാർഗ്ഗത്തിലേയ്ക്ക് ആനയിക്കുവാനും വേണ്ടി ലോകാനുഗ്രഹതല്പരന്മാരായ മഹർഷിമുഖ്യന്മാർ വിശേഷധർമ്മത്തിന്റെ ഒരു പ്രധാന വിഭാഗമായി ആശ്രമധമ്മങ്ങളെ പ്രതിപാദിച്ചിരിയ്ക്കുന്നു. ആശ്രമധർമ്മങ്ങളിൽ പ്രഥമഗണനീയമായിട്ടുള്ളത് ബ്രഹ്മചര്യാശ്രമമത്രേ. അദ്ധ്യാത്മവിദ്യാഭ്യാസത്തിനുള്ള സൗവർണ്ണഘട്ടം ഇതുതന്നെയാണ്. കായികവും, മാനസികവും, ആത്മികവുമായ സംസ്കാരങ്ങളുടെ യോഗ്യതായോഗ്യതകളാണ് വിജയപരാജയങ്ങൾക്ക് നിദാനമായിരിയ്ക്കുന്നത്. ജീവിതദശയുടെ പ്രഥമഘട്ടമായ ബ്രഹ്മചര്യാശ്രമമാണ് ഒരുവന്റെ സകല ഉൽക്കർഷാപകർഷങ്ങൾക്കും അടിസ്ഥാനമായിരിക്കുന്നത്. ബ്രഹ്മചര്യത്തിൽ എത്രത്തോളം നികർഷിക്കുന്നുവോ അത്രത്തോളം ജീവിതവും സുഖപര്യവസായിയായിത്തീരും. ബ്രഹ്മചര്യം, ആത്മജ്ഞാനദീപത്തെ പ്രോജ്വലിപ്പിക്കുവാനുള്ള തൈലമാകുന്നു. ആധിഭൗതികം, ആധിദൈവികം, ആദ്ധ്യാത്മികം എന്നീ ത്രിവിധ അഭ്യുദയങ്ങൾക്കും അധിഷ്ഠാനഭൂതമായ ദിവ്യശക്തിയുടെ ഏകീകരണം ബ്രഹ്മചര്യാശ്രമത്തിലാണ് നിർഭരമായിരിക്കുന്നത്. വിദ്യധാരണം, ഗുരുശുശ്രൂഷ, ജ്ഞാനസമ്പാദനം എന്നിവമൂന്നും ബ്രഹ്മചാരിയുടെ പരമകത്തവ്യങ്ങളാണ്.

വിജയശ്രീലാളിതനായ ബ്രഹ്മചാരിയാണ് ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിക്കേണ്ടതു്. ഭാൎയ്യയിലുള്ള ഈശ്വരാംശത്തെ കാണുവാൻ കഴിവുള്ളവനു് ഗൃഹസ്ഥാശ്രമം ഒരിക്കലും ഭാരമായിത്തീരുകയില്ല. വിഷയലമ്പടന്മാരായ വിടകേസരികളുടെ അധൎമ്മപൂരിതമായ ഹൃദയമാണ് ഗൃഹസ്ഥാശ്രമത്തിന്റെ രമ്യതയെ നശിപ്പിച്ചുകളഞ്ഞിട്ടുള്ളതു്. ഉത്തമ ഗൃഹസ്ഥന്മാരുടെ അഭാവം ലോകനാശത്തിനുപോലും പൎയ്യാപ്തമായിത്തീൎന്നേക്കാം. ലോകമന്ദിരത്തിന്റെ അസ്ഥിഭാരംതന്നെ അവരാണ്. ഒരു യഥാൎത്ഥഗൃഹസ്ഥനായി ജീവിതംനയിക്കുന്നവൻ ഒരു യഥാൎത്ഥസന്ന്യാസിയേക്കാൾ ഒരുതരത്തിലും താണവനല്ല. എല്ലാം അതാതിന്റെ സ്ഥാനത്തിൽ ശ്രേഷ്ഠമെന്നിരുന്നാലും, പ്രലോഭനങ്ങളുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്തുകൊണ്ടു് അവയെ കീഴടക്കി ഗൃഹസ്ഥാശ്രമവിധിപ്രകാരമുള്ള സകല കൃത്യങ്ങളും ശരിക്കനുഷ്ഠിച്ചു് നിസ്വാൎത്ഥനായി ജീവിതം നയിക്കുന്ന ഗൃഹസ്ഥൻ മറ്റെല്ലാവരേക്കാളും ശ്രേഷ്ഠനാണെന്നു പറയുന്നതിൽ വലിയ തെറ്റില്ല. ഗൃഹസ്ഥൻ നാനാവിധകൎമ്മങ്ങളിൽ വ്യാപൃതനെങ്കിലും പ്രാപ്യസ്ഥാനത്തെപ്പറ്റിയുള്ള വിചാരമാണ് അവനിൽ മുന്നിട്ടുനില്ക്കേണ്ടതു്. സന്ന്യാസിക്കാകട്ടെ, ഏകാഗ്രമാനസനായിരിക്കുന്നതിന് ഗൃഹസ്ഥനേക്കാൾ എത്രയോ സൗകൎയ്യമുണ്ടു്. യഥാൎത്ഥ ബ്രഹ്മചാരിയേയും ഉത്തമഗൃഹസ്ഥനേയും, പരമാൎത്ഥവാനപ്രസ്ഥനേയും തയാറാക്കിവിടുന്ന ഗൃഹസ്ഥന്റെ ഉത്തരവാദിത്വം എത്രമഹത്തരമെന്നാലോചിക്കുക. ഗൃഹസ്ഥനില്ലെങ്കിൽ ബ്രഹ്മചാരിയും, വാനപ്രസ്ഥനും, സന്ന്യാസിയും ഒരു കാലത്തുമുണ്ടാകുകയില്ല. ലോകരക്ഷാദക്ഷനും, സ്വധൎമ്മപാലനൈകനിരതനുമായ ഗൃഹസ്ഥന്റെ പരമപാവനമായ ജീവിതംപോലെ അമൂല്യമായി മറ്റൊന്നും തന്നെയില്ല. അവനാണ് ലോകത്തിലെ കെടാവിളക്കു്. അവനാണ് ഭൂലോകകല്പവൃക്ഷം.

ധൎമ്മപരായണമായ ഐക്യത്തിൽനിന്നു് സംജാതമാകുന്ന സംസ്കാരകാരകമായ പാവനപ്രേമം ദമ്പതികളുടെ മൂ

ലധനമത്രെ. ആ പരിപക്വമായ നിർമ്മലപ്രേമത്തിൻെറ വിശിഷ്ടതയും, ഗരിഷ്ഠതയും എങ്ങിനെയാണ് വെളിപ്പെടുത്തുന്നത്. ആ പ്രേമം ഇന്ദ്രിയങ്ങളെ തൃപ്തിപ്പെടുത്തുവാനുള്ളതല്ല. അത് ഹൃദയത്തെ അപ്രത്യക്ഷമായ ഒരു ചൈതന്യലോകത്തിലേയ്ക്ക് ആനയിയ്ക്കുവാനുള്ളതത്രെ. അസ്ഥിരവും, നശ്വരവുമായ കാമമെവിടെ? അനശ്വരവും, പരമപാവനവുമായ പ്രേമമെവിടെ? കാമം ലോകത്തെ നരകസദൃശമാക്കുന്നു. പ്രേമം ലോകത്തെ സ്വർഗ്ഗസമാനമാക്കുന്നു. കാമകാകോളം ലോകത്തെ നശിപ്പിയ്ക്കുന്നു. പ്രേമപീയൂഷം ലോകത്തെ കുളൿപ്പിയ്ക്കുന്നു. ഇതാണ് കാമത്തിനും, പ്രേമത്തിനും തമ്മിലുള്ള വ്യത്യാസം. ഈശ്വരനെ പ്രേമസ്വരൂപനെന്നു പറയുന്നതിൽ നിന്നുതന്നെ പ്രേമത്തിൻെറ സർവ്വാതിശായിയായ മാഹാത്മ്യം വെളിപ്പെടുന്നില്ലേ? ഗൃഹസ്ഥൻ താദൃശമായ പ്രേമത്തിൽ മഗ്നനാകണം. അവൻെറ കുലതന്തുക്കളെല്ലാം ആ അതിമഹത്തരമായ ദാമ്പത്യപ്രേമത്തിൻെറ ദിവ്യഫലങ്ങളത്രെ. "നളിനീദളമംബുവൽ" എന്ന തത്വത്തെ പ്രായോഗികമാക്കിത്തീർക്കുവാൻ ഗൃഹസ്ഥനു സാധിച്ചാൽ അവർ പരമഭാഗ്യവാനായി. ഉത്തമ ഗൃഹസ്ഥൻെറ അനുഷ്ഠാനപദ്ധതികളിൽ പ്രഥമഗണനീയമായിട്ടുള്ളത് പഞ്ചമഹായജ്ഞങ്ങളാകുന്നു. അതിഥിപൂജനത്തിൽ സവിശേഷം ശ്രദ്ധിക്കുന്ന. ഗൃഹസ്ഥൻ ഗൃഹസ്ഥാശ്രമധർമ്മത്തിൻെറ മൂലതത്വമറിഞ്ഞവനാണ്. ഗൃഹസ്ഥാശ്രമികൾക്ക് അതിഥികൾ ഈശ്വരതുല്യന്മാരാകുന്നു. ഭർത്തൃശുശ്രൂഷകൊണ്ട് സ്ത്രീകളും, ഗുരുശുശ്രൂഷകൊണ്ട് ബ്രഹ്മചാരികളും, നിരാഹാരവ്രതംകൊണ്ട് വാനപ്രസ്ഥനും, സർവ്വസംഗപരിത്യാഗംകൊണ്ട് സന്യാസിയും എപ്രകാരം സൽഗതി നേടുന്നുവോ അപ്രകാരംതന്നെ അതിഥിസല്ക്കാരമെന്ന മഹായജ്ഞംകൊണ്ടുമാത്രം ഗൃഹസ്ഥനും സൽഗതിയെ പ്രാപിക്കുന്നു. ധനസമ്പാദനത്തിനുവേണ്ടി സ്വധർമ്മത്തെ മറന്നു പ്രവർത്തിക്കുന്ന ഗൃഹസ്ഥൻ മഹാപാപിയാകുന്നു. അവൻ പരിശുദ്ധമായ വ്യവസായങ്ങൾകൊണ്ടാണ്

ധനമാൎജ്ജിക്കേണ്ടതു്. ധനമാകട്ടെ, നദീജലംപോലെ ക്ഷണം ക്ഷണം വന്നും, പോയിയുമിരിക്കും. അതു് ഒരുദിക്കിലും, ഒരിക്കലും സ്ഥിരമായി നില്ക്കുകയുമില്ല. ധനസമ്പാദനത്തിനുവേണ്ടിത്തന്നെ ജീവിതത്തെ ബലികഴിക്കുന്ന ഗൃഹസ്ഥന് — അന്യായമായ വിധത്തിൽ ദ്രവ്യാൎജ്ജനംചെയ്തു് പരന്മാരെ ദ്രോഹിക്കുന്ന ഗൃഹസ്ഥന് — നരകക്കുഴിയിൽ നിന്നു കരകയറുവാൻ കഴികയില്ല. ശ്രൗതസ്മാൎത്തകൎമ്മങ്ങളെ യഥാവിധി ചെയ്യുന്ന ഗൃഹസ്ഥന് ഇഹലോകത്തിൽ സുഖസമൃദ്ധിയുണ്ടാകുന്നതിനു പുറമേ, പരലോകത്തിൽ സൽഗതിയും സിദ്ധിക്കുന്നു.

വാനപ്രസ്ഥാശ്രമസ്ഥിതനും, ഗൗരവതമമായ പല കൎമ്മങ്ങളും ചെയ്യാനുണ്ടു്. സന്യാസാശ്രമത്തെ വിജയപ്രദമാക്കണമെങ്കിൽ വാനപ്രസ്ഥാശ്രമി പലമുൻകരുതലുകളും ചെയ്തിരിക്കണം. തപോനിഷ്ഠനായ വാനപ്രസ്ഥൻ ആഹാരവിഷയത്തിൽ അതിയായി നിഷ്കൎഷിക്കണം. അവൻ ഭക്ഷണത്തെ ക്രമത്തിൽ കുറച്ചുകുറച്ചു് മാസത്തിലൊരിക്കലാക്കത്തക്ക ശക്തനായി ഭവിക്കണം. വേനല്ക്കാലത്തു പഞ്ചാഗ്നിമദ്ധ്യത്തിലുറച്ചിരുന്നും, വൎഷകാലത്തു കഴുത്തോളം വെള്ളത്തിലിറങ്ങിനിന്നും യഥാവിധി തപസ്സുചെയ്തു് വാനപ്രസ്ഥൻ ദിവസങ്ങളെ കഴിച്ചുകൂട്ടുകയാണു് വേണ്ടതു്. യോഗപരിശീലനവും, സ്വാദ്ധ്യായവും മുടക്കമെന്നിയേ നടത്തണം. യമ, നിയമം, സന, പ്രാണായാമ, പ്രത്യാഹാര, ധാരണാ, ധ്യാന, സമാധികളെ ഉത്തമനായ ആചാൎയ്യന്റെ അടുക്കൽനിന്നും വളരെ കരുതലോടുകൂടി അഭ്യസിച്ചു് അനുഷ്ഠാനത്തിൽ വരുത്തണം. ഇതിനൊന്നിനും ശക്തനല്ലാത്ത വാനപ്രസ്ഥൻ ഫലമൂലാദികളെ ഭക്ഷിച്ചു് ഭഗവൽ ഭജനനിരതനായി കാലം കഴിക്കേണ്ടതാണു്.

അടുത്തതു സന്യാസമാണു്. സമ്യക്കാകുംവണ്ണമുള്ള ന്യാസത്തിനു് അവകാശവും, അധികാരവും, ധീരതയുമുള്ള ഉത്തമന്മാർ എത്രയും അപൂൎവ്വമത്രേ. ഐഹികസുഖവിരക്തന്മാ

രും, ശമദമാദിസാധന സമ്പന്നന്മാരും, മോക്ഷേച്ഛുക്കളുമായ തപസ്വികളുമാണ് സന്ന്യാസാശ്രമത്തിൽ പ്രവേശിക്കേണ്ടതു്. ബ്രാഹ്മണത്വമില്ലാത്തവൻ ഒരുകാലത്തും സന്ന്യസിക്കരുതു്. അതികാമംകൊണ്ടു സ്ത്രീകളും, ബ്രാഹ്മണപീഡനംകൊണ്ടു രാജാക്കന്മാരും, ഗുരുശുശ്രൂഷാരാഹിത്യംകൊണ്ടു ബ്രഹ്മചാരികളും എപ്രകാരം അധോഗതിയെ പ്രാപിക്കുന്നുവോ, അപ്രകാരംതന്നെ സ്ത്രീവിഷയാസക്തികൊണ്ടു സന്ന്യാസിമാരും അധഃപതിച്ചുപോകുന്നു. മേദസ്സു വൎദ്ധിക്കത്തക്കവിധമുള്ള ആഹാരമൊന്നും സന്ന്യാസി കഴിച്ചുപോകരുതു്. പ്രാണധാരണത്തിനുവേണ്ടി ഭക്ഷണം കഴിക്കാമെന്നല്ലാതെ കിട്ടുന്നതൊക്കെ ഭക്ഷിക്കുന്ന ഏൎപ്പാടു സന്ന്യാസിക്കു ചേൎന്നതല്ല. ഞാനെന്ന ഭാവം സന്ന്യാസത്തിൻെറ പരമശത്രുവാണ് എന്നാൽ അഖിലവും ഞാനാണെന്നു തോന്നുന്ന മഹനീയമായ മനോഭാവം സമാദരണീയമത്രേ. അമിതഭാഷണം ചെയ്യാനും, ഒരിടത്തുതന്നെ സ്ഥിരമായി താമസിക്കാനും സന്ന്യാസിക്കു നിൎവ്വാഹമില്ല. തൻെറ നേരേനോക്കി പുഞ്ചിരിതൂകുന്നവനേയും, തന്നെ വാളെടുത്തു വെട്ടുവാൻ വരുന്നവനേയും സന്ന്യാസി ഒരേനിലയിൽ വിചാരിക്കണം. അധൎമ്മം പ്രവൎത്തിക്കാതിരുന്നാൽ മാത്രം പോരാ. അധൎമ്മം ചെയ്യണമെന്നുള്ള ചിന്തയ്ക്കുകൂടി ഇടം കൊടുക്കരുതു്. സല്ക്കാരതിരസ്കാരങ്ങൾകൊണ്ടു് അനുകൂലപ്രതികൂലഭാവങ്ങളൊന്നും സന്ന്യാസിക്കുണ്ടാകാൻ പാടില്ല. കാമിനീകാഞ്ചനത്യാഗംതന്നെയാണ് യഥാൎത്ഥസുഖമെന്നു ഉത്തമനായ സന്ന്യാസി സ്വാനുഷ്ഠാനദ്വാരാ വെളിപ്പെടുത്തണം. നശ്വരമായ യാതൊരു സംഭവവും, തനിക്കനുകൂലമല്ലെന്നുള്ള തീവ്രവിചാരത്തോടുകൂടി ശ്രവണമനനനിദിദ്ധ്യാസനാദികൾചെയ്തു പരബ്രഹ്മത്തെ പ്രത്യക്ഷമായി കണ്ടറിഞ്ഞു മോക്ഷം സാധിക്കുകയാണ് സന്ന്യാസിയുടെ കൎത്തവ്യം. ബ്രഹ്മസാക്ഷാൽക്കാരമാണ് സന്ന്യാസാശ്രമത്തിൻെറ അന്തിമാദൎശം. ആത്മാവിൽ തന്നെ സുഖിക്കുന്നവനും, ആത്മാവിൽതന്നെ ക്രീഡിക്കുന്ന

വൻമാരായ യോഗി ബ്രഹ്മസ്വരൂപമായി ബ്രഹ്മത്തിൽതന്നെ ല
യിക്കുന്നു. പാപക്ഷയം വന്നവരും, സംശയമററവരും, മന
സ്സിനെ കീഴടക്കിയവരും, സകലലോകക്ഷേമപ്രവൎത്തകന്മാരു
മായ സമ്യഗ്ദൎശികൾ മോക്ഷത്തിന്നധികാരികളായി ഭവിക്കു
ന്നു. സത്യജ്ഞാനാനന്ത ചൈതന്യാത്മകവും, ചിദാനന്ദൈ
കവുമായ പരബ്രഹ്മത്തെ സ്വാത്മാവുകൊണ്ടു വീണ്ടും ധ്യാനി
ച്ചു വിദേഹമുക്തി പ്രാപിക്കുന്ന സന്ന്യാസികളുടെ അവസ്ഥ
എത്ര മഹത്തരമായിട്ടുള്ളതാണു്?

## വീണ്ടും ശുകന്റെ പ്രശ്നവും, ജനകന്റെ സമാധാനവും.

ശുകർ:—സംസാരത്തിൽ യഥാൎത്ഥസുഖത്തിന്റെ ലേ
ശംപോലുമില്ലെന്നറിഞ്ഞു വിഷയമൃഗതൃഷ്ണയിൽനിന്നു ഇന്ദ്രിയ
ങ്ങളെ നിവൎത്തിപ്പിക്കുന്നവനും, ശീതോഷ്ണസുഖദുഃഖങ്ങളിലും,
നമസ്കാരതിരസ്കാരാദികളിലും സമഭാവനയോടുകൂടി വൎത്തി
ക്കുന്നവനുമായ വിവേകിക്കു ബ്രഹ്മചൎയ്യം, ഗാൎഹസ്ഥ്യം, വാന
പ്രസ്ഥം എന്നീ ആശ്രമങ്ങളെ പടിപടിയായി കടന്നിട്ടുമാ
ത്രമേ സന്ന്യാസാശ്രമത്തിൽ പ്രവേശിക്കാൻ പാടുള്ളുവെന്നു
ശാസ്ത്രങ്ങളിൽ വിധിയുണ്ടോ?

ജനകൻ:—പൂൎവ്വകൎമ്മസംസ്കാരത്തിന്റെ അന്യാദൃശമാ
യ മാഹാത്മ്യത്താൽ ബ്രഹ്മചൎയ്യത്തിൽനിന്നുതന്നെ സന്ന്യാസ
ത്തിൽ പ്രവേശിക്കാൻ സാധിക്കുന്നതാണു്. ദേഹേന്ദ്രിയ മ
നോബുദ്ധ്യാദികളെ ജയിച്ച മുമുക്ഷുവിനു് മററു മൂന്നാശ്രമങ്ങ
ളിലും പ്രവേശിക്കാതെതന്നെ സന്ന്യാസാശ്രമസ്ഥിതനാകാം.
പക്ഷേ താദൃശന്മാരായ മഹാത്മാക്കൾ എത്രയോ ദുൎല്ലഭമാകു
ന്നു? താഴ്ന്ന പടികളെ കടക്കാതെ മുകൾപ്പടിയിൽ ചെ
ന്നെത്തുവാൻ ശ്രമിക്കുന്നവൎക്കു എത്രയോ കരുത്തും, കരുതലും
ആവശ്യമാണു്? മുകുളങ്ങളില്ലാതെ കുസുമങ്ങളെങ്ങനെയുണ്ടാ
കും? ബാലകനാകാതെ യുവാവാകുന്നതെങ്ങിനെ? ജനിക്കു
മ്പോൾതന്നെ വൃദ്ധനാകണമെന്നു വിചാരിക്കുന്നതു ശരിയാ
ണോ? ബാലനായ ഒരുവൻ സ്ത്രീസുഖമനുഭവിക്കുന്നതിനു ബു
ദ്ധപ്പെടുന്നതുകൊണ്ടു എന്തു പ്രയോജനമാണുണ്ടാകാൻ പോ

കുന്നതു്? എല്ലാററിനും ഓരോ സന്ദർഭമുണ്ടു്. സദവസരങ്ങളെ പാഴാക്കാതെ സഫലമാക്കിത്തീർക്കുവാൻ സധൈര്യം പരിശ്രമിക്കുകയാണു് വേണ്ടതു്. ശുഭവാസന ജനിക്കുന്നതുതന്നെ പ്രയാസം. അതിലും വിശേഷിച്ചു് സദ്വാസനകളെ പോഷിപ്പിക്കുവാനും, അവയെ അനുഭൂതികരമാക്കാനും ഹൃദയപൂർവ്വം യത്നിക്കുന്നവർ എത്രയോ ദുർല്ലഭമാകുന്നു. ഉള്ളതിനെ ഉള്ളവണ്ണംതന്നെ അറിവാനും, ഒരുപക്ഷെ അറിഞ്ഞുകഴിഞ്ഞാൽ അതനുസരിച്ചനുഷ്ഠിച്ചു ഫലിപ്പിക്കുവാനും എത്രയോ ക്ലേശമുണ്ടു്. ജന്മഹേതുകവും, അഹങ്കാരാസ്പദവുമായ മലിനവാസനകളെ ജയിക്കുവാനും; പുനർജ്ജന്മാങ്കുരത്തെ കരിച്ചുകളയുന്നതും, പരബ്രഹ്മപദത്തെ പ്രാപിപ്പിക്കുന്നതുമായ ശുദ്ധവാസനകളെ പരിപോഷിപ്പിക്കുവാനും പൌരുഷപൂർവ്വമായ പ്രയത്നംതന്നെയാണാവശ്യമായിട്ടുള്ളതു്. മനനം ചെയ്യുന്നവനാണു് മനുഷ്യൻ. പിന്നെയും പിന്നെയും ജനനമരണാദി ദുഃഖങ്ങളിൽപെട്ടു് കറങ്ങാതിരിക്കുന്നവനെ മാത്രമേ ഈ ലോകത്തിൽ ജീവിച്ചവനെന്നു പറവാൻ തരമുള്ളു. ഏതൊരു ജീവിതംമൂലമാണോ സംസാരമില്ലാതാകുന്നതു് — ഏതൊരു ജീവിതമാണോ ശാശ്വത സുഖത്തെ പ്രദാനംചെയ്യുന്നതു് — ഏതൊരു ജീവിതമാണോ പ്രാപ്യസ്ഥാനത്തിലെത്തുന്നതിനു് സഹായിക്കുന്നതു് — ആ ജീവിതം മാത്രമേ ജീവിതമെന്ന പേരിനു് അർഹമായി ഭവിക്കുന്നുള്ളു. തദ്വിധമായ ജീവിതം നയിക്കുന്നവനെ മാത്രമേ മനുഷ്യജീവിയെന്നു പറവാൻ സാധിക്കുകയുള്ളു. ഏതെല്ലാം ആശ്രമങ്ങളിൽ കൂടി കടന്നുപോയാലും — ഏതെല്ലാം പടികളെ ചവുട്ടിത്തള്ളിയാലും വേണ്ടില്ല, താദൃശമായ ജീവിതം നയിക്കുന്നവരെയാണു് വിദ്വാന്മാർ, ജാതന്മാരെന്നു പറയുന്നതു്. അനന്തജന്മകർമ്മാർജ്ജിതമായ സുകൃതപരിപാകത്താൽ അനുഗ്രഹീതന്മാരായ പുണ്യാത്മാക്കൾക്കു് പരിമിതങ്ങളായ നിയമങ്ങളെ സമാദരിക്കാതെതന്നെ പ്രാപ്യസ്ഥാനത്തെത്തുവാൻ സാധിക്കുന്നതാണു്. സംസാരസാഗരത്തെ തരണംചെയ്യുവാൻ ജ്ഞാനമാകുന്ന യാനപാത്രവും ആചാര്യനാകു

ന്ന കടത്തുകാരനും അവശ്യം ആവശ്യമാണ്. എന്നാൽ സമുദ്രംകടന്ന ഒരുവന് കപ്പലിന്റെ ഉപയോഗമോ, കപ്പിത്താന്റെ സഹായമോ വേണമെന്നില്ലല്ലോ. ജ്ഞാനികളാലും, ജ്ഞാനലവദുർവ്വിദഗ്ദ്ധന്മാരാലും ശുദ്ധമേ പാമരന്മാരാലും പരിപൂർണ്ണമായ ഈ ലോകത്തിന്റെ രുചിഭേദമനുസരിച്ച് പ്രാചീനാചാര്യന്മാർ നാലാശ്രമങ്ങളേയും, അതിന്നനുസരണമായ കർമ്മങ്ങളേയും ഏർപ്പെടുത്തി. ലോകധർമ്മങ്ങളുടെ നിലനില്പിനുവേണ്ടി സൃഷ്ടിച്ചിട്ടുള്ള പ്രസ്തുത നിയമങ്ങൾ ലോകം ഭിന്നരുചിയായിരിക്കുന്നിടത്തോളം കാലം ആവശ്യവുമാണ്. സമുദ്രതരണത്തിനുള്ള കപ്പൽ തുറമുഖത്തു തയ്യാറായി നില്ക്കുന്നു. അനേകായിരം ആളുകൾ അതിൽ കയറി മറുകര കടക്കുന്നു. എന്നാൽ ആ കപ്പലിൽ കയറാതെതന്നെ അക്കരപറ്റുവാൻ കഴിവുള്ളവനെ പിടിച്ചുവലിച്ച് അതിൽ കയറ്റുവാൻ ഉദ്യമിക്കുന്നതു് സാഹസമാണല്ലോ. അവനെ നിർബന്ധിക്കുവാൻ ആർക്കും അവകാശമില്ല. പ്രത്യുത, അസംഖ്യം ജനങ്ങളെക്കാൾ അതിസമർത്ഥനായ അവൻ പ്രശംസാർഹനുമാണ്.

മോക്ഷമാർഗ്ഗസംബന്ധമായി യയാതിമഹാരാജാവ് പറഞ്ഞിട്ടുള്ള അഭിപ്രായം എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. പരമാത്മാവ് നിന്റെ ഹൃദയഗുഹയിലിരിക്കുന്നു. നീ അതിനെ അന്വേഷിച്ച് എവിടെയാണ് പോകുന്നതു്? തദ്ദർശനാർത്ഥം നീ ഏതെല്ലാം സ്ഥലങ്ങളിലാണ് അലഞ്ഞുതിരിയാൻ നിശ്ചയിച്ചിരിക്കുന്നതു്. നിത്യാനന്ദാമൃതം നിറച്ചുവച്ചിരിക്കുന്നി സുവർണ്ണകുംഭം നിന്റെ കൈയിലിരിക്കുമ്പോൾ നീ ലഹരിപദാർത്ഥങ്ങളുടെ പിറകേ പാഞ്ഞുനടക്കുന്നതെന്തിനാണ്?. നിന്നിലുള്ള ആനന്ദഖനി കണ്ടുപിടിക്കാതെ നീ പരദ്രവ്യാപഹരണത്തിനൊരുങ്ങുന്നതെന്തിനാണ്? വിഡ്ഢിയായ മനുഷ്യാ! എല്ലാം നിന്നിൽതന്നെയുണ്ട്. നീ അജരനാണ്. അമരനാണ്. നിത്യനാണ്. ശുദ്ധനാണ്. നീ പിന്നെ അതിനെ അന്വേഷിച്ച് എന്തെല്ലാം അനാവശ്യങ്ങളിലാണ് ചെന്നുചാടുന്നതു്. ഹൃദയദൌർബ്ബല്യത്തെ ഉപേക്ഷിക്കുക. നിന്റെ ഭീ

ക്ഷപാകാൻ ഒന്നിനും കഴികയില്ലെന്നുള്ള നിലവരട്ടെ. ആത്മാവിനെപ്പോലെ ബലം മറെറാന്നിനുമില്ലെന്നു ധരിക്കുക. നിന്റെ അന്തൎയ്യാമിയായ ആത്മാവുതന്നെയാണ് സാക്ഷാൽ പരമാത്മാവ്. യയാതിമഹാരാജാവിന്റെ അഭിപ്രായത്തിൽ തത്വങ്ങളെല്ലാം അന്തൎഭവിച്ചിട്ടുണ്ട്.

അല്ലയോ മഹാത്മാവേ! ജ്ഞാനഭണ്ഡാഗാരമായ അവിടത്തോട് ഇതിലധികമൊന്നും പറയേണ്ട ആവശ്യമില്ല. മോക്ഷപ്രാപ്തിക്കുള്ള വഴികളെല്ലാം അങ്ങു മുമ്പേതന്നെ അറിഞ്ഞു കഴിഞ്ഞിരിക്കുന്നു. അറിവാൻ മാത്രമല്ല, അറിഞ്ഞതിനെ അനുഷ്ഠിപ്പാനും അങ്ങയെപ്പോലെ അധികംപേൎക്കു കഴിഞ്ഞിട്ടില്ല. ജ്ഞാനപ്രകാശാത്മകമായ ദിവ്യചൈതന്യം അങ്ങയുടെ മുഖത്തു സൎവ്വദാ നൃത്തംചെയ്യുന്നു. അങ്ങയുടെ പിതാവിന്റെ കൃപാകടാക്ഷത്താലാണ് ഈവക ശാസ്ത്രരഹസ്യങ്ങളെല്ലാം ഞാൻ പറഞ്ഞിട്ടുള്ളത്. എന്റെ ഹൃദയത്തെ കുറേക്കൂടി വിശാലമാക്കാനും, അങ്ങയുടെ ജ്ഞാനത്തെ പൂൎവ്വാധികം ഉറപ്പിക്കാനുമായിരിക്കണം സൎവ്വജ്ഞനായ വ്യാസഭഗവാൻ അങ്ങയെ ഇങ്ങോട്ടയച്ചിട്ടുള്ളത്. അദ്ദേഹത്തെപ്പോലുള്ള ഒരു ദിവ്യാത്മാവിന്റെ ആന്തരമായ ആശയം ആൎക്കറിവാൻ കഴിയും? എന്നാൽ ഞാൻ അവിടത്തോട് ഒരു കാൎയ്യംകൂടി തുറന്നുപറയട്ടെ. ബാല്യത്തിൽതന്നെ ഇത്ര അഗാധമായ ജ്ഞാനവും, അപരിച്ഛേദ്യമായ വിരക്തിയും സമ്പാദിക്കുവാൻ അങ്ങെക്കല്ലാതെ മററാൎക്കും കഴിഞ്ഞിട്ടില്ലെന്നു ഞാൻ സധൈൎയ്യം അഭിപ്രായപ്പെടുന്നു. അങ്ങെയുടെ ഈ സാൎവ്വഭൌമസ്ഥാനം മററാൎക്കെങ്കിലും വശപ്പെടുമെന്നു വിശ്വസിക്കുവാനും ന്യായം കാണുന്നില്ല. അങ്ങയെപ്പോലുള്ള മറെറാരു ബ്രഹ്മചാരിയില്ല. അങ്ങയെപ്പോലെ മറെറാരു സന്യാസിയുമില്ല. ധൎമ്മരഹസ്യങ്ങളെപ്പററി ഞാൻ അറിഞ്ഞിടത്തോളം അവിടത്തോടു പറഞ്ഞു കഴിഞ്ഞിരിക്കുന്നു. ഇനിയും അങ്ങെക്കു് എന്നിൽനിന്നും അറിയേണ്ടതായി വല്ലതുമുണ്ടോ?.

രാജാവിന്റെ മുഖത്തുനിന്നും പുറപ്പെട്ട വാക്കുകളെ സശ്രദ്ധം ശ്രവിച്ചുകൊണ്ടിരുന്ന ശുകർ സംതൃപ്തിസൂചകമായ ഒരു മന്ദഹാസത്തോടുകൂടി അവിടെനിന്നും പുറപ്പെട്ടു് ഹിമാലയത്തെ ലക്ഷ്യമാക്കി യാത്രതുടൎന്നു.

## അഞ്ചാം അദ്ധ്യായം

### ശുകന്റെ ഹിമാലയ യാത്ര.

ഉപനിഷജ്ജനയിത്രിയായ ഭാരതഭൂമിയുടെ മഹത്വപവിത്രതകൾക്കു് പ്രത്യക്ഷലക്ഷ്യമായ ഹിമാലയമഹാഗിരി—ദൃശ്യാദൃശ്യങ്ങളായ സമസ്ത പദാൎത്ഥങ്ങളുടേയും പരമാൎത്ഥതത്വം കരബദരീസദൃശം കണ്ടറിഞ്ഞിട്ടുള്ള മഹൎഷിപ്രവരന്മാരുടെ നിവാസസ്ഥാനമായ ഹിമാലയമഹാഗിരി—പ്രകൃതിസൗകുമാൎയ്യത്തിന്റെ മൂൎദ്ധാഭിഷിക്തോദാഹരണമായി പ്രശംസിക്കുന്ന ഹിമാലയമഹാഗിരി—അദ്ദേഹത്തിനു ലോചനഗോചരമായിഭവിച്ചു. അദ്ദേഹം പരമാനന്ദപരവശനായി. ഏതൊരു മഹാഗിരിയുടെ അചിന്ത്യമഹിമകളെക്കുറിച്ചാലോചിച്ചാണോ താൻ സുഖസ്വപ്നാനന്ദത്തിൽ ലീനനാകാറുള്ളതു്—ഏതൊരു മഹാദ്രിസാൎവ്വഭൗമന്റെ സാനുപ്രദേശങ്ങളിൽനിന്നും പുറപ്പെടുന്ന ദിവ്യസന്ദേശങ്ങളാണോ തന്റെ ഹൃദയത്തിൽ പ്രശാന്തഗംഭീരമധുരമായി പ്രതിദ്ധ്വനിച്ചുകൊണ്ടിരിക്കുന്നതു്—ആ 'ദേവാനുഭാവധര'നായ ഹിമാലയനെ സ്പൎശിച്ചപ്പോൾ തന്നെ അദ്ദേഹത്തിന്റെ നയനങ്ങളിൽനിന്നും ആനന്ദബാഷ്പം ധാരധാരയായി പ്രവഹിച്ചു. അവൎണ്ണനീയമായ ആനന്ദാതിശയങ്ങളോടുകൂടി ശുകമഹൎഷി അവിടെയെല്ലാം ചുററിനടന്നു് നോക്കിത്തുടങ്ങി. എത്രതന്നെ നിരീക്ഷിച്ചിട്ടും അദ്ദേഹത്തിന്റെ സതൃഷ്ണങ്ങളായ നേത്രങ്ങൾക്കു് അലംഭാവം തോ

ങ്ങായില്ല. പ്രപഞ്ചശില്പിയുടെ ലീലാവിലാസലാലസമായ ചൈതന്യപൂരം തിങ്ങിവിങ്ങിക്കവിയുന്ന സുകുമാരവസ്തുക്കളെ വിവേകരസസ്നിഗ്ദ്ധമായ വിലോചനങ്ങളാലവലോകനം ചെയ്യുന്നവൻ എത്ര പരമ ഭാഗ്യവാനാണ്? ശുകർ ആനന്ദത്താൽ മതിമറന്ന് പിന്നെയും സഞ്ചരിച്ചുതുടങ്ങി. ബ്രഹ്മധ്യാനലീനന്മാരായ അനേകായിരം മഹർഷിവംശരത്നദീപങ്ങൾ ഹിമവാന്റെ ഓരോ വദനകുഹരങ്ങളിലും പ്രോജ്ജ്വലിക്കുന്നത് അദ്ദേഹം കണ്ടു. മദ്ധ്യാഹ്നമാർത്താണ്ഡമയൂഖങ്ങളെപ്പോലും അധഃകരിക്കത്തക്കവിധം അത്ര തേജോമയവും, തിക്ഷ്ണവും, മോഹനവും പാവനവുമായ പ്രഭാപടലത്തെ പരിസരപ്രദേശങ്ങളിൽ പരത്തികൊണ്ടിരിക്കുന്ന ആ തേജോഗോളങ്ങളുടെ തിരുമുമ്പിൽ സാഷ്ടാംഗപ്രണാമംചെയ്ത് ശുകർ സതൃപ്തി സമ്പാദിച്ചു. കരുണാശീതളസ്വാന്തന്മാരും, പരമഹംസപരിവ്രാജകന്മാരുമായ ആ പുണ്യാത്മാക്കളുടെ പാദാരവിന്ദത്തിൽ വീണുവണങ്ങിയപ്പോൾ അവരുടെ പരമാനന്ദപീയൂഷദ്രവത്തിലൊരംശം തന്റെ ഹൃദയത്തിലേക്കു പകന്നതായി ശുകർക്ക് തോന്നി. അതേവരെ അനുഭവിച്ചിട്ടില്ലാത്തതും, അനിർവ്വാച്യമായ മാധുര്യപൂരത്താൽ മസൃണമായിട്ടുള്ളതുമായ ഒരത്യാനന്ദം അപ്പോഴാണ് അദ്ദേഹം ആസ്വദിച്ചത്.

<u>വിഷ്ണുഭഗവാന്റെ തപോനിഷ്ഠ.</u>

ദിവ്യവും, നവ്യവുമായ കാഴ്ചകളല്ലാതെ മറ്റൊന്നും അവിടെ കാണുവാനുണ്ടായിരുന്നില്ല. മലിനവും, ദുഷ്ടവുമായ യാതൊരു പദാർത്ഥങ്ങളും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പെട്ടില്ല. താൻ പലപ്പോഴും കാണണമെന്നു കരുതിയിട്ടുള്ളതും, എന്നാൽ യാതൊരു കാരണവശാലും തനിക്കപ്പോൾ കാണാൻ തരമാകുമെന്നു പ്രതീക്ഷിക്കാത്തതുമായ പലതും അദ്ദേഹം അവിടെ കാണുകയുണ്ടായി. പക്ഷിരാജനായ ഗരുഡൻ സ്വസ്വാമിയുടെ ആജ്ഞ അനുസരിപ്പാൻ തയാറായ ഭാവത്തിൽ അവിടെയൊരിടത്ത് വിനീതനായി നിൽക്കുന്നതുകണ്ട് അദ്ദേഹം വളരെനേരം സൂക്ഷിച്ചുനോക്കി. <u>പരമാത്മാ</u>

ഢായ വിഷ്ണുഭഗവാനും അട്ടത്തെവിടെയോ സ്ഥിതിചെയ്യുന്നുണ്ടെന്നു് ശുകർ ഊഹിച്ചു. അദ്ദേഹത്തിന്റെ ആ ഊഹം അസ്ഥാനത്തിലായില്ല. സകല ചരാചരസ്ഥിതനായ ഭഗവാൻ ഹൃഷീകേശൻ മാനസസരോവരതീരത്തിലിരുന്നു് അതിഘോരമായ തപസ്സു ചെയ്യുകയായിരുന്നു. ശുകർ ആശ്ചര്യപരതന്ത്രനായി അദ്ദേഹത്തിന്റെ സന്ദേഹം വദ്ധിച്ചുവന്നു. സർവ്വവ്യാപിയും, സർവ്വശക്തനുമായ വിഷ്ണു തപസ്സുചെയ്യുന്നതിന്റെ ഉദ്ദേശം കണ്ടുപിടിക്കുവാൻ അദ്ദേഹം പലവഴിക്കും ശ്രമിച്ചുനോക്കി. അദ്ദേഹം വിചാരിച്ചു; വിഷ്ണു എന്ന നാമംതന്നെ സർവ്വവ്യാപകത്വത്തിൽനിന്നു സിദ്ധിച്ചതാണു്. സൃഷ്ടിസ്ഥിതി സംഹാരകാരകനായ ഭഗവാൻ വാസുദേവൻ തപസ്സുചെയ്യുകയോ? ഇതെന്തൊരു മറിമായം! ഇപ്രകാരമുള്ള തീവ്രവിചാരധാരയിൽ മഗ്നനായ ശുകർക്കു് പെട്ടെന്നൊരു യുക്തിതോന്നി. പിതാമഹനുള്ള പരമേഷ്ഠിത്വവും, വിഷ്ണുവിനുള്ള വിഷ്ണുത്വവും, രുദ്രനുള്ള രുദ്രത്വവും യോഗശക്തികൊണ്ടാണു് സിദ്ധിച്ചതെന്നുള്ള പിതാവിന്റെ ഉപദേശം സ്മൃതിപഥത്തിൽ വന്നതോടുകൂടി അദ്ദേഹത്തിന്റെ സംശയവും നിലച്ചു. തനിക്കു സിദ്ധിച്ചിട്ടുള്ള ഓരോ അറിവുകളേയും അനുഭവത്തിൽ വരുത്താനുള്ള അവസരം ലഭിക്കുന്നതോർത്തു് അദ്ദേഹം ചരിതാർത്ഥനായി.

## വിഷ്ണുവും, വേലായുധവും.

ശുകർ അവിടെനിന്നും ഗൗരീശിഖരത്തെ പ്രാപിച്ചു. ദേവസേനാപതിയും, ശക്തിധരനുമായ സുബ്രഹ്മണ്യൻ താരകാസുരനിഗ്രഹാനന്തരം ഗൗരീശിഖരത്തിന്റെ ഉത്തുംഗഭാഗത്തിൽ വിശ്രമിക്കുകയായിരുന്നു. സകലകലാവല്ലഭനും, അത്ഭുതവിക്രമനുമായ സ്കന്ദനാകട്ടെ, അപ്രതിഹതമായ തന്റെ ശക്തിയെ ഭൂമി തുളഞ്ഞുകയറത്തക്കവണ്ണം എറിഞ്ഞിട്ടു് ഇപ്രകാരം ഉൽഘോഷിച്ചു. “പരാക്രമശാലികളും ധീരന്മാരുമായ ആരെങ്കിലുമുണ്ടെങ്കിൽ അവർ എന്റെ വേലിനെ എടുക്കട്ടെ; വീരന്മാരും, ശൂരന്മാരും ഏതു ലോകത്തെങ്കിലുമുണ്ടെങ്കിൽ അ

വർ എൻെറ ശക്തിയെ കുലുക്കിനോക്കട്ടെ". ധീരവാരിധിയായ താരകവൈരിയുടെ വാക്കുകൾ കേട്ട് ത്രൈലോക്യവാസികളെല്ലാം നടുങ്ങി. സപ്തസാഗരങ്ങൾ ഇളകിമറിഞ്ഞു. കുലാദ്രികൾ കുലുങ്ങി. അഷ്ടദിക്പാലകന്മാരെല്ലാം ഞെട്ടിത്തെറിച്ചു. സുബ്രഹ്മണ്യൻെറ ചോദ്യത്തിന് ഗംഭീരമായ ഒരു തൂഷ്ണീംഭാവമല്ലാതെ പ്രത്യുത്തരമുണ്ടായില്ല. "ഈ വേലായുധത്തെ പിഴുതെടുക്കുവാനുള്ള ശക്തി ഈ ലോകത്തിൽ ആർക്കാണുള്ളതു്" എന്ന് ലോകവാസികൾ പരസ്പരം 'മന്ത്രിച്ചു'തുടങ്ങി.

ലോകനിയാമകനായ വിഷ്ണുഭഗവാൻ ജാജ്വല്യമാനമായ ആ വേലിനെ വാമഹസ്തംകൊണ്ടു പിടികുലുക്കാനാരംഭിച്ചു. സർവ്വാന്തര്യാമിയായ ഭഗവാൻ നാരായണൻ വേലിനെ ചലിപ്പിച്ചപ്പോൾ ബ്രഹ്മാണ്ഡമണ്ഡലം മുഴുവൻ പൊട്ടിത്തെറിക്കുംവണ്ണമുള്ള ശബ്ദമുണ്ടായി. ഭഗവാൻ ആ ഉദ്യമത്തിൽനിന്നു വിരമിച്ചു. അരനിമിഷനേരംകൊണ്ട് ആ വേലിനെ മാത്രമല്ല, അതിനേക്കാൾ അതിശക്തിയുള്ള അനേകായിരം വേലുകളെ ഒന്നിച്ചു പിടിച്ചുകുലുക്കി വലിച്ചൊടിച്ചുകളവാൻ കരുത്തുള്ളവനായിട്ടും, സ്കന്ദൻെറ ഗൗരവത്തെ പരിപാലിക്കേണ്ടതു് തൻെറ ധർമ്മമെന്നുള്ള വിചാരത്തോടുകൂടി ഭഗവാൻ പിന്മാറുകയാണുണ്ടായതു്. പരമാത്മാവായ ഭഗവാൻ ഭക്തശിഖാമണിയായ പ്രഹ്ലാദനോടിപ്രകാരം പറഞ്ഞു—കുമാരദേവൻെറ പ്രഭാവത്തെ നീ നോക്കിയാലും. വേലായുധത്തെ പിഴുതെടുക്കുന്നതിന് ശക്തിയുള്ളവരാരും ഈ ലോകത്തിലില്ല. ശക്തിധരൻെറ മഹത്വത്തെ പരിച്ഛേദിപ്പാനാർക്കു കഴിയും?

## ശുകനും, പ്രഹ്ലാദനും.

പ്രഹ്ലാദനു ഭഗവാൻെറ വർത്തമാനം കേട്ടിട്ടു തീരെ സഹിച്ചില്ല. തൻെറ സ്വാമിയേക്കാൾ ശക്തനായ ഒരാൾ ഈ ലോകത്തിൽ ഉണ്ടാകാൻ പാടില്ലെന്നുതന്നെയാണ് ഭക്തോത്തംസമായ പ്രഹ്ലാദൻെറ സങ്കല്പം. ഭഗവാൻെറ മുഖത്തുനിന്നു പുറപ്പെട്ട വാക്കുകളുടെ അന്തരാർത്ഥം ആലോചിക്കാൻ

ക്ഷമയില്ലാതെ ശുദ്ധാത്മാവായ പ്രഹ്ലാദൻ ആ ആയുധത്തെ താൻതന്നെ പിഴുതെടുക്കുന്നുണ്ടെന്നു സധീരം ശപഥം ചെയ്തു. ആ കേതാഗ്രണി വേലിൽ കടന്നുപിടികൂടി. തൻറെ സർവ്വശക്തികളും പ്രയോഗിച്ചുനോക്കീട്ടും വേലിനു തെല്ലുപോലും കുലുക്കമുണ്ടായില്ല. നിരാശാപരവശനായ പ്രഹ്ലാദൻ പഠിച്ച വിദ്യകളെല്ലാം പ്രയോഗിച്ചുനോക്കി. ഫലമുണ്ടായില്ല. തൻറെ ശരീരത്തെ ബലികഴിച്ചെങ്കിലും വേലിനെ ഇളക്കണമെന്നു നിശ്ചയിച്ച് അദ്ദേഹം വീണ്ടും ശക്തിയെ ശക്തിപൂർവ്വം ഇളക്കാൻ തുടങ്ങി. ഹാ കഷ്ടം! അതിഗംഭീരമായ ശബ്ദത്തോടുകൂടി പ്രഹ്ലാദൻ പർവ്വതത്തിൻറെ മുകളിൽനിന്നും താഴെ വീഴുകയാണുണ്ടായത്. അത്യാപത്തിൽ അകപ്പെടാമായിരുന്ന പ്രഹ്ലാദൻ ശുകൻറെ ആനുകൂല്യത്താൽ രക്ഷ പ്രാപിച്ചു.

## തപോനിഷ്ഠനായ ശിവനെ ശുകൻ നമസ്കരിക്കുന്നതു.

ശുകർ കുറേക്കൂടി വടക്കോട്ടു കടന്നു. അവിടെ വൃഷഭവാഹനനായ ശ്രീമഹാദേവൻ അതി തീവ്രമായ തപസ്സുചെയ്തിരുന്നു. അഗ്നിദേവനാകട്ടെ തപോനിഷ്ഠനായ നീലലോഹിതൻറെ ചുറ്റും പ്രോജ്ജ്വലിച്ചുകൊണ്ടു സ്ഥിതിചെയ്തു. അശുദ്ധാത്മാക്കളാരും ആ പ്രദേശത്തു കാലെടുത്തു വയ്ക്കുക പതിവില്ല. രാക്ഷസന്മാരും, അസുരന്മാരും ആ ദേശത്തെ സ്മരിക്കപോലും ചെയ്യാറില്ല. അവിടെ ചെന്നാൽ അവരുടെ തല പൊട്ടിത്തെറിച്ചുപോകുമെന്നുള്ള ഭയം എങ്ങനെയോ അവരിൽ കടന്നുകൂടിയിരുന്നു. പ്രശാന്തപാവനവും, നിതാന്ത നിശ്ശബ്ദവുമായ ആ പർവ്വതോപാന്തം അന്തകാന്തകഭഗവാൻറെ തപോദീപ്തിയാൽ അതി ബന്ധുരമായിഭവിച്ചു. പത്തു യോജന വിസ്താരമുള്ള ആ മലയുടെ ഒരു ഭാഗത്തിന്, ആദിത്യമെന്നും, മറുഭാഗത്തിനു ഗാണപത്യമെന്നും പേർ പറഞ്ഞിരുന്നു. വാമദേവൻറെ പ്രേമഭാജനമായ ഉമാദേവിയും ഗാണപത്യത്തിൽ ധ്യാനനിരതയായി സ്ഥിതി ചെയ്തിരുന്നു. ധൂർജ്ജടിയുടെ പ്രീതിയെ ആർജ്ജിക്കുവാൻവേണ്ടി നിർജ്ജരനായകൻ സപരിവാരം

അവിടെ വസിച്ച് യജ്ഞാദികൾ ചെയ്തുപോന്നു. ഭഗവാൻ ഗംഗാധരൻ ആയിരം ദേവവഷക്കാലം ഒററക്കാലിൽനിന്നു തപസ്സുചെയ്തു. ലോകപിതാക്കളായ പാർവ്വതീപരമേശ്വരന്മാരെ ഭക്തിപൂർവ്വം നമസ്കരിച്ച് ശുകർ അവിടെത്തന്നെ കുറേ നേരം വിശ്രമിച്ചു.

## ശുകൻ പിതാവിനെ വീണ്ടും കാണുന്നത്.

അദ്ദേഹം പിന്നെയും യാത്രതുടന്നു. ലോകമനോഹരമായ കാഞ്ചനശൃംഗത്തിൽ ത്രിഭുവനസുന്ദരമായ ഒരു പൎണ്ണശാല സ്ഥിതിചെയ്യുന്നത് അദ്ദേഹം കണ്ടു. പാവനവും, ശോഭനവുമായ ആ തപോവനത്തിന്റെ അകൃത്രിമസുഷമയിൽ മഗ്നനായ ശുകർ അതിനെത്തന്നെ ഉൽക്കണ്ഠാപൂരസ്സരം ഉററുനോക്കിക്കൊണ്ട് എതാനും സമയം കഴിച്ചുകൂട്ടി. "ജാതിവൈരരഹിതജന്തുപൂൎണ്ണ"വും, "നാനാപക്ഷികൾ നാദംകൊണ്ടതിമനോഹരവും", "പുഷ്പലതാപരിവേഷ്ടിതപാദപസൽഫലസേവിത"വുമായ ആശ്രമം ആരുടേതാണെന്നറിവാൻ അദ്ദേഹത്തിന്നു അത്യാഗ്രഹം തോന്നി. സച്ചിദാനന്ദമകരന്ദ പരിപൂരിതമായ വേദധ്വനികളാൽ മുഖരിതമായ ആശ്രമം മഹാത്മാവായ ഏതോ ഒരു മഹഷിവര്യന്റെ സങ്കേതസ്ഥാനമാണെന്നു തീൎച്ചപ്പെടുത്തി ശുകർ മന്ദമന്ദം ആശ്രമാങ്കണത്തിൽ പ്രവേശിച്ചു. ഹാ! അവിടെ ചെന്നുനോക്കിയപ്പോൾ അദ്ദേഹത്തിനുണ്ടായ ആനന്ദാതിരേകത്തെ എങ്ങനെ പറഞ്ഞറിയിക്കും. സുമന്ദർ, വൈശമ്പായനൻ, ജൈമനി, പൈലർ എന്നീ നാലു ശിഷ്യന്മാക്കും വേദോപദേശം ചെയ്തുകൊണ്ടു "നക്ഷത്രമണ്ഡലമദ്ധ്യേ വിളങ്ങുന്ന നക്ഷത്രനാഥനെ"പ്പോലെ ശാന്തിക്കുളുർവെണ്ണിലാവു തൂകുന്ന തന്റെ പിതാവിനെത്തന്നെയാണ് അദ്ദേഹം അവിടെ കണ്ടത്. തൽക്ഷണം ഒരു വിദ്യുൽപ്രവാഹം അദ്ദേഹത്തിന്റെ ഹൃദയത്തിൽ കൂടി കടന്നുപോയി. ഭക്തിവിനയാദരപരവശമാനസനായ ശുകരാകട്ടെ സ്വതാതപാദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചു. ആനന്ദബാഷ്പാക്ഷനായ വ്യാസമഹഷി പുത്രനെ പിടിച്ചെഴു

നേല്പിച്ച് ഗാഢമായി ആലിംഗനംചെയ്തു. ആഹ്ലാദാതിരേകത്താൽ തുടുതുടെ തുടുത്ത കവിൾത്തടത്തിൽ ചുംബിച്ചു. പിതാവും, പുത്രനും വളരെനേരം ഒന്നും പറവാൻ ശക്തരാകാതെ കഴിച്ചുകൂട്ടി. വഹ്നിസന്നിഭതേജസ്വിയായ പുത്രന്റെ ദേഹത്തിൽ സർവ്വാംഗം ജ്വലിക്കുന്ന ബ്രഹ്മതേജസ്സുകണ്ടു പിതാവ് ചരിതാർത്ഥനായി. ഒരു ബ്രഹ്മവേത്താവിന്റെ വദനനളിനത്തിൽമാത്രം സ്ഫുരിച്ചുകാണുന്ന കാന്തിയും, ശാന്തിയും ശുകന്റെ വദനത്തിൽ തികച്ചും തിളച്ചുകൊണ്ടിരുന്നു. വ്യാസർ വാത്സല്യകഷായമായ കണ്ണുകൊണ്ടു പുത്രനെ പലതവണയും നിരീക്ഷിച്ച് സംതൃപ്തിയടഞ്ഞു. ജനകന്റെ രാജധാനിയിലേക്കു പുറപ്പെട്ടതുമുതൽ അതേവരെയുള്ള സകല സംഭവങ്ങളും ശുകർ പിതാവിനെ ധരിപ്പിച്ചു. വ്യാസമഹർഷി വിവരങ്ങളെല്ലാം തന്റെ ദിവ്യചക്ഷുസ്സുകൊണ്ടു കാലേക്കൂട്ടി അറിഞ്ഞിരുന്നു. എങ്കിലും അദ്ദേഹം പുത്രനെ നല്ലപോലെ ഒന്നു പരീക്ഷിച്ചുനോക്കി. ജനകമഹാരാജാവുമായിട്ടുണ്ടായ സംഭാഷണത്തിലെ സാരഭാഗങ്ങളെപ്പറ്റി അദ്ദേഹം പലതവണയും, പല പ്രകാരത്തിൽ തിരിച്ചും മറിച്ചും ചോദിച്ചു പുത്രന്റെ ജ്ഞാനദാർഢ്യത്തെ ഒന്നുകൂടി അളന്നുനോക്കി. ശുകന്റെ ആകൃതിക്കും, പ്രകൃതിക്കും വന്നുചേർന്നിട്ടുള്ള മഹത്തരമായ മാറ്റങ്ങൾ കണ്ടു വ്യാസമഹർഷിയും, ശിഷ്യഗണങ്ങളും അത്ഭുതപ്പെട്ടു. അദ്ദേഹത്തിന്റെ ഓരോ വാക്കുകളിലും, ഭാവങ്ങളിലും തെളിഞ്ഞുവിളങ്ങിയ ജ്ഞാനവും, ഭക്തിയും, വിരക്തിയും, വിവേകവും, വിശുദ്ധിയും അനന്യസാധാരണവും, ഭുവനവിമോഹനവുമായ ഗുണപൗഷ്കല്യത്തിന്റെ പ്രത്യക്ഷലക്ഷ്യമാണെന്നു അവരെല്ലാം വ്യാഖ്യാനിച്ചു. ഉപമാലങ്കാരത്തിന്റെ കാര്യം ശുകരെ സംബന്ധിച്ചിടത്തോളം അസ്ഥാനത്തിലാണെന്ന് അവർ ഐകകണ്ഠ്യേന നിശ്ചയിച്ചു. "വാങ്മനസാതിവിദൂര"നും, അനുപമമഹിമാസമ്പൂരിതനുമായ അദ്ദേഹത്തെ അവർ ഹൃദയപൂർവ്വം അഭിനന്ദിച്ചു.

## ശുകന്റെ ഗുരുകുലവാസം.

പുത്രന്റെ ആഗമനാനന്തരം വ്യാസൻ അദ്ദേഹത്തെയും ശിഷ്യന്മാരുടെ കൂട്ടത്തിൽ ചേർത്തു. ജ്ഞാനവിനയനിധിയും, സംസ്കൃതഹൃദയനുമായ ശുകർ തങ്ങളുടെ സഹപാഠിയായി ലഭിച്ചതിൽ നാലുപേർക്കും അളവററ ആനന്ദമുണ്ടായി. ജൈമിനിക്കും, വൈശമ്പായനനും ശുകരോടുള്ള സ്നേഹവും, ബഹുമാനവും ഒന്നു വേറെതന്നെ ആയിരുന്നു. പണ്ഡിതപ്രമാണിയായ ജൈമിനിമുനിയുടെ അതിഗംഭീരങ്ങളുമായ പ്രശ്നങ്ങൾക്ക നിഷ്പ്രയാസം മറുപടി പറവാൻ ശുകർക്കുണ്ടായിരുന്ന സാമർത്ഥ്യം വിസ്മയജനകമായിരുന്നു. സംശയാസ്പദമായ യാതൊരു സമാധാനവും അദ്ദേഹം പറകയുണ്ടായിട്ടില്ല. അധിഷ്ഠാനഭൂതവും, അതിനിശിതവുമായ അദ്ദേഹത്തിന്റെ യുക്തിവാദങ്ങൾ അഖണ്ഡിതങ്ങളായിരുന്നു. അപ്രതിഹതവും അലേപഗവുമായ, അദ്ദേഹത്തിന്റെ അനുഭൂതികൾ അലംഘനീയങ്ങളായിരുന്നു. നിർമ്മത്സരഹൃദയന്മാരും, കന്മഷരഹിതന്മാരുമായ ആ നാലു ബ്രഹ്മചാരികളും ശുകബ്രഹ്മർഷിയൊന്നിച്ചു വളരെക്കാലം വ്യാസമഹാമുനിയെ ശുശ്രൂഷിക്കുകയും, അദ്ദേഹത്തിന്റെ കാരുണ്യാതിരേകത്താൽ സർവ്വവിദ്യകളും യഥാവിധി അഭ്യസിക്കുകയും ചെയ്തു.

## ശുകന്റെ വിവാഹം.

പുത്രന്റെ വിവാഹാലോചനയാണ് പിന്നീടു വ്യാസന്റെ ശ്രദ്ധയെ സവിശേഷം സമാകർഷിച്ചതു്. പുത്രനില്ലാത്തവൻ ഗതിയില്ലെന്നുള്ള തത്വം ആ പുരാണകർത്താവ് ശുകനെ സയുക്തികം ധരിപ്പിച്ചു. എന്നാൽ അയോനിജനും, ജന്മനാബ്രഹ്മജിജ്ഞാസുവുമായ ശുകരാകട്ടെ ദാമ്പത്യശൃംഖലയിൽതന്നെ കുടുക്കരുതെന്നു പിതാവിനോടു വിനയപുരസ്സരം അഭ്യർത്ഥിക്കയാണുണ്ടായതു്. മോക്ഷമാർഗ്ഗപ്രതിബന്ധകമായ വൈഷയികസുഖത്തിൽ തനിക്കു തെല്ലും അഭിരുചിയില്ലെന്നും, പുരുഷകേസരികളായിരുന്നെങ്കിലും കാമലോലുപ

ർജ്ജുന സ്ത്രീകളുടെ ദ്വാസ്വദാസവിശേഷയന്മാരായിരുന്നതിൻറെപോലെ മുത്താനമാതൻ, ശന്തനു, പുരൂരവസ്സ് മുതലായവരുടെ ചരിത്രം ഇന്ദ്രിയനിഗ്രഹത്തിൻെറ മഹിമാതിശയത്തെയാണ് പ്രസ്പഷ്ടമാക്കുന്നതെന്നും ആ മഹാരഥൻ പിതാവിനെ അറിയിച്ചു. വ്യാസർ സമ്മതിച്ചില്ല. ആ ആത്മാരാമനായ ശുകർ ഗത്യന്തരമില്ലാതെ പിതാവിൻെറ ആജ്ഞാപുഷ്പം ശിരസ്സിൽ ചൂടുകതന്നെ ചെയ്തു. പിതാവാൽ തിരഞ്ഞെടുക്കപ്പെട്ട പീവര എന്ന കന്യകാരത്നത്തിനെ അദ്ദേഹം വിധിമന്ത്രപുരസ്സരം വിവാഹം ചെയ്തു. ചാരിത്രശാലിനിയായ ആ യോഗിനിയിൽ കൃഷ്ണൻ, ഗൗരപ്രഭൻ, ഭൂരി, ദേവശ്രുതൻ എന്ന നാലു പുത്രന്മാരും, കീർത്തി എന്നൊരു പുത്രിയും ശുകക്കുണ്ടായി. ആ നിസ്സംഗൻ ദാമ്പത്യജീവിതത്തെയും, യഥാവിധി നിയന്ത്രിച്ച് ഗുരുകുലത്തിൽതന്നെ വസിച്ചു.

<u>ശുകനും, സതീർത്ഥ്യന്മാരും.</u>

ശിഷ്യന്മാർ നാലുപേരും ഗുരുകുലവാസത്തെ വിജയപ്രദമാക്കിത്തീർത്തശേഷം ഗുരുദക്ഷിണചെയ്തു. വേദപ്രചരണാർത്ഥം നാലുദിക്കിലേക്കും നിയമിക്കപ്പെട്ടവരായ അവർക്ക് ശുകരോടു യാത്ര പറഞ്ഞുപിരിയേണ്ട ഘട്ടമായി. തങ്ങളുടെ ഇഹപരങ്ങളായ സകല ശ്രേയസ്സുകൾക്കും കാരണഭൂതനും, തങ്ങളെ പുത്രനിർവ്വിശേഷം സ്നേഹിച്ചിരുന്നവനും, ത്രൈലോക്യവന്ദ്യനുമായ വ്യാസമഹാമുനിയുടെ പാദനളിനങ്ങളെ തങ്ങളുടെ നയനനീർകൊണ്ടഭിഷേകം ചെയ്തശേഷം ജൈമിനീസുമന്ദപൈലവൈശമ്പായനന്മാർ സതീർത്ഥ്യനായ ശുകരുടെ സമീപത്തിൽചെന്നു. ചിരപരിചിതന്മാരും, രുചിരഹൃദയന്മാരുമായ സതീർത്ഥ്യന്മാർ തന്നോടു യാത്ര ചോദിക്കാനായി വരുന്നതു കണ്ടപ്പോൾ ശുകൻെറ കണ്ണിൽനിന്നു "രണ്ടു വെൺപളുങ്കിന്മണി" താഴെ വീണുപോയി. കവിഞ്ഞൊഴുകിയ ബാഷ്പധാരയാൽ അദ്ദേഹം അവർക്കു സ്വാഗതം പറഞ്ഞു. അവരെല്ലാം കൊച്ചുകുട്ടികളെപ്പോലെ പൊട്ടിക്കരഞ്ഞു. അവരുടെ ഹൃദയാന്തർഭാഗത്തുനിന്നും തികച്ചും കതിച്ചുചാടിയ സ

തിത്ഥ്യസ്നേഹത്തിന്റെ ചാതുര്യ്യവും, മാധുര്യ്യവും ശുകന്റെ ഹൃദയത്തെ ദ്രവിപ്പിച്ചു. അദ്ദേഹം ഏതാനും നിമിഷനേരം ഇതികർത്തവ്യതാമൂഢനായി നിന്നു. ആരുടെ വിയോഗത്തെ പ്പററിയുള്ള വിചാരമാണോ തങ്ങളുടെ ഹൃദയാന്തർന്നാളങ്ങളെ വിദാരണം ചെയ്യുന്നതു്—ആരുടെ സഹവാസമാണോ തങ്ങ ളെ വിശാലഹൃദയന്മാരും, വിവേകവൈരാഗ്യവിജ്ഞന്മാരുമാ ക്കിത്തീക്കുന്നതിന്നു പര്യ്യാപ്തമായിട്ടുള്ളതു്—ആ മഹാത്മാവാ യ ശുകബ്രഹ്മഷിയുടെ വേർപാടിനെപ്പററി ചിന്തിക്കുന്നതിനു പോലും അവർ ശക്തന്മാരല്ല. എന്നാൽ എന്തു ചെയ്യും? ഗുരുനിദേശത്തെ അക്ഷരംപ്രതി അനുഷ്ഠിക്കേണ്ടതു് അവരുടെ കടമയല്ലേ? പ്രത്യക്ഷദൈവതമായ ഗുരുവിന്റെ തിരുവായ് മൊഴികളെ ശിരസാ വഹിക്കേണ്ടതു് അവരുടെ ചുമതലയ ല്ലേ? അദ്ദേഹം കൊളുത്തിയ ജ്ഞാനദീപം അണഞ്ഞുപോകാ തെ നോക്കേണ്ടവർ അവരല്ലേ? അവർ ആകപ്പാടെ വലിയ സങ്കടത്തിലകപ്പെട്ടു. ശുകർ അവക്കു മൗനാനുവാദം നൽ കി. തങ്ങളുടെ ഹൃദയദേവാലയത്തിൽ സ്ഥിരപ്രതിഷ്ഠിതനാ യ ശുകക്കു കണ്ണിൽനിന്നുതിന്നുവീണ ത്തുമുത്തുകൾതന്നെ കാ ഴ്ചവെച്ചിട്ടു് ആ മഹാനുഭാവന്മാരായ നാലു വൈദികന്മാരും ഒരുവിധത്തിൽ യാത്രതിരിച്ചു.

## ആറാം അദ്ധ്യായം.

വ്യാസരുടെ വിഷാദവും, നാരദന്റെ ആവിർഭാവവും.

അനന്തരം വ്യാസർ പുത്രനുമൊന്നിച്ചു് ആശ്രമത്തിൽ തന്നെ അധിവസിച്ചു. വ്യാസമഹഷിയാകട്ടെ മനസ്സമാധാ നമില്ലാത്തവനെപ്പോലെ അത്യഗാധമായ വിചാരധാരയിൽ മഗ്നനായി സ്ഥിതിചെയ്യുകയായിരുന്നു. ആ സമയം വീണാ പാണിയായ നാരദമഹാമുനി അവിടെ യാദൃച്ഛികമായി ആ വിർഭവിച്ചു. ആഗതനായ ഭഗവാൻ നാരദനെ വ്യാസമഹഷി

യഥാവിധി പൂജിച്ചു. കുശലപ്രശ്നാനന്തരം നാരദൻ അരുളിച്ചെയ്തു:—"വസിഷ്ഠവംശത്തിനു തൊടുകുറിയായുള്ളോവേ! അങ്ങയുടെ മുഖം മ്ലാനമായിരിക്കുന്നതെന്താണ്? അങ്ങെയ്ക്കു ഹൃദയാസ്വാസ്ഥ്യം നേരിടുവാനുള്ള കാരണമെന്താണ്? അങ്ങ് ലോകത്തിന്റെ ഭാവിഗതിയെക്കുറിച്ചുള്ള ചിന്തയിൽ മുഴുകിയിരിക്കയാണോ? വേദപാരായണധ്വനികൊണ്ടു മുഖരിതമായിരുന്ന അങ്ങയുടെ ആശ്രമം നിശ്ശബ്ദതയുടെ കേളീരംഗമായിത്തീർന്നിരിക്കുന്നുവല്ലോ. വേദഗാനസ്വനങ്ങളുടെ അഭാവത്താൽ ഈ പ്രദേശം രാഹുഗ്രസ്തമായ ചന്ദ്രമണ്ഡലംപോലെ നിഷ്പ്രഭമായിത്തീർന്നിരിക്കുന്നുവല്ലോ. വേദമന്ത്രനിനദത്താൽ യക്ഷകിന്നരസിദ്ധവിദ്യാധരാദികൾ ഇപ്പോൾ ഇവിടെ വരുന്നില്ല. അപ്സരസ്ത്രീകൾ ഇപ്പോൾ ഈ പ്രദേശങ്ങളിലെങ്ങും നൃത്തം ചെയ്യാറില്ല. ഹേ മഹർഷേ! ഇതിനെല്ലാം അങ്ങുതന്നെ പരിഹാരമുണ്ടാക്കണം."

## വ്യാസനാരദസംഭാഷണം.

അഭ്യുദയാശംസിയും, വേദമർമ്മജ്ഞനുമായ ശ്രീനാരദന്റെ അഭിപ്രായം ശ്രദ്ധിച്ചു ശ്രവിച്ചശേഷം വ്യാസർ ഇങ്ങനെ പറഞ്ഞു:—"ദേവർഷിമാരിൽ അഗ്രഗണ്യനായുള്ളോവേ! അങ്ങയുടെ പീയൂഷതുല്യങ്ങളായ വാക്കുകൾ എനിക്കു് ആശ്വാസപ്രദമായിരിക്കുന്നു. അങ്ങ് പറഞ്ഞതെല്ലാം വാസ്തവം തന്നെയാണ്. അങ്ങ് ത്രികാലജ്ഞനും, സർവ്വജ്ഞനുമാണ്. അങ്ങയുടെ ഹൃദയത്തിനു അവിഷയമായിട്ടു യാതൊന്നുമില്ല. ശിഷ്യന്മാരെല്ലാം എന്നെവിട്ടു പിരിഞ്ഞുപോയതുകൊണ്ടു എന്റെ സന്തോഷവും അസ്തമിച്ചുപോയിരിക്കുന്നു." നാരദൻ തുടർന്നുപറഞ്ഞു:—"അതിനാലാണോ വേദപാരായണം നിറുത്തിയിരിക്കുന്നതു്? അങ്ങു ശിഷ്യവാത്സല്യപരവശനാണെന്നു എനിക്കറിയാം. പക്ഷേ ആ ഒരു കാരണംകൊണ്ടുമാത്രം സ്വധർമ്മാനുഷ്ഠാനത്തിൽ അലസത കാണിപ്പാൻ പാടുണ്ടോ? ബ്രാഹ്മണർ വേദപാരായണത്തെ എല്ലാത്തിലും ഉപരിയായിട്ടല്ലേ ഗണിച്ചിരിക്കുന്നതു്. അങ്ങു പുത്രനായ ശുകരോ

ന്നിച്ച് യഥാവിധി വേദപാരായണം നടത്തിയാലും. വേദധ്വനിയുടെ മാഹാത്മ്യംമൂലം രാക്ഷസന്മാരെ തുരത്തിയാലും.

“മുഗ്ദ്ധശരച്ചന്ദ്രതുല്യതേജസ്വി”യും, “ശുദ്ധസ്ഫടികസങ്കാശശരീരനു”മായ നാരദമഹാമുനി ഇപ്രകാരം അരുളിച്ചെയ്ത് അന്തർദ്ധാനം ചെയ്തു.

## വേദപാരായണം.

പ്രഭാതചന്ദ്രകലപോലെ വിളറിയിരുന്ന വ്യാസമഹർഷിയുടെ മുഖം പൂർണ്ണചന്ദ്രമണ്ഡലംപോലെ പ്രശോഭിച്ചു. അദ്ദേഹം പുത്രനോടൊന്നിച്ച് വേദപാരായണം ചെയ്തുതുടങ്ങി. പിതാവും, പുത്രനും മൂന്നുലോകങ്ങളും മുഴങ്ങത്തക്കവണ്ണം വൈദികമന്ത്രങ്ങളെ ഉച്ചരിച്ചു. ശക്തിയും, ശുദ്ധിയും തികഞ്ഞ ആ ഉച്ചാരണസരണി—അതിൽ ആപാദചൂഡം പരിസ്ഫുരിക്കുന്ന ഭക്തിരസധോരണി – വാരിധിയിൽ തിരമാലപോലെ പരിസരങ്ങളിലെങ്ങും ഒതുങ്ങാത്തവിധം സകല ദിക്കുകളിലും ആഞ്ഞലച്ചു. മധുരമസൃണവും, സ്ഫടികസ്ഫുടവും, ചൈതന്യോദ്ദീപകവുമായ ആ വേദമന്ത്രധ്വനി ഭൂലോകത്തിലുള്ള സകല പദാർത്ഥങ്ങളിലും സ്പർശിക്കുകയും, ചുംബിക്കുകയും ചെയ്ത്. ഒടുവിൽ അംബരാന്തത്തിലേക്കുയർന്ന് വിബുധഹൃദയങ്ങളെ പ്രബുദ്ധവും, വിശുദ്ധവും, പ്രോജ്ജ്വലവുമാക്കിത്തീർത്ത് തങ്ങളുടെ സമീപത്തിൽ വീണ്ടും എത്തിച്ചേർന്നതായും അവർക്കു തോന്നി. ‘ജളകണ്ഠത്തിൽപോലും’ “കുളിർമയാർന്ന പൃകിസ്സിരകൾ ചലിപ്പിച്ച് പുളകമുണ്ടാക്കു”ന്ന ആ വേദഗീതസുധാലഹരിയിൽ ലീനന്മാരായ ദേവന്മാർ വ്യാസമഹർഷിയേയും, ശുകമഹർഷിയേയും പാരിജാതപ്രസൂനങ്ങൾകൊണ്ടഭിഷേകം ചെയ്തു. വേദപ്രവർത്തകന്മാരായ അവർ തങ്ങളുടെ കൃത്യത്തെ യഥാപൂർവ്വം ചെയ്തുകൊണ്ട് വളരെക്കാലം ആശ്രമത്തിൽ തന്നെ കഴിച്ചുകൂട്ടി.

## വായുഭഗവാന്റെ ആനന്ദനൃത്തം.

ഒരുദിവസം പിതാവും, പുത്രനും വേദപാരായണപരായണരായി സ്ഥിതിചെയ്തുകൊണ്ടിരിക്കുമ്പോൾ അതിഭയങ്കര

മയ കടൽക്കാററ് ആശ്രമത്തിന്റെ നേക്കു വന്നു. ആ പ്രചണ്ഡമാരുതൻ പരിസരപ്രദേശങ്ങളെ കീഴ്മേൽ മറിക്കുംവിധം അത്യുഗ്രമായി അടിച്ചുതുടങ്ങി. മന്ത്രോച്ചാരണത്തിൽനിന്നും വിരമിക്കുവാൻ പുത്രനോടാജ്ഞാപിച്ച് വ്യാസമഹഷി മൌനമവലംബിച്ചു. വേദോച്ചാരണം നിറുത്താൻ ആജ്ഞാപിച്ചിട്ടു പിതാവ് മൌനവൃത്തി തുടരുന്നതിന്റെ അത്ഥമറിവാൻ ശുകക്കു ജിജ്ഞാസ ജനിച്ചു. “അല്ലയോ പിതാവേ! വളരെക്കാലമായി മുടക്കമെന്നിയെ നടത്തിവരുന്നതും, സകലലോകക്ഷേമൈകകാരണമായി പരിഗണിച്ചുവരുന്നതുമായ വേദോച്ചാരണത്തെ ഒരു കൊടുങ്കാററിന്റെ ആഗമനം മൂലം നിറുത്തിക്കളയുവാൻ അവിടന്ന് കല്പിച്ചതിന്റെ താല്പയ്യം സദയം അരുളിച്ചെയ്യണേ!” എന്ന് ശുകർ പിതാവിനോടഭ്യത്ഥിച്ചു. പുത്രന്റെ പ്രശ്നത്തിനു മറുപടിയായി വ്യാസർ ഇപ്രകാരം പറഞ്ഞുതുടങ്ങി:— പ്രിയപുത്രാ! നമ്മുടെ സൽകൃത്യങ്ങൾക്കു സ്വാഗതംപറവാൻ വന്ന വായുഭഗവാന്റെ പരാക്രമങ്ങളാണ് കുറച്ചുമുമ്പിവിടെ കണ്ടത്. ലോകരക്ഷാദീക്ഷിതനായ ആ ഭഗവാന്റെ ആനന്ദനൃത്തമാണ് നമ്മുടെ ദൃഷ്ടിക്കു വിഷയീഭവിച്ചത്. ജീവരാശികളുടെ ജീവിതത്തിനും, അവരുടെ സവ്വാഭ്യുദയനിഃശ്രേയസങ്ങൾക്കും കാരണഭൂതൻ വായുഭഗവാൻ തന്നെയാണ്. പ്രാണധാരണാശക്തിയെ പ്രദാനംചെയ്യുന്ന വായുഭഗവാനെ സമാദരിക്കാതിരിക്കാൻ ആക്കു കഴിയും? യോഗികൾക്കു പരമാവലംബമായിരിക്കുന്നതും വായുഭഗവാനത്രേ. പ്രാണവായുവിന്റെ ഗതിയെ നിരോധിക്കുന്നതാകുന്നു പ്രാണായാമം. അനുലോമപ്രതിലോമങ്ങളായ കുംഭകരേചകങ്ങൾക്കു നിദാനമായിട്ടുള്ളതും വായുതന്നെയാണ്. പ്രാണൻ സ്ഥിരമായി നില്ക്കാതിരുന്നാൽ മനസ്സു പതറിപ്പോകും. മനഃകമ്പം നിമിത്തം യോഗഭ്രംശം സംഭവിക്കും. തന്നിമിത്തമാണ് പ്രാണായാമവിധി അലംഘനീയമായിത്തീന്നിരിക്കുന്നത്. ഹൃദയംമുതൽ കൂച്ചംവരെയുള്ള ഭാഗം വായുവിന്റെ സ്ഥാനമാകുന്നു. പ്രസ്തുത സ്ഥാനത്തിൽ ബഹിരാക്ഷ

ഭക്ത്യോടുകൂടി വായുവിനെക്കൊണ്ടുചെന്ന് യഥാവിധി ധ്യാനം ചെയ്യുന്നവന്ന് വായുജയം സിദ്ധിയ്ക്കുന്നതാണ്. നിന്റെ ചിന്താശക്തി അതിവികസിതമാകുംതോറും ഈവക തത്വങ്ങളെല്ലാം നിന്നിൽ താനേ ഉദയം ചെയ്യും.

വ്യാസന്റെ ആകാശഗമനം.

ഇപ്രകാരം അരുളിച്ചെയ്തശേഷം വ്യാസമഹർഷി ആകാശഗംഗാസ്നാനംചെയ്വാൻ യാത്രതിരിച്ചു. ശുകർ വേദപാരായണവിഷയത്തിൽ പൂർവ്വാധികം ശ്രദ്ധ പതിപ്പിച്ചുതുടങ്ങി. ആജന്മശുദ്ധനായ ആ മഹാത്മാവിന്റെ വൈദികതേജോവഹ്നിയിൽ സകല പ്രതികൂലശലഭങ്ങളും ദഹിച്ചുതുടങ്ങി. അമരഗുരുവായ ബൃഹസ്പതിഭഗവാൻ സ്വശിഷ്യന്റെ വാചാമഗോചരമായ മഹത്വത്തെ വാഴ്ത്തിപ്പുകഴ്ത്തി. ശുകമഹർഷിയുടെ പാവനപദാനങ്ങൾ ദേവസഭയിൽ പാട്ടായിത്തീർന്നു. വിരക്തന്മാരിൽ പ്രഥമഗണനീയൻ ശുകർ തന്നെയാണെന്ന് എല്ലാവരും ഐകകണ്ഠ്യേന സമ്മതിച്ചു. നിവൃത്തിമാർഗ്ഗൈകനിരതനായ ശുകർക്ക് തന്റെ ഏകാന്തവാസത്തിലുള്ള കൗതുകം ദിനംപ്രതി വർദ്ധിച്ചുവന്നു. അക്കാലത്തൊരുദിവസം ഭഗവാൻ നാരദൻ അദ്ദേഹത്തിന്റെ മുമ്പിൽ ആവിർഭവിച്ചു. "ശാരദനീരദസന്നിഭനായ" നാരദമഹാമുനിയുടെ മന്ദസ്മേരമധുരമായ മുഖം ശുകരുടെ അത്യാനന്ദത്തെ ശതഗുണീഭവിപ്പിച്ചു. ആഗതനായ നാരദഭഗവൽപൂജ്യപാദങ്ങളെ അദ്ദേഹം വിധിപ്രകാരം ഉപചരിച്ചു. സ്വതേ സന്തുഷ്ടമാനസനായ നാരദമുനി ശുകരുടെ വിനയാദരപുരസ്സരമായ സൽക്കാരത്താൽ അതി സംതൃപ്തനായിച്ചമഞ്ഞു. "ഞാൻ അങ്ങേക്കുവേണ്ടി എന്താണ് ചെയ്യേണ്ടതു്?. അങ്ങ് എന്നിൽനിന്നും എന്താണ് പ്രതീക്ഷിക്കുന്നതു്?." എന്നു നാരദൻ ചോദിച്ചു. "സർവ്വജ്ഞനായ അവിടന്ന് എനിയ്ക്ക് ആവശ്യമായ കാര്യങ്ങളെ അരുളിച്ചെയ്താലും". എന്ന് ശുകർ മറുപടി പറഞ്ഞു. നാരദമഹാമുനി ഇപ്രകാരം പറഞ്ഞുതുടങ്ങി. അങ്ങയോടു സംഭാഷണം ചെയ്യുവാൻ

അവസരം ലഭിച്ചതിൽ എനിക്കു സീമാതീതമായ ചാരിതാ
ൎത്ഥ്യമുണ്ട്. അങ്ങയെ പുതുതായി യാതൊന്നും എനിക്കു ധ
രിപ്പിക്കുവാനില്ല. അറിയേണ്ടതെല്ലാം അറിഞ്ഞു കഴിഞ്ഞിട്ടു
ണ്ട്. ബൃഹസ്പതിഭഗവാന്റെ ശിഷ്യനാണെന്നുള്ള സംഗതി
തന്നെ അങ്ങയുടെ അന്യൂനവൈദഗ്ദ്ധ്യത്തിന് ഉത്തമസാ
ക്ഷ്യമാകുന്നു. വിജ്ഞാനവാരിധിയായ വ്യാസമഹാമുനിയുടെ
അനുഗ്രഹം അങ്ങേക്കു വേണ്ടുവോളം ലഭിച്ചിട്ടുണ്ട്. സൎവ്വ
ധൎമ്മമൎമ്മജ്ഞനായ ജനകമഹാരാജാവു് അങ്ങയുടെ സന്ദേ
ഹങ്ങളെ ദൂരീകരിച്ചിരിക്കുന്നു. നൈസൎഗ്ഗികമായ വൈരാഗ്യ
വിജ്ഞാനം അങ്ങയെപ്പോലെ മററാൎക്കും ലഭിച്ചിട്ടില്ല. അ
നുഭൂതിയിലും അങ്ങ് ആരുടേയും പിറകിൽ നില്ക്കുന്നില്ല. എ
ങ്കിലും അങ്ങയുടെ ആഗ്രഹപ്രകാരം ഏതാനും സംഗതി
കൾ ഞാൻ പറയാം.

## നാരദമഹാമുനി ശുകനു ഉപദേശം കൊടുക്കുന്നതു്.

ലോകം മുഴുവനും സുഖത്തെ കാംക്ഷിക്കുന്നു. സുഖത്തിനു
വേണ്ടിയാണ് എല്ലാവരും അദ്ധ്വാനിക്കുന്നതു്. ദുഃഖം ആ
ൎക്കും വേണ്ട. സൎവ്വസംഗപരിത്യാഗിയായ ഒരു യതീശ്വരനോ,
ചാരിത്ര്യധ്വംസകനായ വിടശിരോമണിയോ ഇതിൽനിന്നു
ഭിന്നനല്ല. സച്ചിദാനന്ദസ്വരൂപന്റെ സനാതനസൗന്ദൎയ്യ
ത്തെ സൎവ്വത്ര സമീക്ഷിക്കുന്ന യോഗിവൎയ്യനും, സ്മരവിഹാരരം
ഗങ്ങളായ അംഗനാരത്നങ്ങളുടെ കടാക്ഷവലയിലകപ്പെട്ടു ന
ട്ടംതിരിയുന്ന കാമുകാഗ്രേസരനും സുഖത്തെയല്ലാതെ മററെ
ന്തിനെയാണ് കാംക്ഷിക്കുന്നതു്? ഈശ്വരനാമം ചൊല്ലി കണ്ണു
നീർ പൊഴിക്കുന്ന ഭക്തനും, വേശ്യാസ്ത്രീയുടെ കാലുപിടിച്ചു ക
രയുന്ന വിടാധമനും സുഖത്തെത്തന്നെയാണ് പ്രതീക്ഷിക്കുന്ന
തു്. കാമുകാഗമത്തെ കാത്തുകൊണ്ടു് അൎദ്ധരാത്രിസമയത്തു
സങ്കേതസ്ഥലത്തിൽ ഏകാകിനിയായി സ്ഥിതിചെയ്യുന്ന യു
വതിയും, പാതിരാവാകുമ്പോൾ ശ്മശാനസ്ഥലത്തുള്ള നെല്ലി
വൃക്ഷത്തിന്റെ ശാഖകളിൽ അൎദ്ധനഗ്നനായി കാലുരണ്ടും പി

ണച്ച് തലകീഴായി തൂങ്ങിക്കിടന്ന് ഇഷ്ടദേവതയെ ഉപാസിക്കുന്ന മാന്ത്രികനും സുഖത്തിനുവേണ്ടി മാത്രമാണ് അപ്രകാരം പ്രവൎത്തിക്കുന്നതു്. സകല ലൗകികസുഖങ്ങളെയും തൃണവദ്ഗണിച്ച് ഘോരാടവീതടങ്ങളിൽ സ്വൈരവിഹാരം ചെയ്യുന്ന തപസ്വികളും ശൃംഗാരപാരാവാരതരംഗങ്ങളിൽ താണു മുങ്ങിപ്പൊങ്ങുന്ന വിഷയികളും സുഖത്തെ അനുഭവിക്കുന്നവരോ—അഥവാ—അതിനുവേണ്ടി പണിപ്പെടുന്നവരോ ആണ്. പരോപകാരത്തിനായി ശരീരത്യാഗം ചെയ്വാൻപോലും മടിയില്ലാത്ത മഹാമനസ്കന്മാരും, പാവങ്ങളുടെ "പ്രാണമരുന്നുകൊണ്ട്" 'പങ്കുവീശുന്ന' 'പാപപ്രഭുക്ക'ന്മാരും സുഖേച്ഛുക്കളത്രെ. ഒരുവൻ നശ്വരമായ സുഖത്തിനുവേണ്ടി ജീവിതം നയിക്കുമ്പോൾ മറെറാരുവൻ സനാതനമായ സുഖത്തിനുവേണ്ടി അത്യദ്ധ്വാനം ചെയ്യുന്നു. ഒരുത്തൻ ക്ഷണികവും, തുച്ഛവുമായ സുഖത്തിൽ മഗ്നനാകുമ്പോൾ മറെറാരുത്തൻ അനശ്വരവും, ഉൽകൃഷ്ടവുമായ സുഖത്തിൽ ലീനനാകുന്നു. ഇരുവരുടേയും ഉദ്ദേശം ഒന്നുതന്നെയാണെങ്കിലും അത്രത്തോളം അന്തരമുണ്ട്. തുച്ഛങ്ങളും, മിഥ്യാഭൂതങ്ങളുമായ പദാൎത്ഥങ്ങളിൽ സുഖത്തെ കണ്ടെത്തുവാൻ പരിശ്രമിക്കുന്നവൻ മൃഗത്തേക്കാൾ ഉയൎന്ന പടിയിലെത്തിയിട്ടുണ്ടെന്ന് എങ്ങനെ പറയാം? ഇന്ദ്രിയവിഷയങ്ങളിൽ ശാശ്വതമായ സുഖവും, സമാധാനവും കണ്ടു പിടിക്കുവാൻ ലോകത്തിൽ ആൎക്കും കഴിഞ്ഞിട്ടില്ല. ഇന്ദ്രിയങ്ങളുടെ പിറകെ പാഞ്ഞു നടന്നിട്ടുള്ളവരെല്ലാം സുഖത്തിന്റെ ബീഭത്സമായ ഒരു നിഴലിനെ സ്വപ്നം കാണുകമാത്രമേ ചെയ്തിട്ടുള്ളുവെന്ന് പശ്ചാത്താപപുരസ്സരം സമ്മതിക്കുകയും, സുഖം പരിപൂൎണ്ണചൈതന്യത്തിൽ സ്ഥിതിചെയ്യുന്നതാണെന്ന് ഐകകണ്ഠ്യേന അഭിപ്രായപ്പെടുകയും ചെയ്യും. അതു് അവസാനത്തിൽ മാത്രമേ സമ്മതിക്കുകയുള്ളൂ. അനുഭവത്തിൽ വരുന്നതുവരെ അധികംപേരും ഒന്നും സ്വീകരിക്കുകയോ പഠിക്കുയോ ചെയ്യുകയില്ല. എന്നാൽ അന്ത്യകാലത്തിലുള്ള ആ സമ്മതംകൊണ്ട് എന്തു പ്രയോജനമാണുള്ള

ത്തു്?. മൃത്യുമുഖസ്ഥനായ ഒരുവന് തന്നെ പരിഷ്കരിപ്പാനുള്ള അവസരം എപ്പോഴാണു് കിട്ടുവാൻ പോകുന്നതു്?. നശ്വര വസ്തുക്കളിൽ യഥാർത്ഥസുഖത്തെ ദർശിക്കുവാൻവേണ്ടി ചെയ്യുന്ന പ്രയത്നം മൌഢ്യവും നിഷ്ഫലവുമാണെന്നു് അനേകായിരം ബ്രഹ്മവർഷങ്ങളായി അഭ്യസിച്ചിട്ടും, മരണപര്യന്തം അതിൽനിന്നു വിരമിക്കുവാൻ സാധിക്കാതിരിക്കുന്നതു് എത്ര ആശ്ചര്യജനകമായിരിക്കുന്നു.

മനസ്സിന്റെയും ശരീരത്തിന്റെയും ദാസനായി ജീവിക്കുന്ന കാലത്തോളം താനാരാണെന്നറിയുവാൻ ഒരുവൻ ശക്തനാകുന്നില്ല. മനശ്ശരീരങ്ങൾ സർവ്വദാ വികാരത്തെ പ്രാപിച്ചുകൊണ്ടിരിക്കുന്നു. മനസ്സിന്റെ മർക്കടത്വത്തെപ്പറ്റി എന്താണു പറയേണ്ടതു്?. അതു് ഒരുനിമിഷത്തിൽ സുഖിക്കുകയും, അടുത്ത നിമിഷത്തിൽ ദുഃഖിക്കുകയും ചെയ്യുന്നു. ചിലപ്പോൾ അതു് ഉണരുന്നു. ചിലപ്പോൾ തളരുന്നു. ഒരു സന്ദർഭത്തിൽ ഊർജ്ജസ്വലമാകുന്ന മനസ്സുതന്നെ മറ്റൊരു സന്ദർഭത്തിൽ ദുർബ്ബലമാകുന്നു. ഒരിക്കൽ അമൃതസമമെന്നു തോന്നുന്ന മനസ്സു മറ്റൊരിക്കൽ വിഷമയമായി തോന്നുന്നു. എന്തു കിട്ടിയാലും തൃപ്തിവരാതെ കണ്ടദിക്കിലെല്ലാം തെണ്ടിത്തിരഞ്ഞു നടക്കുന്ന നായേപ്പോലെ ഒന്നുകൊണ്ടും അലംഭാവമില്ലാത്ത മനസ്സിന് അടിമപ്പെടുന്ന മനുഷ്യന്റെ അവസ്ഥ എത്ര ശോചനീയവും, ഭയനീയവുമാണ്.

സുസ്ഥിരമായ പാരാവാരത്തിൽനിന്നു് അസ്ഥിരമായ തരംഗങ്ങൾ ഉത്ഭവിക്കുന്നതുപോലെ പരമാത്മാവിൽനിന്നു മനസ്സും ജാതമാകുന്നു. എവിടെയാണ് സങ്കല്പമുള്ളതു് അവിടെ മനസ്സുമുണ്ടു്. സങ്കല്പത്തിൽനിന്നു് ഒരിക്കലും മനസ്സു വേർപെടുകയില്ല. "അവിദ്യാബന്ധമലതമഃസംസൃത്യാ"ദികൾ സങ്കല്പജാലത്തിന്റെ വകഭേദങ്ങളത്രേ. എപ്പോഴാണോ സങ്കല്പങ്ങളെ പാടേ വിപാടനം ചെയ്യുന്നതു് —അപ്പോൾ മനസ്സു സച്ചിദാനന്ദത്തിൽ ലയിക്കും.

പഞ്ചാഗ്നിമദ്ധ്യത്തിലിരുന്നു തപസ്സു ചെയ്താലും, ഇരുപതിനായിരം ബ്രഹ്മവൎഷം പാതാളലോകത്തു കണ്ണുമടച്ചിരുന്നു ധ്യാനംചെയ്താലും കാമവിനാശംവരാതെ സൽഗതി ലഭിക്കുകയില്ല. സകല ഭാവനകളും കാമതന്തുവിലാണ് കോൎത്തിരിക്കുന്നതു്. സംസാരപാദപത്തിന്റെ നാരായവേരു് കാമമാകുന്നു. കാമമാകുന്ന വേരിനെ മൂലച്ഛേദം ചെയ്താൽ സംസാരവൃക്ഷം ഉണങ്ങിക്കരിഞ്ഞു നിലംപതിക്കും. കാമത്തെപ്പോലുള്ള ശത്രു വേറെയില്ല. കാമത്തെപ്പോലുള്ള കള്ളനും വേറെയില്ല. ഭീരുത്വം കാമത്തെ അനുധാവനം ചെയ്തുകൊണ്ടിരിക്കുന്നു. ധനത്തിൽ ആശയുള്ളവനു കിട്ടുമോ എന്നു ഭയം. കിട്ടിയാൽ അതു നശിച്ചുപോകുമോ എന്നു ഭയം. കീൎത്തിയെ ആഗ്രഹിക്കുന്നവനു തന്റെ കീൎത്തിക്കു വല്ല മാലിന്യവും വന്നേക്കുമോ എന്നു ഭയം. ഇന്ദ്രിയാരാമൻ തന്റെ കാമഭോജനത്തിനു വല്ല രോഗവും പിടിപെട്ടേക്കുമോ "എന്നു വിചാരിച്ചു ഭയപ്പെടുന്നു. രാജാവാകട്ടെ ചക്രവൎത്തിയാകാൻ കൊതിക്കുകയും, തന്റെ ഉദ്യമം നിഷ്ഫലമായിത്തീൎന്നേക്കുമെന്നോൎത്തു ഭയപ്പെടുകയും ചെയ്യുന്നു. ആശയുടെ അളവു കൂടുന്തോറും ഭയവും ദുഃഖവും കൂടിവരുന്നു. എന്നാൽ ഈ ഭയവും ദുഃഖവുമെല്ലാം സഹിച്ചു കാമത്തെ വെച്ചുപുലൎത്തിക്കൊണ്ടിരിക്കുന്നതെന്തിനാണ്?. സുഖമനുഭവിക്കാൻവേണ്ടിയാണ്. യഥാൎത്ഥമായ സുഖം അനുഭവിച്ചിട്ടുണ്ടോ? ഒന്നുമില്ല. ഇന്നല്ലെങ്കിൽ നാളെ അനുഭവിക്കാം എന്നു വിചാരിക്കുന്നു. ദിവസങ്ങൾ ഓരോന്നായി കഴിഞ്ഞുകൂടുന്നു. ഒടുവിൽ "കണ്ണുനീരും കയ്യുമായി കാലയവനികക്കുള്ളിൽ തിരോധാനം ചെയ്യുന്നു. കാമമുള്ളിടത്തോളം കാലം യഥാൎത്ഥസുഖത്തിന്റെ നിഴൽപോലും കാണ്മാൻ കഴികയില്ല.

ഒരു പട്ടുപ്പുഴു താനുണ്ടാക്കിയനൂൽക്കൂട്ടിൽ അകപ്പെട്ടു് വെളിയിലിറങ്ങാൻ സാധിക്കാതെ കുഴങ്ങുന്നതുപോലെ മനുഷ്യനും സ്വയംകൃതാനൎത്ഥത്താൽ അധോഗതിയെ പ്രാപിക്കുന്നു. ലോകത്തെ സൃഷ്ടിക്കുന്നതും, സംഹരിക്കുന്നതും അവൻതന്നെ

യാണ്. അവനെ നന്നാക്കാൻ അവൻതന്നെ വിചാരിക്കു ണം. മേവന്റെ സുഖത്തിനും, ദുഃഖത്തിനും, ഭയത്തിനും, ധൈര്യത്തിനും, ജയത്തിനും, പരാജയത്തിനും, ബലത്തി നും, ദൌർബല്യത്തിനും എല്ലാം ഉത്തരവാദി അവൻതന്നെ യാണ്. അതെല്ലാം അവനിൽത്തന്നെ ഉള്ളതാണ്. ത്യാഗം മൂലമല്ലാതെ ലോകത്തിൽ ഒരു കാര്യവും ആരും സാധിച്ചിട്ടി ല്ല. മഹത്തായുള്ള കാര്യസാദ്ധ്യത്തിനു മഹത്തരമായ ത്യാഗം കൂടാതെ കഴികയില്ല. മൃഗീയമായ നീചവിചാരങ്ങളേയും, ക്ഷണികങ്ങളായ സുഖങ്ങളേയും പരിത്യജിക്കാത്ത ഒരുവനും ഉന്നതപദവിയിലെത്തിയിട്ടില്ല. ക്ഷണപ്രഭാചഞ്ചലമായ ഭോ ഗസുഖങ്ങളെ തൃണപ്രായമായിക്കരുതി ഹൃദയസ്ഥിതമായ ദൈവികസത്യസൗന്ദര്യത്തെ കണ്ടുപിടിപ്പാൻ, പരിശ്രമി ക്കുന്നവനു വിജയംപ്രാപ്തമാകാതിരിക്കയില്ല. പ്രലോഭനങ്ങളുടെ അന്തരാളത്തിൽ സ്ഥിതിചെയ്താലും ആന്തരമായ ആദ്ധ്യാത്മി കജ്ഞാനാനുഭവം അവനെ സന്മാർഗ്ഗപഥത്തിലേക്കു കയററി വിട്ടുകൊള്ളും. തിര്യക്സാധാരണമായ രീതിയിൽ കാലം ന യിക്കുന്നവനു് ജീവിതയാത്രയിൽ അതിദുർഭരമായ പരാജയം അനുഭവിക്കേണ്ടിവരും. തന്നിൽ അന്തർല്ലീനമായിക്കിടക്കുന്ന ദിവ്യശക്തികളെ കണ്ടുപിടിക്കുവാൻ അവൻ അസമർത്ഥനായി രിക്കും. ചിന്താശക്തികളെ ഏകാഗ്രമാക്കാൻ പരിചയിച്ചിട്ടി ല്ലാത്ത അവനു് എല്ലാം അസാദ്ധ്യമായിത്തീരും. അവനു ലോ കം മുഴുവൻ അന്ധകാരമയമായിത്തോന്നും. അവൻ മൃഗീയ മായ രാഗദ്വേഷാദികളെ അടിയോടെ പിഴുതുകളഞ്ഞു് സം ഗഹീനവും, അനുകമ്പാമസൃണവും പരമപാവനവും ധാർമ്മിക വുമായ ചിന്തകളെ പരിശീലിക്കട്ടെ. അപ്പോൾ കാണാം വിജയലക്ഷ്മി അവനെ ആശ്ലേഷിക്കുവാൻ അടുത്തുകൂടുന്നതു്.

മോക്ഷമാർഗ്ഗപര്യടനം ക്ഷുരധാരാസഞ്ചാരംപോലെ അത്ര കഠോരതരമാകുന്നു. ആഗമാപായികളായ സുഖദുഃഖങ്ങളെക്ഷ മാപൂർവ്വം സഹിച്ചു ശാന്തനും, ദാന്തനും, ഉപരതനുമായിഭവി ക്കുന്ന തിതിക്ഷുവിനെയാണ് മുമുക്ഷു എന്നു പറഞ്ഞുവരുന്നതു്.

സൎവ്വദാ ആത്മാവിൽതന്നെ സ്ഥിതിചെയ്യുന്നായവന് — ആത്മാവിൽ ആത്മാവിനെ കാണുന്നവന് — സൎവ്വവുമാത്മാവായി കാണുന്നവനു — മാത്രം സ്വായത്തമായിട്ടുള്ള ആനന്ദത്തെ ബ്രഹ്മാനന്ദം എന്നു പറയുന്നു. വികാരമയമായ പദാൎത്ഥങ്ങൾ അസത്താകുന്നു. അവയ്ക്കെല്ലാം നാശമുണ്ട്. അതുകൊണ്ടാണ് നശ്വരവസ്തുക്കളെ ജീവിതസൎവ്വസ്വമായി പരിഗണിയ്ക്കരുതെന്നു പറയുന്നത്. ബ്രഹ്മം മാത്രമേ സത്തായിട്ടുള്ളു. തത്വവിത്തുകൾ സത്തിനേയും, അസത്തിനേയും വ്യാവൎത്തിച്ചറിഞ്ഞവനത്രേ സൎവ്വവ്യാപകവും, അവ്യയവുമായ ബ്രഹ്മത്തിൽ നിന്നന്യമായി യാതൊന്നുമില്ലെന്ന് അവർ അഖണ്ഡിതമായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ആത്മാവ് ഒരിയ്ക്കലും ജനിയ്ക്കുകയോ, മരിയ്ക്കുകയോ ചെയ്യുന്നില്ല. എന്തെന്നാൽ ആത്മാവ് അജനും, നിത്യനും, ശാശ്വതനും, പുരാണനുമാകുന്നു. ജന്മാദി ഷൾഭാവവികാരരഹിതനും, അസംഗചിദ്രൂപസ്വഭാവനും ആയ ആത്മാവിനെ ഏവനാണോ അറിയുന്നത്, അവനു പിന്നെ മറ്റൊന്നും അറിയേണ്ട ആവശ്യമില്ല. സൎവ്വത്ര ആത്മമാത്രത്വവിജ്ഞാനം ഏവനുണ്ടോ അവനു പിന്നെ മറ്റെന്താണ് ചെയ്യേണ്ടതായിട്ടുള്ളത്? നിരസ്താശേഷവിശേഷനും, സൎവ്വോപാധിവിനിൎമ്മുക്തനും, അനാദ്യന്തനും, സച്ചിദാനന്ദഘനനുമായ പരമാത്മാവിനെ സാക്ഷാത്കരിയ്ക്കുന്നവന്റെ ജന്മം സഫലമാകുന്നു.

——X——

## ഏഴാം അദ്ധ്യായം.

### ശുകൻ മാനസസരസ്സിൽ പിതാവിനെ കാണുന്നത്.

ഇപ്രകാരം അരുളിച്ചെയ്തശേഷം വീണാധരൻ ക്ഷണത്തിൽ അപ്രത്യക്ഷനായി. നാരദമഹാമുനിയുടെ ആദരമേറിയ ഉപദേശപീയൂഷകിരണങ്ങളേറ്റതോടുകൂടി ശുകന്റെ ചിന്താകുസുമങ്ങൾ പ്രഫുല്ലമായിത്തീൎന്നു. ആ ദേവൎഷിവൎയ്യ

ൻെറ ഹൃദയവീണയിൽനിന്നും നിർഗ്ഗമിക്കുന്ന ആദ്ധ്യാത്മിക സംഗീതരശ്മി ആരുടെ വിചാരസാരസങ്ങളെയാണ് വികസ്വരമാക്കാതിരുന്നിട്ടുള്ളത്? ഭക്താഗ്രണിയും, രസികശിരോമണിയുമായ അദ്ദേഹത്തിൻെറ സുമധുരനാമധേയം ഏതു സന്താപാക്രാന്തചിത്തനെയാണ് ചിദാനന്ദലഹരിയിൽ ആറാടിക്കാത്തത്? അദ്ദേഹത്തിൻെറ ഹൃദയാകാശഗംഗാപ്രവാഹം ആരുടെ കന്മഷവൻവിഷങ്ങളെയാണ് ഉന്മൂലനാശം ചെയ്യാതിരുന്നിട്ടുള്ളത്? നാരദ ഭഗവാൻെറ നിരുപമമഹിമയെപ്പററി ആലോചിച്ച് ശുകർ ആത്യാശ്ചര്യപ്പെട്ടു. വളരെക്കാലമായി തന്നെ വേർപെട്ടിരിക്കുന്നവനും, തൻെറ വിരഹത്തിൽ അതിദുസ്സഹമായ അസ്വാസ്ഥ്യം പ്രദർശിപ്പിക്കുന്നവനുമായ പിതാവിനെ സന്ദർശിക്കുവാൻ അദ്ദേഹത്തിനുണ്ടായിരുന്ന ആഗ്രഹം അതോടുകൂടി ശതഗുണീഭവിക്കുകയും, അദ്ദേഹം ആശ്രമത്തിൽനിന്നും പുറപ്പെടുകയും ചെയ്തു. പിതാവിൻെറ വിശ്രമസ്ഥലം കണ്ടുപിടിക്കുവാൻ ശുകക്ക് തെല്ലും പ്രയാസമുണ്ടായില്ല. തൻെറ മാനസസരോവരത്തിൽ സർവ്വദാ വിഹരിക്കുന്ന ആ പരമഹംസം മാനസസരസ്സിൻെറ ഉത്തരതീരത്തിൽ ധ്യാനലീനനായി സ്ഥിതിചെയ്യുന്നത് അദ്ദേഹം കണ്ടു. സങ്കല്പവികല്പാത്മകമായ മനസ്സിനേയും നിശ്ചയാത്മികയായ ബുദ്ധിയേയും ആത്മാവിൽ ലയിപ്പിച്ച ജാഗ്രത്സ്വപ്നസുഷുപ്തികളാകുതീതനായി പ്രശാന്തതേജോമയനായി സ്ഥിതിചെയ്യുന്ന പിതാവിനെ ശുകർ യഥാവിധി നമസ്കരിച്ച് പ്രദക്ഷിണംചെയ്തു. അദ്ദേഹം ശുകനെനോക്കി ഇപ്രകാരം പറഞ്ഞു:—പ്രിയദർശനാ, നീ എൻെറ അരികത്തു വന്നിരുന്നാലും! എൻെറ വാത്സല്യഭാജനമായ നിന്നെ കണ്ടിട്ട് എത്ര നാളായി. ബ്രഹ്മതേജോമൃതം തൂകുന്ന ആമുഖചന്ദ്രനെക്കണ്ട് എൻെറ കണ്ണുകൾ സംതൃപ്തിയടയട്ടെ. ഓമനമകനെ! ലോകത്തിലാണ് വാസമെങ്കിലും അങ്ങനെയൊരു ഭാവംതെളുന്ന നിന്നിൽ കാണുന്നില്ലല്ലോ.

## ശുകൻ കൈലാസത്തിൽ ചെല്ലുന്നതു.

വാത്സല്യപരവശനായ വ്യാസരുടെ വാക്കുകളൊന്നും ശുകൻെറ ഹൃദയത്തിൽ പതിഞ്ഞില്ല. മോക്ഷമാർഗ്ഗോന്മുഖനായ ശുകരാകട്ടെ, പിതാവിനെവിട്ടു നേരേ വടക്കോട്ടു നടന്നു. അദ്ദേഹം, സിദ്ധചാരണനിഷേവിതവും, "മുനിമണ്ഡലമണ്ഡിത"വുമായ കൈലാസാചലത്തെ പ്രാപിച്ചു. മൃത്യുശാസനദേവൻെറ അത്യുഗ്രമായ ശക്തിയും, തേജസ്സും അവിടെയെല്ലാം നടമാടുന്നതു് അദ്ദേഹം കണ്ടു. അമൃതാനന്ദപൂർണ്ണവും, ചൈതന്യജ്ഞാനോദ്ദീപകവുമായ ഒരത്ഭുത പ്രഭാപൂരം ചരങ്ങളിലും, അചരങ്ങളിലും ഒരുപോലെ പരിസ്ഫുരിക്കുന്നതായും, സ്വഭാവസുഭഗമായ ആ പ്രകാശധോരണി സ്വഹൃദയദർപ്പണത്തിൽ പ്രതിബിംബിക്കുന്നതായും ശുകനു തോന്നി. "കായേറു കുനിഞ്ഞു ചാഞ്ഞു" നില്ക്കുന്ന തരുനികരങ്ങളും, പാവനപരിമളം പരത്തുന്ന പ്രഫുല്ലപ്രസൂനങ്ങളും തനിക്കു സ്വാഗതം പറവാൻ സന്നദ്ധമായി നില്ക്കുകയാണോ എന്നു അദ്ദേഹം സംശയിച്ചു. മാകന്ദവൃന്ദങ്ങളിൽ നിന്നിരുന്നു ശോകപര്യവസായിയായ സംഗീതം പൊഴിക്കുന്ന പരഭൃതങ്ങൾ ക്ലേശപൂരിതമായ ലോകജീവിതത്തിൻെറ നശ്വരതയെ പ്രഖ്യാപനം ചെയ്യുകയാണെന്നു അദ്ദേഹത്തിനു പൂർണ്ണബോദ്ധ്യമായി. തൃണശകലങ്ങളിൽ മണിഗണങ്ങളെപ്പോലെ തിളങ്ങിവിളങ്ങിനിന്നുക്ഷണനേരംകൊണ്ടു അന്തർദ്ധാനംചെയ്യുന്ന തുഷാരകണങ്ങൾ അദ്ദേഹത്തിൻെറ അഭിപ്രായത്തെ കുറെക്കൂടി ഉറപ്പിച്ചു. സന്തോഷബാഷ്പം പുറപ്പെടുന്ന ദിക്കിലെല്ലാം സന്താപാശ്രു കലർന്നു വസിക്കുന്നുവെന്നു ഏതോ ഒരു പക്ഷി തൻെറ ചെവിയിൽ മന്ത്രിച്ചതായി അദ്ദേഹത്തിനു തോന്നി. ഭോഗസങ്കേതസ്ഥാനമായ സ്വർഗ്ഗത്തിൽ വസിക്കുന്നവനു് ഒരിക്കലും മുക്തിയെ പ്രാപിക്കുവാൻ കഴികയില്ലെന്നും, ലൗകിക സുഖാശാപാശത്തെ വൈരാഗ്യശസ്ത്രംകൊണ്ടു മുറിച്ചുകളയാതെ മോചനം ലഭിക്കുകയില്ലെന്നും മററും ആകാശമാർഗ്ഗത്തിൽ പാറിപ്പെടുന്നു ക

ളിയ്ക്കുന്ന ഒരു ചെറു പറവ "പിറുപിറു"ക്കുന്നതുപോലെയും അദ്ദേഹത്തിനു തോന്നാതിരുന്നില്ല. ഒരു നിമിഷനേരത്തിനുള്ളിൽ അനേകായിരം ചിന്തകൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽക്കൂടി കടന്നുപോയി. പ്രസന്നപ്രൗഢഗംഭീരമധുരമായ ആ വിചാരധാരകളിൽ അനിർവ്വചനീയമായ ആനന്ദവും, ശാന്തിയും, വിരക്തിയും തുള്ളിത്തുളുമ്പിയിരുന്നു. വൈരാഗ്യനിലയമായ ആ ഹൃദയത്തിന്റെ സന്ദേശം ഇതായിരുന്നു.

<u>ശുകന്റെ സന്ദേശം.</u>

"സംസാരസാഗരത്തിലെ ഗംഭീരതരമായ തരംഗനിരകളിൽ വീണു നട്ടംതിരിയുന്ന ലോകമേ! ജനിമൃതിചക്രത്തിരിപ്പിൽപെട്ട് എത്ര കാലം കഴിച്ചുകൂട്ടുവാനാണ് നിങ്ങൾ നിശ്ചയിച്ചിരിയ്ക്കുന്നത്. അതിൽനിന്നു കരകയറുവാൻ നിങ്ങൾക്ക മോഹമില്ലേ? "പല്ലവകോണാഗ്രത്തിൽ പററിനില്ക്കുന്ന വെള്ളത്തുള്ളിയ്ക്കുതുല്യം ക്ഷണഭംഗുരമാണ്" ആയുസ്സെന്നു നിങ്ങൾക്കറിവില്ലേ? ജീവചോരനായ "കാലം" ശരീരത്തിലുള്ള ചോരയെ നിമിഷംപ്രതി കുടിച്ചുവററിയ്ക്കുകയാണെന്നു ഇനിയും നിങ്ങൾ മനസ്സിലാക്കിയിട്ടില്ലെന്നുവരുമോ? വിഷയസർപ്പങ്ങളുടെ വായിൽ തലയിട്ടു സുഖമനുഭവിയ്ക്കാമെന്നാണോ നിങ്ങളുടെ വിചാരം. ശരൽക്കാലത്തിലെ ധവളലളിതമായ വാരിദശകലങ്ങളെ കാലവാതം എപ്പോഴാണ് തകത്തുകളയുന്നതെന്നു നിങ്ങൾക്കറിയാമോ? സുഖസാമഗ്രികൾകൊണ്ടു നിങ്ങൾ കെട്ടിപ്പൊക്കിയിട്ടുള്ള ജീവിതപ്രാസാദത്തിൽ അടച്ചാൽ അടയാത്തവിധത്തിലുള്ള അനേകം പഴുതുകൾ കിടക്കുന്നതു നിങ്ങൾ കാണുന്നില്ലേ? കത്തിക്കാളി ജ്വലിക്കുന്ന കാമവഹ്നിയെ കെടുത്താനുള്ള "വാരുണാസ്ത്രം" നിങ്ങളുടെ ആവനാഴിയിലുണ്ടായിരുന്നിട്ടും നിങ്ങൾ അതെടുത്തു പ്രയോഗിക്കാത്തതെന്തുകൊണ്ടാണ്? പീയൂഷയൂഷം നിറച്ചുവച്ചിരിക്കുന്ന സുവർണ്ണകുംഭം കയ്യിലിരുന്നിട്ടും കാകോളപാനത്തിനു കാപ്പുകെട്ടിപ്പുറപ്പെടുകയല്ലേ നിങ്ങൾ ചെയ്യുന്നതു? ഖിഷം ക

ടിച്ചാൽ ഒരു ദേഹമേ നശിക്കുകയുള്ളു. വിഷയവിഷരസം ആസ്വദിച്ചാൽ എത്ര ജന്മമാണ് പാഴായിപ്പോകുന്നതെന്നു നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? യമരാജധാനിയുടെ പുരോഭാഗത്തുകൂടെ പ്രവഹിക്കുന്ന വൈതരണീനദിയിൽകിടന്നു നീന്തിത്തുടിച്ചു ചാകുവാനാണോ നിങ്ങൾ ആഗ്രഹിക്കുന്നത്? നിത്യാനന്ദവാഹിനിയിൽ നീരാടുവാൻ നിങ്ങൾ എന്റെകൂടെ വരുന്നുണ്ടോ? ഉണ്ടെങ്കിൽ നിങ്ങൾ ഇതൊന്നു ശ്രദ്ധിക്കുവിൻ! ഇഹലോകത്തിലും, പരലോകത്തിലും സിദ്ധിക്കാവുന്ന സമസ്ത സുഖാനുഭവങ്ങളും നശ്വരവും, ജനനമരണദുഃഖങ്ങൾക്കു ഹേതുഭൂതവുമാണെന്നറിഞ്ഞുണർന്ന് ആ രണ്ടുലോകങ്ങളേയും കുറിച്ചുള്ള വിചാരം തീരെ പരിത്യജിക്കുവിൻ. ബ്രഹ്മാനന്ദാമൃതരസാസ്വാദനാസക്തിയോടുകൂടി ബ്രഹ്മത്തിൽത്തന്നെ ക്രീഡിച്ചു ജീവന്മുക്തരാകുവിൻ!.”

## ശുകന്റെ സമാധിയും, ആകാശഗമനവും.

ഈദൃശങ്ങളായ ആശയങ്ങളോടുകൂടി അദ്ദേഹം പിന്നെയും വടക്കോട്ടു നടന്നു വിജനവും, രമണീയവുമായ ഒരു പ്രദേശത്തിൽ ചെന്നെത്തി. അദ്ദേഹം വളരെക്കാലം നിർവ്വികല്പസമാധിസ്ഥിതനായി കഴിച്ചുകൂട്ടി. സമാധിയിൽനിന്നുണർന്ന് ഉടൻതന്നെ അദ്ദേഹം കൈലാസാചലത്തിന്റെ അത്യുന്നതശിഖരത്തിൽ കയറി. അവിടെനിന്നും ആകാശമാർഗ്ഗത്തിലേക്കുയർന്നു. അദ്ദേഹം വിയന്മണ്ഡലമദ്ധ്യത്തിൽക്കൂടി അതിവേഗത്തിൽ സഞ്ചരിച്ചു. ശുകമഹർഷിയുടെ ആകാശസഞ്ചാരംകണ്ട് ലോകവാസികൾ അത്ഭുതപരതന്ത്രന്മാരായി. വായുവേഗത്തോടും, മനോവേഗത്തോടുംകൂടി നഭോവീഥിയിൽ സ്വൈരസഞ്ചാരം ചെയ്തപ്പോൾ സകല ചരാചരങ്ങളും അദ്ദേഹത്തിനു നയനഗോചരമായി. സർവ്വത്ര ബ്രഹ്മദർശിയായ ശുകർ നാലുപാടും ഒന്നു കണ്ണോടിച്ചപ്പോൾ സ്ഥാവരജംഗമങ്ങളെല്ലാം ആനന്ദബാഷ്പം നിറയുന്ന കണ്ണുകൾകൊണ്ടുതന്നെ നോക്കിയതായും, അവരെല്ലാം ഹൃദയപൂർവ്വം തനിക്കു സ്വാഗതം പറ

ങ്ങളെന്നായും അദ്ദേഹത്തിനു തോന്നി. ദേവന്മാർ പുഷ്പവൃഷ്ടി ചെയ്യുകയും, കിന്നരന്മാർ സംഗീതം മുഴക്കുകയും ചെയ്തു. സ്വർവ്വാരനാരികൾ നൃത്തം ചെയ്തു. അനേകായിരം നയനങ്ങൾ അന്തരീക്ഷത്തെ അഭിമുഖീകരിച്ചു. "നമ്മെയെല്ലാം ആനന്ദാബ്ധിയിൽ മുക്കിക്കൊണ്ടു ആകാശമാർഗ്ഗത്തിൽക്കൂടി പോകുന്ന ഈ മഹാപുരുഷൻ ആരാണ്" എന്നു പലരും പരസ്പരം മന്ത്രിച്ചു തുടങ്ങി. അസംഖ്യം ആദിത്യന്മാർ ഒന്നിച്ചുദിച്ചാലുണ്ടാകുന്ന പ്രകാശം സർവ്വത്ര വ്യാപിച്ചു. അതിഗംഭീരമായ ശബ്ദങ്ങളും ഇടയ്ക്കിടെ കേട്ടുകൊണ്ടിരുന്നു. 'ശുകർ കുറേക്കൂടി മേല്പോട്ടുയർന്നു. അപ്പോൾ, അദ്ദേഹം ആകാശമണ്ഡലം മുഴുവൻ വ്യാപിച്ചിരിക്കുന്നതായി കാണികൾക്കു തോന്നി. സ്വർല്ലോകമല്ലാക്ഷിമാരെല്ലാം അത്ഭുതാനന്ദപരവശകളായി. അതിശയരസ്ത്രീയാൽ വികസിതമായ നയനനീലോല്പലമാല അവർ അദ്ദേഹത്തിനു കാഴ്ചവെച്ചു. അവർ തങ്ങളുടെ ഹൃദയകുസുമങ്ങളറുത്തു അദ്ദേഹത്തിനു അർച്ചനചെയ്തു. മഹർഷിമാരുടെ വൈരാഗ്യധനത്തെ അളന്നു തിട്ടപ്പെടുത്തിയിട്ടുള്ള ആ അളിവേണികൾക്കു ശുകന്റെ വിരക്തിയുടെ പരപ്പുകണ്ട് "അമ്പരപ്പു"ണ്ടായി. ബന്ധതന്തുക്കളേയും, ആശാപാശങ്ങളേയും അറുത്തുകളഞ്ഞു ബ്രഹ്മചിന്തൈകപരനായി കാലയാപനം ചെയ്യുന്ന ശുകരുടെ മാഹാത്മ്യം അപരിച്ഛേദ്യമാണെന്നു അവർ അറിഞ്ഞിരുന്നു. തങ്ങളുടെ നിരീക്ഷണപരീക്ഷണങ്ങൾക്കതീതനായി സ്ഥിതിചെയ്യുന്ന ശുകരെ അവർണ്ണനീയമായ ഭക്തിബഹുമാനങ്ങളോടുകൂടിയത്രേ അവർ അനുസ്മരിച്ചിരുന്നത്.

അശരീരി.

മഹർഷിവര്യൻ മറ്റൊരു ശിഖരത്തിലേക്കു ചെന്നു. അദ്ദേഹം യാത്ര ചെയ്യുമ്പോഴെല്ലാം "ഇതാവരുന്നു" എന്നൊരു ശബ്ദവും അത്യുച്ചത്തിൽ മുഴങ്ങിക്കൊണ്ടിരുന്നു. ആ ഗംഭീരധ്വനി എവിടെനിന്നു പുറപ്പെടുന്നുവെന്നോ, അതിന്റെ ആന്തരാർത്ഥം എന്താണെന്നോ ആർക്കും നിശ്ചയമില്ലായിരുന്നു. മധുര

MUL
091645

വും, ശക്തവുമായ ആ സ്വരം സകലരേയും ആകൎഷിച്ചു. കാമകോമളനായ ഈ യുവസുഭഗനെ നിവൃത്തിമാൎഗ്ഗത്തിലേക്കു ആനയിപ്പിച്ചവൻ ആരായിരുന്നാലും അവൻ മഹാപാപി തന്നെ എന്നു കഥയില്ലാതെ ജല്പിച്ചു നെടുവീൎപ്പിടുന്ന ചില ചപലകളായ അബലകളും ആ മലയുടെ താഴ്വരയിൽ വിഹരിക്കുന്നുണ്ടായിരുന്നു. ത്രൈലോക്യമോഹിനികളായ ഉൎവ്വശിയും മേനകയും ആ മലയുടെ ഒരു ഭാഗത്തുള്ള ഉദ്യാനത്തിൽ ക്രീഡിച്ചുകൊണ്ടിരുന്നു. തങ്ങളുടെ ക്രീഡാതടാകത്തിന്റെ മുകൾഭാഗത്തുകൂടി യാത്ര ചെയ്യുന്ന ശുകരെക്കണ്ടു ഭക്തിവിനയാവനത വദനകളായ അവർ തൊഴുകയ്യുമായി നില്പായി. വ്യാസഭഗവാൻ ഒരവസരത്തിൽ തങ്ങൾക്കഭിമുഖമായി വരുന്നതുകണ്ടു ലജ്ജിച്ച്, കരയിൽ അഴിച്ചുവെച്ചിരുന്ന ഉടയാടയെടുത്ത് അരയിൽ ചുററിയ അവരിൽ ആ സമയം മലിനമായ യാതൊരുവികാരവും അങ്കുരിച്ചില്ല. അവരുടെ മോഹനനയനങ്ങളിൽ നിൎദ്ദോഷമായ വിനയവും, ഭക്തിയും കളിയാടിക്കൊണ്ടിരുന്നു. അവർ മഹൎഷിയെ സ്വകൃതമായ സ്തോത്രങ്ങളാൽ വാഴ്ത്തിസ്തുതിച്ചു. ശുകർ ഇപ്രകാരം അരുളിച്ചെയ്തു:—പിതാവ് എന്നെ അന്വേഷിച്ചു ഈ വഴിതന്നെ വന്നേക്കും. അപത്യവാത്സല്യത്താൽ വിവശനായ അദ്ദേഹം എന്റെ പേർ ചൊല്ലി വിളിക്കുമ്പോൾ നിങ്ങൾ മറുപടിപറഞ്ഞു് ആദ്ദേഹത്തെ സമാശ്വസിപ്പിക്കണം. എന്റെ ഈ അഭീഷ്ടത്തെ നിങ്ങൾ നിറവേററുക. അദ്ദേഹം പറഞ്ഞുനിറുത്തിയപ്പോൾ "അല്ലയോ ഉത്തമനായ മഹാമുനേ! അങ്ങയുടെ കല്പനപോലെ ചെയ്തുകൊള്ളാം" എന്നുള്ള അശരീരിവാക്ക് എട്ടുദിക്കുകളിൽ നിന്നും പുറപ്പെട്ടു. സകല ചരാചരങ്ങളും ആ പ്രതിധ്വനിയെ ഏററുചൊല്ലി.

### ശുകന്റെ ആത്മഗതം.

ശുകർ അവിടെനിന്നും ഹിമവാന്റെ പശ്ചിമഭാഗത്തേക്കു പോയി. പ്രകൃതിദേവിയുടെ താണ്ഡവമണ്ഡപമായ ആ

പ്രദേശത്തിന്റെ രാമണീയകതകണ്ടു് അദ്ദേഹം ഇപ്രകാരം ആത്മഗതംചെയ്തു:— അകൃത്രിമസുഷമാസംപൂരിതമായ ഈ വൃക്ഷതോപാന്തത്തിലെ പ്രശാന്തപാവനമായ വിലാസവൈചിത്ര്യങ്ങൾ ആഡംബരനിബിഡമായ അന്തഃപുരത്തിലെ ആടോപകുടിലമായ മോടിപ്പകിട്ടുകളേക്കാൾ എത്ര ഹൃദയാവർജ്ജകമായിരിക്കുന്നു. പ്രകൃതിഭഗവതിയുടെ ഉത്സംഗത്തിലിരുന്ന സോത്സാഹം വിഹരിക്കുവാനും, ആ വന്ദ്യവരേണ്യയുടെ സ്തന്യപീയൂഷം പാനംചെയ്വാനും എതൊരുവനാണോ സംഗതിവരുന്നതു അവൻ അതിഭാഗ്യവാനാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. പ്രകൃതിവിഭൂതികൾ കണ്ടാനന്ദിക്കുന്നവൻ എത്ര സുകൃതിയാണു്? പ്രകൃതിയെന്ന മഹാഗ്രന്ഥത്തെ പാരായണംചെയ്തു പരമാനന്ദമടയുന്ന പണ്ഡിതൻ എത്ര ധന്യനാണു്? പ്രകൃതിനിഷിദ്ധങ്ങളായ ആഹാരവിഹാരാദികൾക്കുവേണ്ടി ജീവിതതരുവിന്റെ നാരായവേരിന്മേൽ മുറിവേല്പിക്കുന്നവൻ എത്ര മഹാപാപിയാണു്? ജീവിതമഞ്ജരിയെ പ്രഫുല്ലമാക്കുവാനുള്ള എല്ലാ ആനുകൂല്യങ്ങളും പ്രകൃതിമാതാവു ചെയ്തിരിക്കെ വികൃതവും, കൃത്രിമവും, ദുരിതപൂരിതവുമായ രീതിയിൽ കാലയാപനം ചെയ്യുന്നവൻ എത്ര മഹാദുഷ്ടനാണു? ധൎമ്മപഥത്തിൽകൂടി പ്രയാണം ചെയ്യുന്നവരെ സസന്തോഷം സല്ക്കരിക്കുന്ന ആ ഉദാരചാരിധിയായ വീരമാതാവിനെ കൈവെടിഞ്ഞു് 'ഉദരപൂരണത്തിനുവേണ്ടി' കണ്ടവരുടെ കാലുപിടിച്ചു നാലുദിക്കിലും അലഞ്ഞുതിരിഞ്ഞു നടന്നിട്ടും സ്വതന്ത്രനാണെന്നു ഭാവിക്കുന്ന മനുഷ്യൻ എത്ര നിന്ദ്യനാണു്? പ്രകൃത്യനുസരണമായ ജീവിതം നയിക്കുന്നവൻ എത്ര അനൎഘമായ ആനന്ദവും, സ്വാതന്ത്ര്യവും അനുഭവിക്കുന്നു. വിശേഷബുദ്ധിയില്ലാത്തവയെന്നു മനുഷ്യർ സങ്കല്പിച്ചിട്ടുള്ള പക്ഷിമൃഗാദി തിൎയ്യക്ക ജന്തുക്കൾ പ്രകൃതിമാതാവിന്റെ തിരുമാൎത്തട്ടിൽ കിടന്നു എത്ര സ്വൈരമായി വിഹരിക്കുന്നു. അവക്കു സേവയില്ല, ശുപാൎശയില്ല, വീടില്ല, നിലമില്ല, കൃഷിയില്ല, ധനമില്ല. എന്നാൽ അവ വിവേകബുദ്ധിയുണ്ടെന്നു സ്വയം അ

ഭിമാനിക്കുന്ന മനുഷ്യരേക്കാൾ എത്ര ഉല്ലാസപ്രദമായിട്ടാണ് കഴിച്ചുകൂട്ടുന്നതു്? ക്ഷാമവും, ദാരിദ്ര്യവും ഒരുകാലത്തും അവയെ സ്പൃശിക്കുന്നില്ലല്ലോ. അരിഷ്ടഭൂയിഷ്ഠമായ ജീവിതം നയിക്കുന്ന മനുഷ്യർക്കു് എത്ര മഹത്തരമായ സന്ദേശമാണു് ആ തിര്യക്കുകൾ നൾകുന്നതു്? എത്ര വിശിഷ്ടങ്ങളായ പാഠങ്ങളാണു് അവ മനുഷ്യരെ പഠിപ്പിക്കുന്നതു്? സ്വാതന്ത്ര്യേച്ഛുക്കളും, ആനന്ദകാംക്ഷികളും പ്രകൃതിമാതാവിൻെറ കാലടികളെ പിന്തുടരുവിൻ! നിങ്ങൾക്കാവശ്യമുള്ളതെല്ലാം ആ ദേവി തരും. നിങ്ങളുടെ കുററങ്ങളും, കുറവുകളും അവൾ പരിഹരിച്ചുകൊള്ളും. ആ സ്നേഹമഹാംബുധിയുടെ കല്ലോലചലനങ്ങളിൽ നിങ്ങളുടെ ഹൃദയം തത്തിക്കളിക്കട്ടെ. നിങ്ങൾ ഒന്നുംകൊണ്ടും ഭയപ്പെടേണ്ട. കന്ദപുഷ്പഫലദലങ്ങളെ വഹിച്ചുകൊണ്ടു പരന്മാരെ പരിരക്ഷിക്കുവാനൊരുങ്ങി തലയുയർത്തി ചരിതാർത്ഥരായിനില്ക്കുന്ന പാദപപ്രവരന്മാർ നിങ്ങൾക്കു് ആഹാരം തരാതിരിക്കുമോ? കായ്കൾ തൻകനംകൊണ്ടു നമ്രമൌലികളായി ലോകോപകാരോന്മേഷാൽ ചാഞ്ചാടി നില്ക്കുന്ന മരങ്ങൾ വരിവരിയായി നിരന്നു നില്ക്കുമ്പോൾ ഭക്ഷണവിഷയത്തിൽ ഇത്ര അക്ഷമ പ്രദർശിപ്പിക്കേണ്ട ആവശ്യമെന്താണു്? നിർമ്മലജലം നിറച്ചു ചരാചരങ്ങളെ സന്തർപ്പണം ചെയ്യാനായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന നദികൾ നിങ്ങളെ ഉപേക്ഷിക്കുമോ? ശീതവാതാതപാദികളേൽക്കാതെ ഏതൊരു ജീവിയേയും തങ്ങളുടെ വദനകുഹരത്തിനകത്തു കിടത്തുന്ന പർവ്വതരാജന്മാർ നിങ്ങൾക്കു 'കിടപ്പിടം' നൾകാതിരിക്കുമോ? നീണ്ടുതടിച്ച കൈകളും, വേണ്ടുവോളം മരവിരിയുമുള്ളപ്പോൾ മുണ്ടുകളില്ലെന്നുള്ള പരാതിക്കവകാശമുണ്ടോ? വിശാലമായ ഭൂതലം ഹംസതൂലശയ്യയേക്കാൾ എത്ര സുഖകരമാണു്? പട്ടുമെത്തയേക്കാൾ പാറപ്പുറം എത്രയോ അഭിലഷണീയമാണു്? പള്ളിമേടയേക്കാൾ പുല്ലുമാടം എത്ര പരമാനന്ദപ്രദമാണു്? പട്ടണപ്രാസാദത്തേക്കാൾ "പാഴ്ക്കാടും കാന്താരങ്ങൾ" എത്ര ബന്ധുരതരങ്ങളാണു്? അയത്നസിദ്ധങ്ങളായ സാധനസാമഗ്രികൾ ധാരാളമുള്ളപ്പോൾ പ്രയത്നല

ങ്ങളായ സാധനങ്ങൾക്കുവേണ്ടി ആജീവാന്തം അസുഖമനുഭവിക്കുന്നതെന്തിനാണ്? പ്രയാസലേശംകൂടാതെ കരഗതമാകുന്ന താദൃശങ്ങളായ ജീവിതസാമഗ്രികളെ സാദരം സ്വീകച്ചു സംതൃപ്തമതികളായി ഭഗവൽഭജനംചെയ്തു പരമാനന്ദമടയാമെന്നിരിക്കെ ദുർമ്മദാന്ധന്മാരായ ദുഷ്പ്രഭുക്കന്മാരെ ആശ്രയിച്ചു പാപത്തെ ആർജ്ജിക്കുന്നതെന്തിനാണ്?

ശുകരുടെ ബ്രഹ്മൈക്യം.

ശുകർ പിന്നെയും വടക്കോട്ടുതന്നെ നടന്നു. കനകരജതങ്ങളുടെ കാന്തിയെ അധഃകരിക്കുന്ന രണ്ടു ശിഖരങ്ങൾ രണ്ടുഭാഗത്തായി പ്രോജ്ജ്വലിക്കുന്നതു അദ്ദേഹം കണ്ടു. ഓരോന്നും നൂറു യോജന ഉയരവും, അത്രതന്നെ അകലവുമുള്ളതായിരുന്നു. അദ്ദേഹം ആ സുവർണ്ണശിഖരത്തിനുനേരെ ചെന്നു. ബ്രഹ്മാണ്ഡമണ്ഡലം മുഴുവൻ ഒന്നിച്ചുതകർന്നപോലുള്ള ഒരു ശബ്ദവും തൽക്ഷണം കേൾക്കാറായി. ശുകമഹർഷിയെ താങ്ങാൻ ശക്തിയില്ലാതെ ശിഖരങ്ങൾ പിളർന്നു. അത്യുന്നതങ്ങളായ ആ കൊടുമുടികൾ നൂറായിരമായി നുറുങ്ങി. സൂര്യപ്രകാശം മങ്ങി. കുലാചലങ്ങൾ കുലുങ്ങി. അഷ്ടദിഗ്ഗജങ്ങൾ നടുങ്ങി. സപ്തസാഗരങ്ങൾ കലങ്ങി. എട്ടു ദിക്കും പൊട്ടുമാറുള്ള അട്ടഹാസധ്വനികേട്ടു വിഷ്ണുഭഗവാൻ യോഗനിദ്രയിൽനിന്നു ഞെട്ടെന്നുണർന്നു. ഗരുഡനെ അരികിൽവിളിച്ചു. ഹംസവാഹനൻ ധ്യാനംനിറുത്തി. കാലകാലൻ കാളപ്പുറത്തുകയറി. ദേവേന്ദ്രൻ ഐരാവതാരൂഢനായി. ബ്രഹ്മനിശ്ചലധ്യാനലീനന്മാരായ മഹാമുനിമാരെല്ലാവരും, ഗന്ധർവ്വകിന്നരചാരണഗുഹ്യകകിംപുരുഷാദികളും യാത്രതുടങ്ങി.

എല്ലാവരും മഹാമേരുവിലെത്തി. കനകരജതാദ്രികളുടെ സമ്മേളനസ്ഥാനത്തിൽ സകലരും നിരന്നു. എന്നാൽ ശുകമഹർഷിയെവിടെ? വൈരാഗ്യവാരിധിയും, സമ്യഗ്ജ്ഞാനിയുമായ ആ ബ്രഹ്മവിത്തു സ്ഥിതപ്രജ്ഞനായ ആ നിശ്ചലജ്ഞാനി-ആത്മശുദ്ധനായ ആ നിത്യബ്രഹ്മചാരി-പ്രലോഭനങ്ങളു

ടെ മദ്ധ്യത്തിൽ സ്ഥിതിചെയ്തിട്ടും നിസ്സംഗനായിരുന്ന ശ്രീ ശുകബ്രഹ്മർഷി ബ്രഹ്മത്തിൽ ലയിച്ചു.

ശുകന്റെ ബ്രഹ്മനിർവ്വാണവൃത്താന്തമറിഞ്ഞു പരമതപോനിധിയായ പരാശരാത്മജൻ 'പൈതലെ വിട്ടുപിരിഞ്ഞ പശു'വെപ്പോലെ ശോകവ്യാകുലമായ ഹൃദയത്തോടുകൂടി പുത്രാ പുത്രാ എന്നിങ്ങനെ ശിലയുമലിയും മട്ടു, വിളിച്ചുകരഞ്ഞു ആ പർവ്വതോപാന്തങ്ങളിലെല്ലാം അലഞ്ഞുനടന്നു. അഖില ചരാചരങ്ങളുടേയും അന്തരാത്മാവായ ആ പ്രേമസ്വരൂപനെ തിരഞ്ഞു സർവ്വജ്ഞനായ വ്യാസഭഗവാൻ വെറും പ്രാകൃതനെപ്പോലെ കരഞ്ഞും ചേടിച്ചും എന്തുചെയ്യേണ്ടുവെന്നറിയാതെ ഭൂമിയിൽ വീണുകിടന്നുരുണ്ടു. "ശുകാ ശുകാ" എന്നിങ്ങനെ അദ്ദേഹം പ്രണവംപോലെ അനേകായിരം തവണ ഉച്ചരിച്ചപ്പോൾ ചരാചരങ്ങൾ ഒത്തൊരുമിച്ചു വിളികേട്ടു. തന്മയതയാൽ സർവ്വത്തിലും ഒന്നുപോലെ വ്യാപിച്ച ശുകൻ സ്ഥാവരജംഗമങ്ങളിലിരുന്നു ആനന്ദപുളകിതനായി വിളികേട്ടത് വിരഹകാതരനായ ആ പരമഭാഗ്യവാന്റെ ചെവിട്ടിൽ തട്ടിയിട്ടും അദ്ദേഹം സംതൃപ്തനായില്ല. വിഷാദദാസനായ ആ വേദവ്യാസന്റെ മുമ്പിൽ പരമശിവൻ ആവിർഭവിച്ചു. ഹേ വ്യാസാ— അനാര്യജുഷ്ടവും അകീർത്തികരവുമായ ഈ ദീനഭാവം മഹാതേജസ്വിയായ നിനക്കു ചേർന്നതല്ല. ബ്രഹ്മജ്ഞ! മലമൂത്രഭാജനമായ ശരീരത്തെപ്പററിയുള്ള അഭിമാനം കൈവെടിയുക. സകല ചരാചരാത്മകനായ പുത്രൻ ഇത്രിലോകത്തിൽ നിനക്കല്ലാതെ മററാർക്കുണ്ടായിട്ടുണ്ട്. ആ സർവ്വഭൂതഹൃദയന്റെ പിതാവായ നീ പ്രാകൃതനെപ്പോലെ ശോചിക്കുകയോ? സാക്ഷാൽ മഹായോഗികൾക്കുംകൂടി ദുർല്ലഭമായ പരമപദം അവൻ പ്രാപിച്ചിരിക്കുന്നു. ഹേ മഹാഭാഗ, അതറിഞ്ഞു നീ ശാന്തനാകുക എന്നരുളിചെയ്തതിനെ വ്യാസൻ കേട്ട് ജഗൽപതേ, എന്റെ പുത്രനെക്കണ്ട് കണ്ണുകൾ ഇനിയും തൃപ്തിയടഞ്ഞിട്ടില്ല. അവന്റെ മുഖചന്ദ്രനെ കണ്ടുകൊണ്ടിരിക്കാൻ എനിക്കാഗ്രഹമുണ്ട് എന്നു സാദരം ഉണർത്തിച്ചു.

സാന്ദ്രകരുണാനിധിയായ ചന്ദ്രചൂഡൻ വ്യാസന്റെ അപേക്ഷയെ കൈക്കൊണ്ടു "നിന്റെ പുത്രന്റെ പ്രതിബിംബം എപ്പോഴും നിനക്കു കാണുവാൻ കഴിയട്ടെ" എന്നനുഗ്രഹിച്ചു അന്തർദ്ധാനം ചെയ്തു. പരമാനന്ദ തുന്ദിലനായ വ്യാസമഹാമുനി ശുക, ശുക, എന്നിങ്ങനെ അവിടെയെവിടേയും ശ്രവണമധുരമായി മുഴങ്ങിക്കൊണ്ടിരുന്ന മൗനസംഗീതത്തെ മതിനിറയെ ആസ്വാദിച്ചുംകൊണ്ടു ആശ്രമത്തിലേക്കു തിരിക്കുകയും ചെയ്തു.

"യം പ്രവ്രജന്തമനുപേതമപേതകൃത്യം
ദ്വൈപായനോ വിരഹകാതര ആജുഹാവ
പുത്രേതി തന്മയതയാ തരവോഭിനേദു-
സ്തം സർവ്വഭൂതഹൃദയം മുനിമാനതോസ്മി"

ശുഭം.

## സരസ്വതീവിലാസം പുസ്തകശാല
## തൃശ്ശിവപേരൂർ.

1. ശ്രീകൃഷ്ണലീലകൾ. വില ക. 1 0 0

ശ്രീകൃഷ്ണഭഗവാന്റെ അവതാരം മുതൽ സ്വർഗ്ഗാരോഹണംവരെയുള്ള കഥകൾ മുഴുവനും, കുട്ടിവായിക്കാറായ കൊച്ചുകുട്ടികൾക്കുകൂടി മനസ്സിലാകത്തക്കവണ്ണം വളരെ ലളിതമലയാളത്തിൽ എഴുതിയിരിക്കുന്നു. ഒന്നാംപതിപ്പിനേക്കാൾ ചില ഭാഗങ്ങൾ കൂടി കൂട്ടിച്ചേർത്തു പരിഷ്കരിച്ച രണ്ടാംപതിപ്പാണിത്.

2. ഹരിശ്ചന്ദ്രൻ. വില ക. 0 9 0

സത്യം എന്ന ധർമ്മത്തിന്നു മററുള്ള സർവ്വ ധർമ്മങ്ങളേക്കാൾ ഉൽക്കർഷാധിക്യമുണ്ടെന്നുള്ള സംഗതിയാണ് ഹരിശ്ചന്ദ്രന്റെ കഥയിൽനിന്നും പഠിക്കുവാനുള്ളതു. വിശ്വാമിത്രരുടെ മായാപ്രയോഗങ്ങൾ നിമിത്തം ദുസ്സഹങ്ങളായ നിരവധി ദുഃഖങ്ങൾ ഹരിശ്ചന്ദ്രൻ അനുഭവിച്ചതു സത്യധർമ്മത്തിന്റെ രക്ഷക്കുവേണ്ടിയാണ്. ആ ദുഃഖാനുഭവങ്ങൾകൊണ്ടു അദ്ദേഹത്തിന്നു അവസാനത്തിൽ പൂർവ്വാധികമായ ഈശ്വരപ്രീതിയും സുഖവും മാന്യപദവിയും സിദ്ധിക്കുകയും ചെയ്തു. എന്താപത്തുകൾ വന്നാലും സത്യത്തെ കൈവിടരുതെന്ന ഈ കഥ വളരെ ലളിതമലയാളത്തിൽ എഴുതിയിരിക്കുന്നു.

3. പ്രഹ്ലാദൻ. വില ക. 0 8 0

പൌരസ്ത്യലോകം പാശ്ചാത്യാഡംബരപ്പകിട്ടിൽ അല്പമൊന്നു വിസ്മരിച്ചുപോയതും ഇപ്പോൾ വീണ്ടും ആരാഞ്ഞുതുടങ്ങിയിട്ടുള്ളതുമായ ഭാരതീയാദർശം—അതായത്, ആത്മത്യാഗത്തോടുകൂടിയ പരമഭക്തിയും, കർത്തവ്യസ്ഥൈര്യവും, ക്ലേശസഹിഷ്ണുതയും—തന്നെയാണ് ഈ നിഷ്കളങ്കാശയനായ പ്രഹ്ലാദനിൽനിന്നും പഠിക്കുവാനുള്ളത്.

4. ധ്രുവൻ. 0—6—0

ഉത്താനപാദമഹാരാജാവിന്റെ പുത്രനും ശിശുപ്രായത്തെ അതിക്രമിച്ചിട്ടില്ലാത്തവനുമായ ഭഗവൽഭക്തശിരോമണിയായ ധ്രുവൻ പിതാവിന്റെ ലാളനകളനുഭവിക്കുവാൻ സാധിക്കാത്തതുമൂലം വിരക്തനായി കാട്ടിലേക്കു പോയി വിഷ്ണുഭഗവാനെ തപസ്സുചെയ്തു പ്രത്യക്ഷമാക്കിയതും മററും ഇതിൽ രസകരമാകുംവണ്ണം വർണ്ണിച്ചിരിക്കുന്നു.

മാനേജർ,

സരസ്വതീവിലാസം പുസ്തകശാല, തൃശ്ശിവപേരൂർ.

21 NOV 1953